# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 ജനുവരി 23, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--389]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 1 മുതൽ 154 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 155 മുതൽ 264 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 265 മുതൽ 301 വരെ |
| തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 302 മുതൽ 389 വരെ |

**<u>പേരാമ്പ്ര മണ്ഡലത്തിൽ നവകേരള സദസ്സിന്റെ ഭാഗമായി പ്രഖ്യാപിച്ച പ്രപ്പോസലുകൾ</u>**

1 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി പേരാമ്പ്ര മണ്ഡലത്തിൽ പ്രഖ്യാപിച്ച ഏഴ് കോടി രൂപയ്ക്ക് എന്തൊക്കെ പ്രപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രപ്പോസലുകൾക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകേണ്ടത് ഏത് വിഭാഗമാണെന്നും ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

**<u>നവകേരള സദസ്സിൽ ലഭിച്ച പരാതികളുടെ സ്ഥിതി</u>**

2 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ ഓരോ ജില്ലയിലും എത്ര പരാതികളാണ് ലഭിച്ചത്; ഓരോ ജില്ലയിലും എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; ഇനി എത്ര പരാതികൾ തീർപ്പാക്കാൻ ബാക്കിയുണ്ട്; വിവിധ വകുപ്പുകൾ തിരിച്ചും ജില്ല തിരിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) നവകേരള സദസ്സിൽ മങ്കട നിയോജകമണ്ഡലത്തിൽ നിന്നും എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; ഇനി എത്ര പരാതികൾ തീർപ്പാക്കാൻ ബാക്കിയുണ്ട്; വിവിധ വകുപ്പുകൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) നവകേരള സദസ്സ് ലക്ഷ്യം കൈവരിച്ചെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ പരാജയപ്പെടാനിടയാക്കിയ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## നവകേരള സദസ്സിന്റെ ഭാഗമായി പട്ടാമ്പിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

3 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി എല്ലാ നിയോജക മണ്ഡലങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നവകേരള സദസ്സിന്റെ ഭാഗമായി പട്ടാമ്പി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ, പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ;

(സി) ഓരോ പദ്ധതിയ്ക്കും എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

## പി.എസ്.സി. പരീക്ഷാ നടത്തിപ്പ്

4 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷകളിലെ തട്ടിപ്പും ക്രമക്കേടും തടയുന്നതിന് സംസ്ഥാന ക്രൈംബ്രാഞ്ച് എന്തെങ്കിലും ശിപാർശകളോ, നിർദേശങ്ങളോ സമർപ്പിച്ചിരുന്നോ; വിശദാംശം അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സർക്കാർ/പി.എസ്.സി. തലത്തിൽ സ്വീകരിച്ചതെന്നും ഏതെല്ലാം ശിപാർശകളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിയതെന്നും അറിയിക്കാമോ; ;

(സി) എഴുത്ത് പരീക്ഷയും, അഭിമുഖ പരീക്ഷയും കഴിഞ്ഞിട്ടും ഇനിയും പ്രസിദ്ധീകരിക്കാത്ത പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ വിശദാംശവും ഇതിന്റെ കാരണവും വ്യക്തമാക്കാമോ?

## നിയനം പി.എസ്.സി. ക്ക് കൈമാറിയ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾ രൂപീകരണം

5 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എതെല്ലാം ബോർഡ്, കോർപ്പറേഷൻ, സ്വയംഭരണസ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി. ക്ക് കൈമാറിയിട്ടുള്ളതെന്ന വിവരം അറിയിക്കാമോ;

(ബി) ഇതിൽ എതെല്ലാം സ്ഥാപനങ്ങളിൽ നിയമനത്തിലുള്ള സ്പെഷ്യൽ റൂളുകൾ രൂപീകരിച്ചിട്ടുണ്ടെന്നും ഇത് പ്രകാരം എത്ര നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തിയെന്നും വിശദമാക്കാമോ;

(സി) ഇനി എതെല്ലാം സ്ഥാപനങ്ങളിലാണ് സ്പെഷ്യൽ റൂളുകൾ രൂപീകരിക്കാനുള്ളതെന്നും പ്രസ്തുത സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾ രൂപീകരണ നടപടിക്രമങ്ങളുടെ

നിലവിലത്തെ അവസ്ഥയും/ഘട്ടവും സംബന്ധിച്ച കൃത്യമായ വിശദാംശങ്ങളും അറിയിക്കാമോ;

(ഡി) നിയമനം പി.എസ്.സി. ക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂൾ സമയബന്ധിതമായി തയ്യാറാക്കുന്നതിൽ വീഴ്ച്ച ഉണ്ടാകുന്നതിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

## സേവനാവകാശനിയമം

6 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമം കേരളത്തിൽ നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ എപ്പോഴാണ് ഈ നിയമം പ്രാബല്യത്തിൽ വന്നതെന്നും വ്യക്തമാക്കാമോ;

(ബി) ഈ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും ആയത് എത്ര ശതമാനം നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നിയമം അനുശാസിക്കുന്ന വിധത്തിൽ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ;വിശദാംശം നൽകാമോ;

(ഡി) സേവനാവകാശ നിയമപ്രകാരം സേവനം ലഭ്യമാക്കിയില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എടുക്കാവുന്ന ശിക്ഷാ നടപടികൾ എന്തെല്ലാമാണെന്നും നിയമം നിലവിൽ വന്നതിനുശേഷം ഇത്തരം ശിക്ഷാ നടപടികൾക്ക് വിധേയരായ ഉദ്യോഗസ്ഥരുടെ പേരുവിവരവും ഓഫീസും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) സേവനാവകാശ നിയമം നിലവിൽ വന്നതിനുശേഷം നിയമം പറയുന്നതുപോലെ സേവനം ലഭ്യമാക്കാത്തതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ടെന്ന് ഓഫീസും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) സേവനാവകാശ നിയമപ്രകാരം യഥാസമയത്ത് സേവനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## പി.എസ്.സി. പരീക്ഷകളിലെ ചോദ്യങ്ങളിൽ ന്യൂനത കടന്നുകൂടുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി

7 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചോദ്യങ്ങളിലെ ന്യൂനത കാരണമോ മറ്റേതെങ്കിലും കാരണങ്ങളാലോ കേരള പി.എസ്.സി. 2024-ൽ നടത്തിയ ഏതൊക്കെ പരീക്ഷകളിൽ എത്ര ചോദ്യങ്ങൾ വീതം അന്തിമ ഉത്തരസൂചികകളിൽ ഒഴിവാക്കേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; 2024-ൽ കേരള പി.എസ്.സി. നടത്തിയ പരീക്ഷകളിൽ ചോദ്യങ്ങൾ ഒഴിവാക്കപ്പെട്ട പരീക്ഷകളും ഓരോ പരീക്ഷയിലും ഒഴിവാക്കപ്പെട്ട ചോദ്യങ്ങളുടെ എണ്ണവും സംബന്ധിച്ച വിശദവിവരം തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം കാരണങ്ങളാലാണ് പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെ അന്തിമ ഉത്തരസൂചികകൾ പ്രസിദ്ധീകരിക്കപ്പെടുമ്പോൾ ചോദ്യങ്ങൾ

ഒഴിവാക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പി.എസ്.സി. നടത്തുന്ന പരീക്ഷകളിലെ അന്തിമ ഉത്തരസൂചികയിൽ ഒഴിവാക്കപ്പെട്ടത് എന്ന് കാണിക്കുന്ന ചോദ്യങ്ങൾ ഒഴിവാക്കിയാണോ മൂല്യനിർണയം പൂർത്തിയാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഒഴിവാക്കപ്പെട്ട ചോദ്യങ്ങളുടെ മാർക്ക് ഒഴിവാക്കിയ ശേഷം ബാക്കിയുള്ള ചോദ്യങ്ങളുടെ മാർക്ക് അടിസ്ഥാനമാക്കിയാണോ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ; ആയതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ;

(ഡി) പി.എസ്.സി. നടത്തുന്ന തൊണ്ണൂറ് ശതമാനം പരീക്ഷകളിലും അഞ്ച് ശതമാനത്തോളം ചോദ്യങ്ങൾ ഉദ്യോഗാർത്ഥികളുടെ ആത്മവിശ്വാസം തകർക്കുന്നവിധം ഒഴിവാക്കപ്പെടേണ്ടിവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച സാഹചര്യം ചെയ്യേണ്ടിഉണ്ടാകുന്നത് പരിശോധിച്ച് പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്ക് ന്യൂനതയില്ലാത്ത ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ആയത് വ്യക്തമാക്കാമോ?

## <u>ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായിള്ള ശ്രീമതി ജിഷ കെ.എം ന്റെ അപേക്ഷയിന്മേൽ നടപടി</u>

8 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് അപകടങ്ങൾ ഉൾപ്പെടെ മറ്റ് അപകടങ്ങളിൽ പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നുണ്ടോ; ധനസഹായം കിട്ടുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അങ്കമാലി മണ്ഡലത്തിൽ, കാലടി മാണിക്കമംഗലം തോട്ടകം കരയിൽ മടുക്കങ്കൽ വീട്ടിൽ പരേതനായ ഷിബുവിന്റെ ഭാര്യ ശ്രീമതി ജിഷ കെ.എം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ലഭിക്കുന്ന ധനസഹായത്തിനുള്ള അപേക്ഷ നൽകുന്നതിൽ വന്ന കാലതാമസം മാപ്പാക്കാൻ കാര്യകാരണ സഹിതം നൽകിയ അപേക്ഷയിൽ അനുകൂല ഉത്തരവ് നൽകുന്നതിന് മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ;

(സി) രണ്ട് ദുരന്തങ്ങൾ ഒരേ സമയം അഭിമുഖീകരിക്കേണ്ടി വന്ന വീട്ടമ്മയുടെ മാനസിക പ്രയാസവും അനുഭവിച്ച ദുഃഖവും കണക്കിലെടുത്ത് ടി വിഷയത്തിൽ ശ്രീമതി ജിഷ കെ.എം. മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷ പ്രത്യേക കേസായി പരിഗണിച്ച് ഇതിൽ അനുഭാവപൂർവ്വം നടപടി സ്വീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; വിശദാംശം നൽകാമോ?

## <u>ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച പ്രധാന പുരസ്കാരങ്ങൾ.</u>

9 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് ലഭിച്ച പ്രധാന പുരസ്കാരങ്ങൾ ഏതെല്ലാമെന്ന് തരം തിരിച്ച് വിശദമാക്കാമോ?

## ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണം

10 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സ്റ്റേജ് ഒന്നിന് പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചിട്ടുണ്ടെങ്കിലും സ്റ്റേറ്റ് സോഷ്യൽ ഇംപാക്ട് അസ്സെസ്സ്മെന്റ് സമിതിയുടെ അനുമതി ലഭിക്കുന്നതിന് കാലതാമസം വരുന്നുണ്ടെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉന്നതതലത്തിൽ തീരുമാനമെടുക്കുന്നതിനും പദ്ധതി സത്വരമായി ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

## പേഴ്സണൽ സ്റ്റാഫ് പെൻഷൻ

11 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സാംസ്കാരിക, നോർക്ക, പ്ലാനിങ് വകുപ്പ് മന്ത്രി ശ്രീ. കെ. സി. ജോസഫിന്റെ പേഴ്സണൽ അസിസ്റ്റന്റ് ആയി GO(Rt) 9303/2011 GAD ഉത്തരവുപ്രകാരം നിയമിതനായ ശ്രീ. സണ്ണി തോമസ് , പാറക്കൽ വീട്, കളത്തിപ്പടി, വടവാതൂർ, കോട്ടയം , പിൻ-686010 എന്ന വ്യക്തിക്ക് പേഴ്സണൽ സ്റ്റാഫ് പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 18.04.2024ൽ SDO കോഡ് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. സണ്ണി തോമസിന് കത്ത് നൽകിയതിന് ശേഷം പെൻഷൻ അനുവദിക്കുന്നതിനുള്ള PI 38/2020 GAD, SH3/168/21 ഫയലിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## സർക്കാർ ജീവനക്കാർക്കുള്ള ഇ-സർവീസ് ബുക്ക്

12 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും ഇ-സർവീസ് ബുക്ക് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇ-സർവീസ് ബുക്ക് നടപ്പിലാക്കാൻ സാധിക്കാത്ത സർക്കാർ വകുപ്പുകളുടെ വിശദാംശങ്ങൾ നൽകാമോ; ആയതിനുള്ള പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റം

13 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് ടെക്നിക്കൽ വിഭാഗം തസ്തികകളിലേക്ക് തസ്തികമാറ്റം നൽകുന്നതിന് സർക്കാരിന്റെ പൊതു മാനദണ്ഡം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് /സർക്കുലർ /KSR ചട്ടം ലഭ്യമാക്കാമോ;

(ബി) ടെക്നിക്കൽ വിഭാഗം തസ്തികകളിലേക്ക് തസ്തികമാറ്റം തെരഞ്ഞെടുത്ത ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് ടൈപ്പിസ്റ്റ് കേഡറിലെ സ്വാഭാവിക പ്രമോഷനുകൾ (UD ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ) നൽകുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ;

(സി) 24/07/1985 ലെ ജിഒ(പി) 58/85/പിഎൽജി നമ്പർ സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന ടെക്നിക്കൽ കേഡർ തസ്തികയായ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I ലേക്കുള്ള തസ്തികമാറ്റം LD ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ൽ നിന്നാണെന്ന് സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പിലെ 20/02/2009 ലെ ജിഒ(പി)9/2009/പിഎൽജി നമ്പർ സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് നിയമപരമായി നിലനിൽക്കുന്നതാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഹയർ സ്കെയിലിൽ നിന്ന് ലോവർ സ്കെയിലേക്ക് തസ്തിക മാറ്റം അനുവദിക്കുന്നതും, തുല്യ സ്കെയിലിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നതും സർവീസ് ചട്ടങ്ങൾക്ക് അനുസൃതമാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) 07.07.2023- ലെ സ.ഉ.(സാധാ) 285/2023/പി&ഇഎ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് ടെക്നിക്കൽ വിഭാഗം തസ്തികകളിലേക്ക് തസ്തികമാറ്റം തെരഞ്ഞെടുത്ത ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് ടൈപ്പിസ്റ്റ് കേഡറിലെ സ്വാഭാവിക പ്രമോഷനുകൾ (UD ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് , സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ) നൽകുന്നതിന് നിർദ്ദേശം നല്കിയിരിക്കുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ?

## കരാർ/താൽക്കാലിക നിയമനങ്ങൾ

14 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാല് വർഷത്തിനിടയിൽ വിവിധ സർക്കാർ വകുപ്പുകളിലും, കമ്പനി ബോർഡ് കോർപ്പറേഷനുകളിലും, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളിലും, ശാസ്ത്രസാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നടത്തിയിട്ടുള്ള കരാർ / താൽക്കാലിക നിയമനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംവരണ തത്വം പാലിച്ചാണോ പ്രസ്തുത നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാരെയാണ് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്; ഇപ്രകാരം സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാരുടെ വകുപ്പ് / സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ പരിസ്ഥിതി, ശാസ്ത്രസാങ്കേതിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ പി.എസ്.സി /എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ

കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ നടത്തിയിട്ടുള്ള മുഴുവൻ നിയമനങ്ങളുടേയും വിശദാംശം, നിയമന നടപടിക്രമങ്ങളുടെ പകർപ്പുകൾ, തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ യോഗ്യത, അഭിമുഖ/ എഴുത്ത് പരീക്ഷകളുടെ മാർക്ക് എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ ?

**മതാടിസ്ഥാനത്തിൽ വാട്സ്ആപ്പ് ഉണ്ടാക്കിയ സംഭവം**

15 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതാടിസ്ഥാനത്തിൽ വാട്സ്ആപ്പ് ഉണ്ടാക്കിയ സംഭവത്തിൽ സംസ്ഥാനത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥനെതിരെ സർക്കാർ എന്തെങ്കിലും ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടി പിൻവലിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

**സിവിൽ സർവീസ് കാർക്കിടയിലെ മതാടിസ്ഥാനത്തിലുള്ള വാട്സാപ്പ് ഗ്രൂപ്പുകൾ**

16 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും മതാടിസ്ഥാനത്തിൽ വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കാൻ സർവീസ് ചട്ടങ്ങൾ അനുസരിച്ച് സാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും മതാടിസ്ഥാനത്തിൽ വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

**ആശ്രിത നിയമനം ലഭിക്കുന്നതിന് നടപടി**

17 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ പഞ്ചായത്തിൽ കോയിപ്പറമ്പ് വീട്ടിൽ ശ്രീമതി അനിത സാംസൺ തന്റെ ദത്തെടുത്ത കുട്ടിക്ക് സഹകരണ ബാങ്കിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

**കേരളാ പി.എസ്.സിയിൽ അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തുന്നത്**

18 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ 1 മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവരുടെ വിരമിക്കൽ പ്രായം 60 ആക്കിയെങ്കിലും ബന്ധപ്പെട്ട തസ്തികളിലേയ്ക്ക് അപേക്ഷിക്കേണ്ട ഉയർന്ന

പ്രായപരിധി ഇപ്പോഴും 36 വയസ് തന്നെയാണെന്നതിനാൽ പെൻഷൻ പ്രായം ഉയർത്തിയതിന് ആനുപാതികമായി തസ്തികകളിലേയ്ക്ക് അപേക്ഷിക്കേണ്ട പ്രായപരിധി ഉയർത്തുന്ന കാര്യം പരിഗണിക്കാമോ?

## ഐ.എ.എസ്. ഉദ്യോഗസ്ഥർ അഡ്മിനായി വാട്സ്ആപ്പ് ഗ്രൂപ്പുകൾ

19 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്. ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മല്ലു ഹിന്ദു എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഐ.എ.എസ്. ഉദ്യോഗസ്ഥർ അഡ്മിനായി മതാടിസ്ഥാനത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുകയും അത് വിവാദമായതോടെ മറ്റൊരു മതത്തിന്റെ പേരിൽ വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുകയും ചെയ്ത വ്യക്തികൾ ആരൊക്കെയാണെന്ന് കണ്ടെത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് വാട്സ്ആപ്പിന്റെ ഉടമസ്ഥരായ മെറ്റ യുമായി സർക്കാരോ അന്വേഷണ ഉദ്യോഗസ്ഥരോ ഏതെങ്കിലും തരത്തിലുള്ള ആശയ വിനിമയം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## റീബിൽഡ് കേരള പദ്ധതി

20 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും ഏതെല്ലാം പദ്ധതികളാണ് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ;

(ഡി) മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ, വിശദമാക്കാമോ?

## നവകേരള സദസ്സിന്റെ ഭാഗമായുള്ള പദ്ധതികൾ

21 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) നവകേരള സദസ്സിന്റെ ഭാഗമായി ഓരോ മണ്ഡലത്തിലും എത്ര തുകയുടെ വികസന പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(സി) നവകേരള സദസ്സിന്റെ ഭാഗമായി ദേവികുളം മണ്ഡലത്തിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലുകളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

**നവകേരള സദസ്സിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ**

22 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി നടന്ന ചർച്ചകളിൽ ഉയർന്നുവന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വേണ്ടിയുള്ള പദ്ധതി രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഓരോ നിയമസഭാ മണ്ഡലത്തിലും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**നവകേരളസദസ്സിന്റെ ഭാഗമായുള്ള പദ്ധതികൾ**

23 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ നവകേരള സദസ്സിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളും അവയുടെ സ്ഥിതിവിവരവും ലഭ്യമാക്കുമോ?

**ഉടുമ്പൻചോല മണ്ഡലത്തിലെ വികസന പ്രവൃത്തികൾ**

24 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസുമായി ബന്ധപ്പെട്ട് ഉടുമ്പൻചോല മണ്ഡലത്തിലെ വികസന പ്രവൃത്തികൾക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) മണ്ഡലത്തിൽ നടപ്പാക്കേണ്ട വികസന പ്രവൃത്തികൾ സംബന്ധിച്ച നിർദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഈ പ്രവൃത്തികൾ എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**നവകേരള സദസ്സിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രവൃത്തികൾ**

25 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി എല്ലാ മണ്ഡലങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്**

26 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) REPORT OF THE COMMITTEE FOR EVALUATION OF DECENTRALISED PLANNING AND DEVELOPMENT എന്ന പേരിൽ 2009 മാർച്ചിൽ പ്രൊഫസർ എം എ ഉമ്മൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമ്പത്തികസ്ഥിതി വിവരകണക്ക് വകുപ്പിലെ ഉദ്യോഗസ്ഥരെ ഡേറ്റ മാനേജർമാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷനിൽ ഡയറക്ടർ (ട്രെയിനിങ്) എന്ന പേരിൽ തസ്തിക സൃഷ്ടിക്കുവാനും, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ആയി ഐ.എ.എസ്./ഐ.എസ്.എസ്./ ഐ.ഇ.എസ് കേഡറിലെ ഉദ്യോഗസ്ഥനെ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷണർ എന്ന പേരിൽ നിയമിക്കുന്നതിനുമായി സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പിലെ 20/02/2009 ലെ ജി.ഒ(പി) 10/2009/പിഎൽജി നമ്പർ സ്പെഷ്യൽ റൂളിൽ ഭേദഗതി ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഗ്രാഫീൻ അറോറ പദ്ധതി

27 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാഫീൻ അറോറ പദ്ധതിനിർവ്വഹണത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെല്ലാം ഏജൻസികളാണ് സഹകരിച്ച് പ്രവർത്തിക്കാൻ തയ്യാറായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഏജൻസികളുമായി ഗ്രാഫീൻ അറോറ പദ്ധതിയുടെ ചെലവ് സംബന്ധിച്ച് ധാരണയിൽ എത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി ഏത് വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് നടപ്പിലാക്കുന്നത്;

(ഡി) പൊതു-സ്വകാര്യ പങ്കാളിത്തവ്യവസ്ഥയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## മാലിന്യം തിരുനെൽവേലിയിൽ നിക്ഷേപിച്ചത് സംബന്ധിച്ച്സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൻെറ റിപ്പോർട്ട്

28 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള മാലിന്യം തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ നിക്ഷേപിച്ചത് സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർക്കാരിനോ കേന്ദ്ര ഹരിത ട്രൈബ്യൂണലിനോ റിപ്പോർട്ട് നൽകിയിരുന്നോ;

(ബി) കേരളത്തിലെ മാലിന്യം ഇതര സംസ്ഥാനങ്ങളിലേക്കു കൊണ്ടുപോകാൻ ഏതെങ്കിലും ഏജൻസികളെ ഏൽപിച്ചിട്ടുണ്ടോ; ഇത്തരം ഏജൻസികൾക്ക് അംഗീകാരം നൽകുന്നത് മലിനീകരണ നിയന്ത്രണ ബോർഡാണോ; 2021-ന്

ശേഷം ഇപ്രകാരം അംഗീകാരം നൽകിയ ഏജൻസികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ;

(സി) തമിഴ്നാട്ടിൽ മാലിന്യം നിക്ഷേപിച്ചത് സംബന്ധിച്ച കേസിൽ കേന്ദ്ര ഹരിത ട്രൈബ്യൂണൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോട് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മാലിന്യ നിർമാർജനത്തിൽ വന്ന വീഴ്ചകൾ സംബന്ധിച്ച് സർക്കാരും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും എതിർകക്ഷികളായി ഹരിത ട്രൈബ്യൂണലിൽ നിലവിലുള്ള കേസുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ഇ) 2021-ന ശേഷം മാലിന്യ നിർമാർജ്ജനം സംബന്ധിച്ച് എത്ര കേസുകളിലാണ് മലിനീകരണ നിയന്ത്രണ ബോർഡിനെതിരെ ഹരിത ട്രൈബ്യൂണലും കേന്ദ്ര സർക്കാരും നടപടികൾ ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ?

## പി.എസ്.സി. മുഖേനയുള്ള നിയമനം

29 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന എത്ര പേർക്ക് സർക്കാർ ഉദ്യോഗം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പി.എസ്.സി. മുഖേന എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## 2024 ലെ പി.എസ്.സി. നിയമനങ്ങൾ

30 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 വർഷത്തിൽ പി.എസ്.സി.യിൽ നിന്നും എത്ര നിയമന ശിപാർശകളാണ് ആകെ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) 2024 വർഷത്തിൽ നിയമന ശിപാർശ നൽകിയിട്ടുള്ളതിൽ എത്ര പുതിയ ഒഴിവുകളും എൻ.ജെ.ഡി. ഒഴിവുകളുമാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പി.എസ്.സി മുഖാന്തിരം നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം

31 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) 2024 ജനവരി മാസം മുതൽ ഡിസംബർ വരെ പി.എസ്.സി പുതുതായി എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത കാലയളവിൽ പുതുതായി എത്ര തസ്തികകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പി. എസ്. സി യുടെ പ്രവർത്തനം കൂടുതൽ വേഗത്തിലും മെച്ചപ്പെട്ടതും കാര്യക്ഷമവുമാക്കാൻ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ക്ലർക്ക് ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് ക്ലർക്ക് തസ്തികയിലെ പുതിയ വിജ്ഞാപനം

32 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലർക്ക് ടൈപ്പിസ്റ്റ് /ടൈപ്പിസ്റ്റ് ക്ലർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലെ കോഴിക്കോട്, കണ്ണൂർ, പാലക്കാട് ജില്ലകളിലെ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2025 ഡിസംബറിൽ അവസാനിക്കുമെന്നിരിക്കെ 2024 ഡിസംബർ 31 ന് മുമ്പ് ഈ തസ്തികയിലേയ്ക്കുള്ള പുതിയ വിജ്ഞാപനം പി.എസ്.സി. പ്രസിദ്ധീകരിക്കാതിരുന്നതിന് കാരണം വ്യക്തമാക്കാമോ;

(ബി) 2024 ഡിസംബർ 31 ന് മുമ്പ് ക്ലർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്കുള്ള പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കാതിരുന്നതിനാൽ പ്രസ്തുത തീയതിയിൽ പ്രായപരിധി കഴിഞ്ഞ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ക്ലർക്ക് ടൈപ്പിസ്റ്റ് /ടൈപ്പിസ്റ്റ് ക്ലർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിൽ കാറ്റഗറി 103/2019 ആയി അഞ്ച് വർഷങ്ങൾക്ക് മുമ്പാണ് വിജ്ഞാപനം പ്രസിദ്ധീകരിച്ചത് എന്നതിനാൽ ഈ തസ്തികയിലേയ്ക്ക് എത്രയും വേഗം വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി. നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ക്ലർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലർക്ക് (വിവിധ വകുപ്പുകൾ) തസ്തിക നിർത്തലാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ആയതിനാലാണോ ഈ തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കാതിരുന്നതെന്ന് അറിയിക്കാമോ;

(ഇ) ക്ലർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് പി.എസ്.സി. സർക്കാരിനോട് എന്തെങ്കിലും ക്ലാരിഫിക്കേഷൻ ചോദിച്ചിരുന്നോ എന്നും ആയതിന് സർക്കാർ മറുപടി നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; എങ്കിൽ ഈ രണ്ട് കത്തുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(എഫ്) ക്ലർക്ക് ടൈപ്പിസ്റ്റ് /ടൈപ്പിസ്റ്റ് ക്ലർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്ക് എന്നത്തേയ്ക്ക് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനാണ് പി.എസ്.സി. ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ

33 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ തന്നെ മാതൃകയായി ഏറ്റവും കൂടുതൽ പേർക്ക് നിയമനം നൽകിയ സ്ഥാപനമായി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മാറി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2016 ജൂൺ മുതൽ 2024 ഡിസംബർ വരെ കേരളത്തിൽ പി. എസ്.സി. മുഖേന എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

## പി.എസ്.സി. നിയമനങ്ങൾ

34 **യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## GST വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം

35 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന GST വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ അപ്പീൽ നൽകാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അനുമതി നൽകിയോ; ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 2017 ലെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിച്ച് ട്രാൻസ്ഫർ നടത്തുന്നതിന് സംസ്ഥാന GST വകുപ്പ് ഉന്നയിക്കുന്ന തടസ്സവാദം എന്താണ്; എല്ലാ വകുപ്പുകളിലും സ്പാർക്ക് അധിഷ്ഠിത ഓൺലൈൻ സ്ഥലംമാറ്റം കർശനമായി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ, വിശദമാക്കാമോ?

## ആശ്രിത നിയമനം

36 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിലെ കാലതാമസം പരിഹരിക്കുന്നതിനും നിലവിലെ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും വേണ്ടി സർക്കാർ നിയോഗിച്ച സമിതി നൽകിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിലവിൽ എത്ര ആശ്രിത നിയമന അപേക്ഷകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ;

(സി) 2024 വർഷത്തിലെ പി.എസ്.സി. നിയമനങ്ങൾക്ക് ആനുപാതികമായി എത്ര ആശ്രിത നിയമനങ്ങളാണ് നടന്നിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വിവിധ വകുപ്പുകളിൽ സൃഷ്ടിച്ച പുതിയ തസ്തികകളുടെ എണ്ണം

37 **യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ വിവിധ വകുപ്പുകളിലായി ആകെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിലെ സർക്കാരിന്റെ കാലത്ത് നാളിതുവരെ വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വകുപ്പുതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

**<u>ആരൂർ മണ്ഡലത്തിൽ കെ-ഫോൺ സൗജന്യ കണക്ഷനുകൾ</u>**

38 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി മുഖേന സൗജന്യ കണക്ഷനുകൾ ലഭിച്ച എത്ര ഗുണഭോക്താക്കൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) സൗജന്യ കണക്ഷൻ ലഭിച്ച ഗുണഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിന് വേണ്ടി അരൂർ മണ്ഡലത്തിൽ നിയോഗിച്ച ഉദ്യോഗസ്ഥന്റെ പേര്, ഫോൺ നമ്പർ എന്നിവ വ്യക്തമാക്കാമോ;

(സി) കെ-ഫോൺ സംബന്ധിച്ച് അരൂർ മണ്ഡലത്തിൽ നിലവിൽ എത്ര പരാതികൾ ഉണ്ടെന്നും ആയവ പരിഹരിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

**<u>കോട്ടയം മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി</u>**

39 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നിയോജകമണ്ഡലത്തിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം സർക്കാർ ഓഫീസുകളിലും പൊതുസ്ഥലങ്ങളിലുമാണ് കെ-ഫോൺ പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി പ്രസ്തുത മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ കൂടുതൽ സ്ഥാപനങ്ങളിലേക്കും കുടുംബങ്ങളിലേക്കും കെ-ഫോൺ പദ്ധതി വ്യാപിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കെ-ഫോണിന്റെ പ്രവർത്തന പുരോഗതി</u>**

40 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിക്കായി നാളിതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കെ-ഫോണിന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) സർക്കാർ സ്ഥാപനങ്ങൾക്കും ഓരോ മണ്ഡലത്തിലെയും പാവപ്പെട്ട കുടുംബങ്ങൾക്കും സൗജന്യമായി കെ-ഫോൺ കണക്ഷൻ വഴി ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര വീടുകൾ, എത്ര സർക്കാർ

സ്ഥാപനങ്ങൾ എന്നിവയ്ക്ക് കണക്ഷൻ നല്കിയിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കണക്ഷനുകളുടെ ബിൽ തുക ആരാണ് കെ-ഫോൺ കമ്പനിക്ക് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കണക്ഷനുകളുടെ ബിൽ തുക കുടിശികയായി എവിടെയെങ്കിലും കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ; എങ്കിൽ കെ-ഫോൺ കമ്പനിക്ക് ബിൽ തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കെ-ഫോൺ പദ്ധതി

41 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ അനുവദിച്ച കണക്ഷനുകളുടെ വിശദാംശവും ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) കെ-ഫോൺ പദ്ധതി പ്രകാരം സമർപ്പിക്കുന്ന അപേക്ഷയിന്മേൽ കണക്ഷൻ നൽകുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

42 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയിൽ നിന്നും പിന്മാറാൻ ടി കോം കമ്പനി നിരത്തിയ കാരണങ്ങൾ വിശദമാക്കാമോ;

(ബി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയിൽ നിന്നും പിന്മാറുന്നത് സംബന്ധിച്ച് ടി കോം കമ്പനി സർക്കാരിന് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## കെ-ഫോൺ പദ്ധതി

43 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ നിലവിലുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര സർക്കാർ ഓഫീസുകളിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്; നിയമസഭ മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വിശദമാക്കാമോ?

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

44 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിയുടെ ഫ്രീഹോൾഡ് ടികോം കമ്പനിക്ക് നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിയുടെ ഫ്രീഹോൾഡ് സംബന്ധിച്ച് 2011-ൽ ടികോം അധികൃതരുമായി ചർച്ച നടത്തി കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമിയുടെ ഫ്രീഹോൾഡ് സംബന്ധിച്ച് 2011 ന് സർക്കാരും ടികോം അധികൃതരും എത്ര ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും അവ എതൊക്കെ തീയതികളിലാണെന്നും അറിയിക്കുമോ; യോഗങ്ങളുടെ മിനുട്സ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ചർച്ചയിൽ സെസ് മേഖലയിൽ ഫ്രീഹോൾഡ് അനുവദിക്കാൻ സാധിക്കില്ല എന്ന സർക്കാർ വാദം ടീകോം അംഗീകരിച്ചിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് അന്നത്തെ സർക്കാർ നിയമവിദഗ്ധരിൽ നിന്നും ഉപദേശം തേടിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) സെസ് മേഖലയിൽ ഫ്രീഹോൾഡ് അനുവദിക്കാൻ സാധിക്കില്ല എന്ന നിയമോപദേശത്തെ തുടർന്ന് ഫ്രീഹോൾഡ് ആവശ്യത്തിൽ നിന്നും ടികോം പിന്മാറുകയും മുഴുവൻ 246 ഏക്കർ ഭൂമിക്കും ടികോം സെസ്സ് പദവി ആവശ്യപ്പെടുകയും സർക്കാർ നൽകുകയും ചെയ്തു എന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ?

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി കരാർ

45 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി കോം കമ്പനിക്ക് പണം നൽകി കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി കരാർ അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കരാർ പ്രകാരമുള്ള ചുമതലകൾ പാലിക്കാൻ സാധിക്കാത്ത ടി കോം കമ്പനിയിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുപകരം പണം നൽകി കരാർ അവസാനിപ്പിക്കുന്നതിന്റെ കാരണം വിശദമാക്കുമോ?

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി കരാർ ലംഘനം

46 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**

**രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയിൽ ടി കോം കമ്പനിക്ക് പണം നൽകി കരാർ അവസാനിപ്പിക്കാൻ തീരുമാനിച്ചതിന്റെ കാരണം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി കരാറിലെ 11(2) വ്യവസ്ഥ പ്രകാരം കരാർ വ്യവസ്ഥകളിൽ ടി കോം വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താൻ ടി കോമിന് ഉത്തരവാദിത്തമുണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത വ്യവസ്ഥ പ്രകാരം ടി കോമിൽനിന്നും നഷ്ടപരിഹാരം ഈടാക്കാൻ സർക്കാർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

## കോഴിക്കോട് കോർപ്പറേഷനിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ

47 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് കോർപ്പറേഷനിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത അപേക്ഷകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിലെ കെ-ഫോൺ കണക്ഷൻ

48 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ നൽകിയ സൗജന്യ കെ-ഫോൺ കണക്ഷനുകളുടെയും ഇനി നൽകാൻ ബാക്കിയുള്ള കണക്ഷനുകളുടെയും എണ്ണം എത്രയാണെന്ന വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങൾക്കാണ് കണക്ഷൻ നൽകിയിട്ടുള്ളതെന്നും ഇനി എത്ര കണക്ഷനുകളാണ് നൽകാനുള്ളതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ വിദ്യാഭ്യാസ സ്ഥാനങ്ങൾക്കാണ് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളതെന്നും നിലവിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും എത്ര സ്ഥാപനങ്ങൾക്കാണ് കണക്ഷൻ നൽകാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദ വിവരം സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

## സി-ഡിറ്റിലെ ക്രമക്കേടുകൾ

49 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് വകുപ്പിൽ നിന്നും 14.12.2020 തീയതിയായി വിജി-എ2/323/2020/ വിജി. ഫയൽ നമ്പർ കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കത്തിൽ സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ നൽകിയ പരാതിയിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കാനും പരാതിയിൽ ഏതെങ്കിലും തരത്തിലുള്ള വിജിലൻസ് അന്വേഷണം ആവശ്യമുള്ളപക്ഷം ശിപാർശ സഹിതം തിരികെ ലഭ്യമാക്കേണ്ടതുമാണ് എന്നും വിവരസാങ്കേതിക വകുപ്പിനോട് നിഷ്കർഷിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശമനുസരിച്ച് പരാതി പരിശോധിച്ചിരുന്നോയെന്നും തുടർന്ന് എന്തു നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(ഡി) സി-ഡിറ്റിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വകുപ്പുതല പരിശോധന നടത്തി രണ്ടാഴ്ചക്കുള്ളിൽ റിപ്പോർട്ട് നലകണമെന്ന് 2024 ജൂലൈയിൽ വിജിലൻസ് ഐ.ടി. വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ?

## കോട്ടയത്തെ കെൽട്രോൺ നോളജ് സെന്റർ

50 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നാഗമ്പടത്തെ കെൽട്രോൺ നോളജ് സെന്ററിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ലഘുവായ ഫീസ് ഘടനയോടെ പി.എസ്.സി. നിയമനങ്ങൾക്കനുസൃതമായ സർക്കാർ അംഗീകൃത കോഴ്സുകൾ നടത്തുന്ന പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നപക്ഷം സാധാരണക്കാരായ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും കൂടി ഉതകുന്നതരത്തിലുള്ള എന്ത് ബദൽ സംവിധാനമൊരുക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ആധാർ കാർഡിലെ തിരുത്തലുകൾക്ക് ഗസറ്റ് വിജ്ഞാപനം

51 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡിലെ പേരിലുള്ള ചെറിയ തിരുത്തലുകൾക്ക് ആധാർ അതോറിറ്റി (യു.ഐ.ഡി.എ.ഐ.) ഗസറ്റ് വിജ്ഞാപനം നിർബന്ധമാക്കിയിട്ടുണ്ടോ; ആധാർ അതോറിറ്റി ഇത് സംബന്ധിച്ച ഉത്തരവ് സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ബി) സർക്കാരിന്റെ വിവിധ സാമ്പത്തിക സഹായങ്ങൾക്കും സാമൂഹ്യ സുരക്ഷാ പെൻഷനും ആധാർ നിർബന്ധമാക്കിയിരിക്കെ അക്ഷയ സെന്ററുകളിൽ ആധാർ അപ്ഡേഷൻ ചെയ്യുന്നതിനും നിലവിലെ ആധാറിലെ തെറ്റുകൾ തിരുത്താനും ഗസറ്റ് വിജ്ഞാപനം നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് നിർബന്ധമാക്കിയത്; വിശദാംശം നൽകാമോ;

(സി) സർക്കാരിന്റെ 10/4/2017 ലെ IT-B1/05/2014-ITD നമ്പർ സർക്കുലർ പ്രകാരം ഓൺലൈനായി പ്രസിദ്ധീകരിക്കുന്ന രേഖകളിൽ വ്യക്തികളുടെ ആധാർ നമ്പർ പ്രസിദ്ധീകരിക്കുന്നത് 2016 ലെ ആധാർ ആക്ടിന്റെ ലംഘനമാണെന്ന് പറയുന്നുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ആധാർ അപ്ഡേഷൻ ചെയ്യുന്നതിനും നിലവിലെ ആധാറിലെ തെറ്റുകൾ തിരുത്തുന്നതിനും ഗസറ്റ് വിജ്ഞാപനം ആവശ്യമെങ്കിൽ അടിയന്തരമായി ഇക്കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

## സംസ്ഥാന വെബ്സൈറ്റ് പരിഷ്കരണം

52 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വെബ്സൈറ്റിൽ, സംസ്ഥാനത്തിലെ എല്ലാ വിഭാഗത്തിലെയും പ്രധാന ദേവാലയങ്ങൾ, ക്ഷേത്രങ്ങൾ മുതലായവ സംബന്ധിച്ച സമഗ്രവിവരങ്ങൾ പിൽഗ്രിം ടൂറിസത്തിന്, പ്രത്യേകിച്ച് സംസ്ഥാനത്തിനു പുറത്തുനിന്നുള്ളവർക്ക്, ഉപയുക്തമാകുന്ന തരത്തിൽ സംസ്ഥാന വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## പ്രൈവറ്റ് ക്ലൗഡ് സർവീസ്

53 **രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകളും വെബ് ആപ്ലിക്കേഷനുകളും സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ അല്ലാതെ പ്രൈവറ്റ് ക്ലൗഡിൽ ഹോസ്റ്റ് ചെയ്തിട്ടുണ്ടോ; 2016 -ൽ സർക്കാർ സ്ഥാനമേറ്റെടുത്ത് ഇതുവരെ എത്ര രൂപയാണ് പ്രൈവറ്റ് ക്ലൗഡ് സർവീസിന് വേണ്ടി അടച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പൗരന്മാരുടെ ആധാർ അടക്കമുള്ള ഡാറ്റ, പ്രൈവറ്റ് ക്ലൗഡിൽ സൂക്ഷിക്കുന്നത് സർക്കാരിന്റെ നയമാണോ; ആമസോൺ ക്ലൗഡ് സർവീസിന് വേണ്ടി സി-ഡിറ്റ് 2025 ജനുവരി വരെ എത്ര കോടി ചിലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിന് അപേക്ഷിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്

54 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിന് അപേക്ഷിക്കുമ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽത്തന്നെ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ആർ.സി.സി. നൽകുന്ന ക്യാൻസർ രോഗിയാണെന്നുള്ള സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ചികിത്സാ സഹായത്തിന് അപേക്ഷിക്കുമ്പോൾ

മെഡിക്കൽ സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽത്തന്നെ വേണം എന്ന കാരണം പറഞ്ഞ് നിരസിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം

55 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർക്ക് നഷ്ടപരിഹാരം

56 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് ഉണ്ടായ പ്രകൃതിദുരന്തങ്ങളിൽ ഓരോന്നിലും മരണമടഞ്ഞവർ എത്ര; ഗുരുതരമായി പരിക്കേറ്റവർ എത്ര; കാണാതായവർ എത്ര; ഇതിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; എത്ര പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; ഇനി എത്ര പേർക്ക് നഷ്ടപരിഹാരം നൽകാൻ അവശേഷിക്കുന്നു; എത്ര പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാൻ അവശേഷിക്കുന്നു; വിശദാംശം തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങൾ ഓരോന്നിലും സംസ്ഥാനത്ത് എത്ര പേർക്ക് വീട് നഷ്ടപ്പെട്ടിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് വീട് പുനർനിർമ്മിച്ച് നൽകാൻ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; സാമ്പത്തിക സഹായം ലഭിക്കാത്തവർ എത്ര; വിശദാംശം തരം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങൾ ഓരോന്നിനു ശേഷവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സംഭാവനയായി സമാഹരിച്ച തുകയെത്ര; ഇതിൽ നിന്നും വിവിധ ദുരന്തത്തിൽ ഇരയായവർക്ക് നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് എത്ര തുക കൂടി ആവശ്യമുണ്ട്; മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ നീക്കിയിരിപ്പ് തുക എത്ര; എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## ദുരന്തബാധിതർക്കായി പുനരധിവാസ പദ്ധതികൾ

57 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ അതിതീവ്ര ദുരന്തമാണെന്ന് സ്ഥിരീകരിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അഞ്ചുമാസം വേണ്ടിവന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കേന്ദ്ര സർക്കാരിൽനിന്നുള്ള അവഗണനയും പ്രതികൂല ഘടകങ്ങളുമുണ്ടായിട്ടും പുനരധിവാസവുമായി മുന്നോട്ടുപോകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ദുരന്തബാധിതർക്ക് ദുരിതാശ്വാസക്യാമ്പും വാടകവീടുകളുമടക്കമുള്ള താൽക്കാലിക പുനരധിവാസം കുറ്റമറ്റ നിലയിൽ സജ്ജീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ദുരന്തബാധിതർക്കായി സർക്കാർ മാതൃകാപരമായ പുനരധിവാസ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ദുരന്തത്തെ അതിജീവിച്ചവരുടെ കുടുംബങ്ങൾക്കായി രണ്ടു മാതൃകാ ടൗൺഷിപ്പുകൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## <u>പുനരധിവാസത്തിനായി നിർമിക്കുന്ന ടൗൺഷിപ്പുകൾ</u>

58 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചൂരൽമല, മുണ്ടക്കൈ ദുരന്തങ്ങളിൽപെട്ടവരുടെ പുനരധിവാസത്തിനായി നിർമ്മിക്കുന്ന ടൗൺഷിപ്പുകൾക്കായി ഏതൊക്കെ സ്ഥലങ്ങളിലെ ഭൂമിയാണ് ഏറ്റെടുക്കുന്നത്; ഭൂമി ഏറ്റെടുക്കാൻ ദുരന്തനിവാരണ നിയമത്തിലെ വകുപ്പ് ഉപയോഗിച്ചത് എന്തിനാണ്; ദുരന്തനിവാരണ നിയമം ഉപയോഗിക്കാൻ ആരെങ്കിലും സർക്കാരിനു ശുപാർശ നൽകിയിരുന്നോ; ഏതു യോഗത്തിലാണ് ഇതിനു തീരുമാനമെടുത്തത്;

(ബി) ദുരന്തനിവാരണ നിയമം ഉപയോഗിച്ച് ഏറ്റെടുക്കുന്ന ഭൂമിക്ക് 2013 ലെ സ്ഥലം ഏറ്റെടുക്കൽ നിയമപ്രകാരമുള്ള നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയുണ്ടോ; പ്രസ്തുത നിയമപ്രകാരം നഷ്ടപരിഹാരം നൽകാനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) വയനാട്ടിലെ ഭൂമിയുടെ കാര്യത്തിൽ ഈ വ്യവസ്ഥകൾ പാലിച്ചാണോ ഭൂമിയുടെ പണം നൽകാൻ ഉദ്ദേശിക്കുന്നത്; മുൻകൂറായി പണം നൽകാൻ കോടതി നിർദേശിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ആരിൽ നിന്നെങ്കിലും നിയമോപദേശം തേടിയിട്ടുണ്ടോ; അതിന് എന്താണു മറുപടി ലഭിച്ചത്;

(ഡി) വയനാട്ടിൽ ടൗൺഷിപ്പ് നിർമിക്കാൻ ഉദ്ദേശിക്കുന്ന എസ്റ്റേറ്റുകൾ നിലവിൽ ആരുടെ ഉടമസ്ഥതയിലാണ്; ഇതു സംബന്ധിച്ച് കോടതിയിലോ ലാൻഡ് ബോർഡുകളിലോ വ്യവഹാരങ്ങളുണ്ടോ;

(ഇ) ഉടമസ്ഥത രേഖകൾ സംബന്ധിച്ച തർക്കങ്ങൾ ഉള്ള ഭൂമിക്കു നഷ്ടപരിഹാരം സാധാരണ കോടതികളിൽ കെട്ടിവയ്ക്കുകയാണോ ചെയ്യുക; വയനാട്ടിലെ ഭൂമിയുടെ കാര്യത്തിൽ ആയത് വ്യത്യസ്തമായാണോ ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## <u>രക്ഷാപ്രവർത്തനം നടത്തുന്നതിന് ഉപയോഗിച്ച ഹെലികോപ്റ്ററുകൾക്ക് വാടക</u>

59 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**

**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിദുരന്തമുണ്ടായ അവസരങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ഉപയോഗിച്ച ഹെലികോപ്റ്ററുകൾക്ക് കേന്ദ്രസർക്കാർ വാടക ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്തു തുകയാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനെത്തുടർന്ന് സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ;

(സി) ഹെലികോപ്റ്ററുകൾക്ക് വാടക ആവശ്യപ്പെട്ടത് സംബന്ധിച്ച് സർക്കാർ കോടതിയെ സമീപിച്ചിരുന്നോ; എങ്കിൽ കോടതി വ്യവഹാരങ്ങളുടെ വിശദാംശവും വിധിയും ലഭ്യമാക്കുമോ;

(ഡി) എസ്.ഡി.ആർ.എഫ്. ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ മാനദണ്ഡങ്ങളിൽ കോടതി ഇടപെട്ട് മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## ചൂരൽ മലയിലെ പുനരധിവാസം

60 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചൂരൽമലയിലെ ഉരുൾപ്പൊട്ടലിനെ തുടർന്ന് സർവ്വവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് ആശ്വാസം നൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വയനാട്ടിലെ ടൗൺഷിപ്പ്

61 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ചൂരൽമല, മുണ്ടക്കൈ എന്നിവിടങ്ങളിലെ ഉരുൾപൊട്ടൽ ബാധിതരായ കുടുംബങ്ങൾക്ക് ടൗൺഷിപ്പ് നിർമ്മിക്കുമ്പോൾ ഇവർക്ക് നിർമ്മിച്ച് നൽകുന്ന വീടുകളുടെ വിസ്തീർണം, അതിലെ സൗകര്യങ്ങൾ, തറയിൽ ഉപയോഗിക്കുന്ന മെറ്റീരിയൽ, മേൽക്കൂര എന്നിവ എന്തൊക്കെയാണെന്നുള്ള വിശദാംശം നൽകുമോ;

(ബി) വീട് നിർമ്മാണത്തിനും ടൗൺഷിപ്പിനുമായി ആരാണ് പദ്ധതി രേഖ തയ്യാറാക്കിയതെന്നും പദ്ധതി രേഖ അംഗീകരിച്ച യോഗത്തിൽ മറ്റ് എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തതെന്നും വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി രേഖയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ഓരോ വീടിനും എത്ര തുകയാണ് ചെലവ് കണക്കാക്കുന്നതെന്നും ഈ ചെലവ് കണക്കാക്കിയത് എന്തിനെ അടിസ്ഥാനമാക്കിയാണെന്നും ആരാണ് ഈ തുകയും മറ്റും നിശ്ചയിച്ചതെന്നും ഏതു യോഗത്തിലാണ് ഇതിന് അംഗീകാരം നൽകിയതെന്നും വ്യക്തമാക്കുമോ;

(ഡി) വീട് നിർമ്മാണത്തിന് ചെലവു കണക്കാക്കുമ്പോൾ സ്ഥലത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്

എത്രയാണെന്ന് വേർതിരിച്ച് നൽകാമോ;

(ഇ) ടൗൺഷിപ്പ് നിർമ്മാണത്തിന് ഏജൻസിയെ നിയോഗിക്കാൻ ടെൻഡർ ക്ഷണിക്കണമെന്ന് ഏതെങ്കിലും ഘട്ടങ്ങളിൽ ആരെങ്കിലും ആവശ്യപ്പെട്ടിരുന്നോ; നിലവിൽ ഏജൻസിയെ നിശ്ചയിച്ചത് ഏത് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ടൗൺഷിപ്പിൽ വീട് ആവശ്യമില്ലാത്തവർക്ക് എത്ര രൂപയാണ് ധനസഹായം ആയി അനുവദിക്കുന്നതെന്നും ഈ തുക എന്ന് മുതലാണ് നൽകി തുടങ്ങുകയെന്നും വ്യക്തമാക്കുമോ?

## റീബിൽഡ് കേരള ഇനീഷിയേറ്റീവ് പ്രകാരം അടാട്ട്, തോളൂർ, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിലെ വികസനം

62 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനീഷിയേറ്റീവ് പ്രകാരം തൃശ്ശൂർ-പൊന്നാനി മേഖലയിൽ കോൾപടവുകളുടെ വികസനവുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ അടാട്ട്, തോളൂർ, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയാക്കിയ പദ്ധതികളുടെ പേര്, തുക എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിർവ്വഹണം പുരോഗമിക്കുന്ന പദ്ധതികളുടെ വിവരങ്ങളും നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിർവ്വഹണം നടത്താൻ കഴിയാത്ത പദ്ധതികളും അവയ്ക്കായി നീക്കിവെച്ച തുകയും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ഡി) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ അടാട്ട്, തോളൂർ, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിലായി റീബിൽഡ് കേരള ഇനിഷിയേറ്റീവ് പ്രകാരം ആകെ വകയിരുത്തിയ തുക, ചെലവഴിച്ച തുക, സേവിങ്സ് തുക എന്നിവ സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ?

## പ്രകൃതിദുരന്തത്തിൽ തകർന്ന വീടുകൾക്കുള്ള ധനസഹായം

63 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്തത്തിൽ തകർന്ന വീടുകൾക്കുള്ള ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ കേന്ദ്രസർക്കാർ പുതുക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം കേരളത്തിൽ തകർന്ന വീടുകൾക്കുള്ള ധനസഹായം നിശ്ചയിച്ചതിന്റെ ഉത്തരവും പട്ടികയും പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇതിന് മുൻപ് ഇതു സംബന്ധിച്ച് കേരളസർക്കാർ ഉത്തരവിറക്കിയത് എന്നാണ്;

(സി) പ്രകൃതിദുരന്തങ്ങളിൽ തകർന്ന എല്ലാ വീടുകൾക്കും ധനസഹായം നൽകുന്നത് എസ്.ഡി.ആർ.എഫിൽ നിന്നു മാത്രമാണോ; അതോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ഫണ്ട് കൂടി ചേർത്താണോ;

(ഡി) എസ്.ഡി.ആർ.എഫ്. പൂർണമായും കേരളസർക്കാരിന്റെ ഫണ്ടാണോ; പ്രസ്തുത ഫണ്ടിൽ കേന്ദ്രവിഹിതവും ഉണ്ടോ; വിശദമാക്കാമോ;

(ഇ) പുതുക്കിയ ഉത്തരവിൽ എസ്.ഡി.ആർ.എഫും സി.എം.ഡി.ആർ.എഫും ചേർത്ത് തകർന്ന വീടുകൾക്കുള്ള ആകെ ധനസഹായം സംബന്ധിച്ച സ്ലാബുകളിൽ എപ്പോഴെങ്കിലും വർദ്ധന വരുത്തിയിട്ടുണ്ടോ; എസ്.ഡി.ആർ.എഫ് സഹായം കൂട്ടിയപ്പോൾ സി.എം.ഡി.ആർ.എഫ് സഹായം കുറച്ചിരുന്നോ?

**<u>വയനാട് ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസം</u>**

64 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഇക്കാര്യങ്ങളിൽ സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>കോഴിക്കോട് വിമാനതാവളത്തിന്റെ റൺവെ വികസനം</u>**

65 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനതാവളത്തിന്റെ റൺവെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) റൺവെ വികസനത്തിന് ആവശ്യമായ മണ്ണ് ലഭിക്കുന്നതിന് എന്തെങ്കിലും പ്രതിസന്ധിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) റൺവെ വികസനമടക്കം 2047 വരെയുള്ള മാസ്റ്റർ പ്ലാനിന് ആവശ്യമായ സ്ഥലം ഏറ്റടുക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് എയർപോർട്ട് അധികൃതർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ഉണ്ടെങ്കിൽ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് തീരുമാനിക്കുകയോ, പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ പ്രായോഗികത പരിശോധിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) 2047-ൽ നടത്താൻ ഉദ്ദേശിക്കുന്ന വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ നൽകിയ കാരണത്താൽ പരിസര പ്രദേശത്ത് ലൈഫ് പദ്ധതിയിൽ ഉള്ള വീടുകൾ നിർമ്മിക്കുന്നതിനുള്ള നിരാക്ഷേപ

സാക്ഷ്യപത്രമടക്കം വിമാനത്താവള അധികൃതർ നിരസിക്കുകയും അതേത്തുടർന്ന് നിർമ്മാണാനുമതി നൽകാൻ കൊണ്ടോട്ടി നഗരസഭക്ക് കഴിയാതെ വരുകയും ചെയ്ത സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ സർക്കാർ ഭൂമി ഏറ്റെടുക്കാൻ തീരുമാനിക്കുന്നത് വരെ എയർപോർട്ട് അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെതന്നെ വീട് നിർമ്മിക്കാൻ അനുമതി നൽകുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) വികസനത്തിന് ഭൂമി ഏറ്റെടുത്തപ്പോൾ നഷ്ടപ്പെടുന്ന ക്രോസ് റോഡിന് പകരം പുതിയ റോഡ് നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## <u>തിരുവനന്തപുരം മെട്രോ പദ്ധതി</u>

66 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെട്രോയുടെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം മെട്രോയുടെ സ്ഥലം ഏറ്റെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി, ഏറ്റെടുത്ത സ്ഥലത്തിന്റെ വിസ്തൃതി, സ്ഥലം ഏറ്റെടുക്കുന്നതിനായി ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## <u>തിരുവനന്തപുരം മെട്രോ റെയിൽ പ്രോജക്ട്</u>

67 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെട്രോ റെയിൽ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാർ അനുമതി ലഭിച്ചാൽ എത്ര കാലാവധിക്കുള്ളിലാണ് പ്രോജക്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്രോജക്ടിന്റെ പ്രതീക്ഷിത ചെലവ്, നിലവിലെ റൂട്ട്, സ്റ്റോപ്പുകൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കാമോ;

(ഇ) പ്രോജക്ടിന്റെ നിർവ്വഹണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ?

## <u>വടകര-മാഹി കനാൽ നിർമ്മാണം</u>

68 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ പ്രവൃത്തിയുടെ ഭാഗമായി വിവിധ റീച്ചുകളിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഈ പ്രവർത്തികളുടെ അടങ്കൽ തുകയും പ്രവൃത്തിയുടെ കാലയളവും പ്രവൃത്തി പൂർത്തിയാക്കാൻ വിഭാവനം ചെയ്ത തീയതിയും പ്രവൃത്തി ഏറ്റെടുത്ത കരാറുകാരുടെ വിവരങ്ങളും ഫോൺ നമ്പർ സഹിതം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കനാൽ ദേശീയ ജലപാതയുടെ നിലവാരത്തിലേക്ക് എന്നാണ് ഉയർത്താൻ സാധിക്കുകയെന്ന് അറിയിക്കാമോ;

(സി) വടകര-മാഹി കനാലിന്റെ ഭാഗമായുള്ള കോട്ടപ്പള്ളി പാലം പ്രവൃത്തി ഏത് ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ;

(ഡി) മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിന്റെ പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കും എന്ന് വിശദമാക്കാമോ;

(ഇ) വടകര-മാഹി കനാലിന്റെ മൂന്നാം റീച്ചിലെ പ്രവൃത്തി എന്നാണ് പൂർത്തിയാക്കാൻ സാധിക്കുക എന്ന് വ്യക്തമാക്കാമോ?

## സുൽത്താൻ കനാലിന്റെ പാർശ്വഭിത്തി പുനർനിർമ്മാണം

69 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിന് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് ടെണ്ടർ ചെയ്തപ്പോൾ കരാറെടുത്ത തുക അടങ്കൽ തുകയേക്കാൾ 10 ശതമാനത്തിലധികം ആയിരുന്നതിനാൽ പ്രസ്തുത ടെണ്ടറിന് അംഗീകാരം ലഭ്യമാക്കുന്നതിന് സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## നാദാപുരം മണ്ഡലത്തിലെ ഇൻലാൻഡ് നാവിഗേഷൻ പ്രവൃത്തികൾ

70 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) എടച്ചേരി പഞ്ചായത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ഭരണാനുമതി നൽകിയ ബോട്ട് ജെട്ടിയുടെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കാമോ?

## മാഹി കനാൽ നിർമ്മാണത്തിന് ഏറ്റെടുത്ത കൃഷിഭൂമിയുടെ പ്രതിഫലം

71 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ മാഹി കനാൽ നിർമ്മാണത്തിന് ഏറ്റെടുത്ത കൃഷിഭൂമിയുടെ പ്രതിഫലം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കനാൽ നിർമ്മാണത്തിന് ഏറ്റെടുത്ത കൃഷിഭൂമിയുടെ പ്രതിഫലം എന്ന് നൽകുമെന്ന് വ്യക്തമാക്കുമോ?

## വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ തിരിച്ചടവ്

72 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കേന്ദ്ര സർക്കാർ അനുവദിക്കാൻ ഉദ്ദേശിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്.) പലമടങ്ങായി തിരിച്ചടയ്ക്കണമെന്ന കേന്ദ്ര ധന മന്ത്രാലയത്തിന്റെ തീരുമാനത്തിനെതിരെ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ രാജ്യത്ത് മറ്റ് തുറമുഖങ്ങൾക്ക് നൽകിയ വി. ജി.എഫ്. ഫണ്ട് അനുവദിച്ചപ്പോൾ തിരിച്ചടയ്ക്കണമെന്ന നിബന്ധന സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വി.ജി.എഫ്. ഫണ്ട് ഏതെല്ലാം പദ്ധതികൾക്ക് ആണ് നൽകി വരുന്നത്; സംസ്ഥാനത്ത് മറ്റ് ഏതെങ്കിലും പദ്ധതികൾക്ക് വി.ജി.എഫ്. ഫണ്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തിരിച്ചടവിന് നിബന്ധന സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## തീരദേശ പരിപാലന നിയമം

73 **ശ്രീ വി ജോയി**
**ശ്രീ എം മുകേഷ്**
**ശ്രീ. എച്ച്. സലാം**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമം പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ തീരദേശ നിവാസികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും തീരമേഖലയുടെ വികസനത്തിനും ആവശ്യമായ നിലയിൽ സി.ആർ.ഇസഡ്-ൽ ഇളവു വരുത്തുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ;

(ബി) ഇതിന്റെ ഫലമായി സി.ആർ.ഇസഡ്-ൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള ഇളവുകൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(സി) ഇതു പ്രകാരം എത്ര തദ്ദേശ സ്ഥാപനങ്ങൾക്കാണ് സി.ആർ.ഇസഡിന്റെ ഇളവുകൾ ലഭ്യമാക്കുക;

(ഡി) എത്ര തദ്ദേശ സ്ഥാപനങ്ങളെക്കൂടി പ്രസ്തുത ഇളവുകളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് അറിയിക്കുമോ; എങ്കിൽ ആയതിലേക്ക് സ്വീട്ടുകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## പ്രവാസി മലയാളികൾക്ക് വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ

74 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**

**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലേക്ക് തിരികെയെത്തുന്ന പ്രവാസികൾക്ക് ഉപജീവനമാർഗ്ഗങ്ങൾ തേടുന്നതിന് സബ്സിഡിയോടു കൂടിയ കൂടുതൽ വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**പ്രവാസി ക്ഷേമ പദ്ധതികൾ**

75 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മേഖലയിൽ 2016 മുതൽ ഇതുവരെ പുതുതായി എത്രപേർക്ക് ക്ഷേമനിധി അംഗത്വം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസികളുടെ ക്ഷേമം മുൻനിർത്തി ഈ കാലയളവിൽ പെൻഷൻ ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന വിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ?

**മതസ്പർദ്ധ വളർത്തുന്ന പരാമർശത്തിനെതിരെ നടപടി**

76 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാനൽ ചർച്ചയിൽ ഒരു മതസമൂഹത്തെ അധിക്ഷേപിക്കുകയും അവരോട് മറ്റൊരു രാജ്യത്തേക്ക് പോകാൻ ആഹ്വാനം ചെയ്യുകൊണ്ടുമുള്ള പി. സി. ജോർജ്ജ് - ന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാമർശങ്ങൾക്കെതിരെ പോലീസിൽ ആരെങ്കിലും പരാതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പരാതിയിൽ കേസ്സെടുത്തിട്ടുണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്യതതെന്നും പ്രസ്തുത കേസിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) സമൂഹത്തിൽ സ്പർദ്ധ സൃഷ്ടിക്കുന്ന ഇത്തരം പരാമർശങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**പോലീസ് സേനയിലെ നിയമനങ്ങൾ**

77 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന പോലീസ് സേനയിൽ എത്ര പേർക്ക് നിയമനം നൽകിയെന്നും എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ക്രമസമാധാന പാലനം, കുറ്റാന്വേഷണം എന്നിവയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ പോലീസ് സേനയിലെ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>നവീൻ ബാബുവിന്റെ മരണത്തിൽ സി.ബി.ഐ. അന്വേഷണം</u>

78 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസ് അന്വേഷണത്തിൽ തെളിവുകൾ നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിൽ പോലീസിന് വീഴ്ച സംഭവിച്ചതായുള്ള കുടുംബത്തിന്റെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മുഴുവൻ തെളിവുകളും ശേഖരിക്കുന്നതിനും ആയവ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) സംഭവവുമായി ബന്ധപ്പെട്ട മുഴുവൻ സി.സി.ടി.വി. ദൃശ്യങ്ങളും ശേഖരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; നവീൻ ബാബുവിന്റെ ഫോൺ രേഖകൾ ഉൾപ്പെടെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത കേസിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറണമെന്ന കുടുംബത്തിന്റെ ആവശ്യം സർക്കാർ അംഗീകരിക്കാതിരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(ഇ) നവീൻ ബാബുവിന്റെ കുടുംബത്തിന്റെ ആവശ്യപ്രകാരം സി.ബി.ഐ. അന്വേഷണം നടത്തുന്നതിന് അനുകൂലമായ നിലപാട് സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ?

## <u>പോലീസിന്റെ പ്രവർത്തന മികവിന് ദേശീയ അംഗീകാരം</u>

79 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പോലീസിന്റെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി ദേശീയ തലത്തിലുള്ള ഏതെല്ലാം അംഗീകാരങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) സൈബർ മേഖലയിൽ സംസ്ഥാന പോലീസിൽ ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സംവിധാനങ്ങളുടെയും പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള പുരോഗതിയുടെയും വിശദാംശം ലഭ്യമാക്കുമോ?

## <u>കണ്ണൂർ മുൻ എ.ഡി.എം.-ന്റെ മരണത്തിലെ ഇൻക്വസ്റ്റ്, പോസ്റ്റുമോർട്ടം നടപടികൾ</u>

80 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മുൻ എ.ഡി.എം. നവീൻ ബാബുവിന്റെ മരണത്തിൽ ബന്ധുക്കളുടെ സാന്നിധ്യം ഇല്ലാതെ തിടുക്കപ്പെട്ട് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കിയതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചത്; ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പരിയാരം മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം നടത്തരുതെന്ന് നവീൻ ബാബുവിന്റെ ബന്ധുക്കൾ ആവശ്യപ്പെട്ടിട്ടും പ്രസ്തുത ആശുപത്രിയിൽ തന്നെ പോസ്റ്റുമോർട്ടം നടത്താൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നവീൻ ബാബുവിന്റെ അടിവസ്ത്രത്തിൽ രക്തക്കറ ഉണ്ടായിരുന്നതായി ഇൻക്വസ്റ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നിഗമനങ്ങൾ പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ ഉൾപ്പെടാത്തതിന്റെ കാരണം അന്വേഷണസംഘം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>പോലീസുകാരിൽ ആത്മഹത്യ</u>

81 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസുകാർക്കിടയിൽ ആത്മഹത്യ വർധിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) അരീക്കോട് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിലെ ഹവിൽദാറായിരുന്ന സി. വിനീതിന്റെ ആത്മഹത്യയിൽ സമഗ്ര അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പോലീസുകാരിൽ ആത്മഹത്യ വർധിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പോലീസ് സേനയിലെ അമിത ജോലിഭാരം കുറയ്ക്കാനും മാനസികാരോഗ്യം ഉറപ്പു വരുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## <u>തിരുവല്ലം പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതി</u>

82 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലം പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 08/05/2024 തീയതിയായി രജിസ്റ്റർ ചെയ്ത നമ്പർ 0479 പ്രഥമ വിവര റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ;

(ബി) തിരുവല്ലം പോലീസ് സ്റ്റേഷനിൽ പരാതിക്കാരിയുടെ മൊഴി കൃത്യമായി രേഖപെടുത്തിയില്ലെന്നും പരാതിയിൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുകൾ കൃത്യമായി ചാർജ് ചെയ്തില്ലെന്നും കാണിച്ച് 06.05.2024 ലും 24.05.2024 ലും പ്രസ്തുത പരാതിക്കാരി, തിരുവനന്തപുരം ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസിന് നിവേദനം നൽകിയതിനെ തുടർന്ന് എസ്.സി/എസ്.ടി (പി.ഒ.എ.) ആക്ട് അനുസരിച്ചുള്ള വകുപ്പുകൾ കൂടി ചേർത്തിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസിൽ ആരൊക്കെയാണ് ആരോപണവിധേയർ എന്ന് വ്യകതമാക്കുമോ; ആരോപണ വിധേയരുടെ മൊഴി എടുത്തിരുന്നോ; ഇല്ലെങ്കിൽ മൊഴി എടുക്കാനുള്ള

കാലതാമസം വിശദമാക്കാമോ;

(ഡി) പ്രസ്തുത കേസന്വേഷണം ഊർജ്ജിതമാക്കാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

## സസ്പെൻഷൻ നേരിട്ട പോലീസ് ഉദ്യോഗസ്ഥർ

83 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണ്ട - പോലീസ് ബന്ധത്തിന്റെ അടിസ്ഥാനത്തിൽ സസ്പെന്റ് ചെയ്തതായി 01-02-2023 ലെ 89, 90-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യങ്ങൾക്കുള്ള മറുപടിയിൽ പരാമർശിച്ചിരുന്ന 14 പോലീസുദ്യോഗസ്ഥരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത 14 പോലീസുദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഗുണ്ടകളുമായി ബന്ധം സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി നേരിടുന്ന എത്ര പോലീസ് ഉദ്യോഗസ്ഥർ നിലവിൽ സേനയിൽ ജോലിചെയ്യുന്നുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

## പോലീസ് ആശുപത്രികളിലെ നിയമനങ്ങൾ

84 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തരവകുപ്പിന്റെ കീഴിൽ എത്ര ആശുപത്രികൾ എവിടെയെല്ലാം പ്രവർത്തിച്ചുവരുന്നു എന്ന് വിശദമാക്കുമോ; ഈ ആശുപത്രികൾ ആരുടെ കീഴിലാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പോലീസ് ആശുപത്രികളിൽ നിലവിൽ ആരോഗ്യവകുപ്പിൽ നിന്നും ട്രാൻസ്ഫർ ആൻഡ് പോസ്റ്റിംഗ് വഴി ജീവനക്കാരെ നിയമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പോലീസ് ആശുപത്രികളിൽ മുൻകാലങ്ങളിൽ ട്രാൻസ്ഫർ ആൻഡ് പോസ്റ്റിങ്ങ് വഴി നിയമിതരായ ആരോഗ്യവകുപ്പ് ജീവനക്കാർ ഡെപ്യൂട്ടേഷൻ അനുമതിയോ വകുപ്പിൽ നിന്നുള്ള എൻ.ഒ.സി-യോ വാങ്ങാതെ കാലാകാലങ്ങളായി ചട്ടവിരുദ്ധമായി ഈ ആശുപത്രികളിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ആരോഗ്യവകുപ്പിൽ നിന്നുള്ള ജീവനക്കാർ അഞ്ചുവർഷത്തിന് ശേഷവും പോലീസ് ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്നുണ്ടോ; എങ്കിൽ ഇതുമൂലം ആരോഗ്യവകുപ്പിലുള്ള മറ്റു ജീവനക്കാർക്ക് പോലീസ് ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പോലീസ് ആശുപത്രികളിൽ നിന്നും അദർ ഡ്യൂട്ടി പൂർത്തിയാക്കി മാതൃവകുപ്പായ ആരോഗ്യ വകുപ്പിലേക്ക് തിരികെ പോകുന്ന ജീവനക്കാർ ബന്ധപ്പെട്ട പോലീസ് മേധാവിയിൽ നിന്നും രേഖാമൂലം അറിയിപ്പ് ലഭിച്ച ശേഷമാണോ പോകുന്നത്; എങ്കിൽ അത്തരത്തിൽ നൽകിയിട്ടുള്ള അനുമതികളുടെ പകർപ്പ് ലഭ്യമാക്കുമോ?

## അന്തിക്കാട് സ്റ്റേഷനിലെ ഇൻസ്പെക്ടർ നിയമനം

85 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷനിൽ മാസങ്ങളായി ഇൻസ്പെക്ടർ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## പോലീസ് റിസർച്ച് സെന്ററിന് ഗവേഷണ കേന്ദ്ര പദവി

86 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് അക്കാദമിയിലെ പോലീസ് റിസർച്ച് സെന്ററിന്, 29.07.2024-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ ഉത്തരവ് (U.O.No. 11659/2024/Admn) പ്രകാരം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഗവേഷണ കേന്ദ്രമാക്കിക്കൊണ്ടുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പോലീസ് റിസർച്ച് സെന്ററിലെ ഗവേഷണ ഗൈഡായി പരിഗണിക്കുവാനായി പോലീസ് സേനയിലെ എത്ര അംഗങ്ങളുടെ യോഗ്യത സർട്ടിഫിക്കറ്റുകളാണ് സമർപ്പിച്ചത്; ഈ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സെന്ററിൽ ഇതുവരെ എത്ര ഗവേഷണങ്ങൾ, ഏതെല്ലാം വിഷയങ്ങളിലാണ് ആരംഭിച്ചതെന്ന് വിശദീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് കേരള പോലീസും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം നിലവിലുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ 2024-26 അദ്ധ്യയന കാലത്തേയ്ക്കുള്ള എം. എസ് സി (ഫോറൻസിക് സയൻസ്) കോഴ്സിൽ, കേരളാ പോലീസ് അക്കാദമിയിലെ എത്ര പോലീസ് സേനാംഗങ്ങൾ ചേർന്നിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; പോലീസ് സേനാംഗങ്ങൾ ചേർന്നിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## മുൻ കണ്ണൂർ എ.ഡി.എം. -ന് എതിരായ കൈക്കൂലി ആരോപണം

87 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിനെതിരെ കൈക്കൂലി ആരോപണം ഉന്നയിച്ച് ടി.വി പ്രശാന്തൻ എന്ന വ്യക്തി മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പരാതി നൽകിയത്; പ്രസ്തുത പരാതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇപ്രകാരം പരാതി നൽകിയിട്ടില്ലാത്ത പക്ഷം മുഖ്യമന്ത്രിക്ക് നൽകിയ പരാതി എന്ന പേരിൽ വ്യാജ രേഖകൾ സൃഷ്ടിച്ചതിന് ഇയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രസ്തുത വ്യാജ രേഖകളുടെ ഉറവിടം കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോ; ഈ കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

## അട്ടപ്പാടിയിലെ ആദിവാസി ജനവിഭാഗത്തിന്റെ നിവേദനം

88 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി ജനവിഭാഗം ഏറ്റവും ഒടുവിൽ മുഖ്യമന്ത്രിയെ കണ്ട് നിവേദനം സമർപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ; പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം തുടർനടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളാണ് നാളിതുവരെ അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളത്; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## സ്കൂളുകളിൽ എസ്.പി.സി.

89 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അധ്യയന വർഷത്തിൽ ഏതെങ്കിലും സ്കൂളുകളിൽ പുതുതായി എസ്.പി.സി. അനുവദിച്ചിട്ടുണ്ടോ;

(ബി) എസ്.പി.സി.-യ്ക്കായി അപേക്ഷ നൽകിയിട്ടുള്ള കൊയിലാണ്ടി മണ്ഡലത്തിലെ ചിങ്ങപുരം സി.കെ.ജി. ഹയർ സെക്കണ്ടറി സ്കൂൾ ഉൾപ്പെടെയുള്ളവയ്ക്ക് എസ്.പി.സി. അനുവദിക്കുന്നത് പരിഗണനയിലുണ്ടോ?

## രാഷ്ട്രീയ കൊലപാതകങ്ങൾ തടയാൻ നടപടി

90 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ട കൊലപാതക കേസിന്റെ, എറണാകുളം സി. ബി. ഐ. കോടതിയുടെ വിധിയിൽ, കൊലപാതകത്തിലും ഗൂഢാലോചനയിലും ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയ്ക്ക് പങ്കുള്ളതായ കണ്ടെത്തൽ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) രാഷ്ട്രീയ കൊലപാതകങ്ങളിൽ പ്രതിയാകുന്നവർക്കും ശിക്ഷിക്കപ്പെടുന്നവർക്കും രാഷ്ട്രീയ പാർട്ടികൾ തന്നെ സംരക്ഷണം നൽകുന്നതിലൂടെ നീതിന്യായ വ്യവസ്ഥയെ വെല്ലുവിളിക്കുന്ന സ്ഥിതി അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>പെരിയ ഇരട്ടക്കൊലക്കേസിലെ ക്രൈംബ്രാഞ്ച് അന്വേഷണം</u>

91 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ടക്കൊലക്കേസിൽ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ മുൻ എം.എൽ.എ. ഉൾപ്പെടെയുള്ള നേതാക്കൾ ശിക്ഷിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രതികളെ പോലീസ് കസ്റ്റഡിയിൽ നിന്നും മോചിപ്പിച്ചതുൾപ്പടെ ഈ കേസുമായി ബന്ധപ്പെട്ട് പ്രസ്തുത നേതാക്കൾ നടത്തിയ കുറ്റകൃത്യങ്ങളും ഗൂഢാലോചനയും ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നോ; എങ്കിൽ ക്രൈംബ്രാഞ്ചിന്റെ പ്രധാന കണ്ടെത്തലുകൾ വെളിപ്പെടുത്താമോ;

(സി) മേൽപ്പറഞ്ഞവ ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ കണ്ടെത്താൻ സാധിക്കാത്തത് അന്വേഷണത്തിലെ വീഴ്ചയായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇപ്രകാരം വീഴ്ച വരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>പെരിയ ഇരട്ടക്കൊലപാതക അന്വേഷണം</u>

92 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ടക്കൊലപാതക അന്വേഷണവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് സംഘം ഡി.എൻ.എ. പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഡി.എൻ.എ. ഫലത്തിന്റെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് കണ്ടെത്തിയ വിവരങ്ങൾ എന്തൊക്കെയാണെന്നും അതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത കേസിൽ ഗൂഢാലോചന, തെളിവ് നശിപ്പിക്കൽ, പോലീസ് കസ്റ്റഡിയിൽ നിന്നും പ്രതികളെ കടത്തിക്കൊണ്ടുപോകൽ എന്നിവ സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ ക്രൈംബ്രാഞ്ചിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കുമോ?

## <u>ടി.പി. വധക്കേസ് പ്രതിയുടെ പരോൾ</u>

93 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.പി. വധക്കേസ്സിലെ പ്രതിയായ കൊടി സുനിക്ക് മുപ്പത് ദിവസത്തെ പരോൾ അനുവദിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നുവോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രതിക്ക് പരോൾ അനുവദിക്കുന്നതിനായി പോലീസ് റിപ്പോർട്ടും പ്രോബേഷൻ റിപ്പോർട്ടും ലഭ്യമാക്കിയിരുന്നോ; വിശദമാക്കാമോ;

(സി) പ്രസ്തുത കേസ്സിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയവെ ടിയാൻ ക്രിമിനൽ ഗൂഡാലോചന നടത്തിയതായ ആരോപണത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ജയിലിൽ കഴിയവെ ക്രിമിനൽ ഗൂഡാലോചന നടത്തിയതായ ആരോപണം നേരിടുന്ന വ്യക്തിക്ക് ഒരു മാസത്തെ പരോൾ അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

## രാഷ്ട്രീയ കൊലപാതകങ്ങൾ

94 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളിൽ വ്യാജ പ്രതികളെ നിയമത്തിന് മുന്നിൽ ഹാജരാക്കുന്നതിലൂടെ അന്വേഷണം ദുർബലപ്പെടുത്തി യഥാർത്ഥ പ്രതികൾ രക്ഷപ്പെടുന്നതിന് അവസരം ഒരുക്കുന്ന രീതി പിന്തുടരുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) എങ്കിൽ വ്യാജ പ്രതികളെ ഹാജരാക്കി തെളിവുകളുടെ അഭാവത്തിൽ അവരെ കുറ്റവിമുക്തരാക്കിയതായി സംശയിക്കുന്ന കേസുകളിൽ പുനരന്വേഷണം നടത്തുവാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

## രാഷ്ട്രീയ കൊലപാതകങ്ങൾ തടയാൻ നടപടി

95 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ടക്കൊലപാതക കേസിൽ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ നേതാക്കളും മുൻ എം.എൽ.എ.യും ഉൾപ്പെടെ ശിക്ഷിക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് 2011 മുതൽ നാളിതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; ഓരോ കേസിലും ശിക്ഷിക്കപ്പെട്ട പ്രതികളുടെ രാഷ്ട്രീയ പശ്ചാത്തലം എന്താണെന്ന് വ്യക്തമാക്കുമോ; എത്ര കേസുകളിൽ പ്രതികളെ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നും ഏതൊക്കെ കേസുകളിലെന്നും വ്യക്തമാക്കുമോ?

## പോക്സോ കേസുകൾ

96 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഇത്തരം അതിക്രമങ്ങളെ തുടർന്ന് എത്ര കുട്ടികൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിയമത്തെയും അവകാശങ്ങളെയും കുറിച്ച് കുട്ടികൾക്കുള്ള അജ്ഞത മൂലം പോക്സോ കേസുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും നിയമപരിരക്ഷ നിലനിൽക്കുമ്പോഴും കുട്ടികൾ തുടർച്ചയായി ചൂഷണത്തിന് വിധേയരാവുകയും ചെയ്യുന്ന സാഹചര്യത്തെ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പത്തനംതിട്ട പോക്സോ കേസ് ഉൾപ്പെടെ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിൽ സർക്കാർ സംവിധാനം പരാജയപ്പെടുന്നതായ ആക്ഷേപങ്ങളിൽ ഇത് പരിഹരിക്കുന്നതിനായി ആഭ്യന്തരവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

97 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള അതിക്രമങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും മേൽപ്പറഞ്ഞ അതിക്രമങ്ങളിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നുമുള്ള വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ?

## സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ

98 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെ ഉണ്ടായ അതിക്രമങ്ങൾ എത്രയെന്ന് ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെ അതിക്രമം നടത്തിയ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും പ്രതികളായ എത്ര പേരെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സംസ്ഥാനത്ത് സമൂഹമാധ്യമങ്ങൾ വഴി സ്ത്രീകൾക്കെതിരെ അധിക്ഷേപം നടത്തിയ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം

99 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 2024-ൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന്

ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ ഉൾപ്പെട്ട പിടികൂടാനുള്ള പ്രതികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പത്തനംതിട്ടയിൽ വിദ്യാർത്ഥിനി തുടർച്ചയായ ലൈംഗിക പീഡനങ്ങൾക്ക് ഇരയായ സംഭവവുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും സംഭവത്തിൽ എത്ര പ്രതികളാണുള്ളതെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ?

## സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ

100 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള അതിക്രമങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്ര കേസുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ടെന്നും എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും മേൽപ്പറഞ്ഞ അതിക്രമങ്ങളിൽ എത്ര സ്ത്രീകൾക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നുമുള്ള വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ?

## മോഷണ സംഘങ്ങൾ

101 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഷണങ്ങൾ വർദ്ധിക്കുന്നത് തടയാൻ സാധിക്കുന്നില്ലെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കുറുവാ സംഘം ഉൾപ്പെടെ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ക്രിമിനൽ സ്വഭാവമുള്ള മോഷണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) എങ്കിൽ പ്രസ്തുത സംഘങ്ങളെ കീഴ്പ്പെടുത്താൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഈ കാര്യത്തിൽ അടിയന്തര കർമ്മ പദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മോഷണ കേസുകൾ

102 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര മോഷണ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടെന്നും എത്ര കേസുകളിൽ മോഷണ മുതൽ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടെന്നും എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ കുറ്റവിമുക്തരായിട്ടുണ്ടെന്നുമുള്ള വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ?

## പെരിയ ഇരട്ടക്കൊലപാതക കേസ്

103 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ടക്കൊലപാതക കേസ് സി.ബി.ഐ. അന്വേഷണത്തിന് വിടുവാൻ ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവ് നൽകിയത് എന്നാണെന്നും കോടതി ഉത്തരവ് ലഭിച്ചിട്ടും കേസ് രേഖകൾ കൈമാറുന്നതിൽ പോലീസ് കാലതാമസം വരുത്താൻ ഇടയായ സാഹചര്യം എന്താണെന്നും കേസ് രേഖകൾ എപ്പോഴാണ് സി.ബി.ഐ.ക്ക് കൈമാറിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൊലപാതക കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് സി.ബി.ഐ.യും സംസ്ഥാന പോലീസും തമ്മിൽ നടത്തിയ മുഴുവൻ കത്തിടപാടുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

## ടി.പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതിയുടെ പരോൾ

104 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതിയായ കൊടി സുനിയുടെ ശിക്ഷാ കാലയളവും നാളിതുവരെ അനുവദിച്ച പരോൾ കാലയളവും പരോൾ അനുവദിക്കുന്നതിന് അടിസ്ഥാനമാക്കിയ കാരണങ്ങൾ എന്തൊക്കെയാണെന്നും ആകെ അനുവദിച്ച പരോൾ ദിനങ്ങൾ എത്രയാണെന്നും ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രതിക്ക് പോലീസ് റിപ്പോർട്ടുകൾ അവഗണിച്ചുകൊണ്ട് പരോൾ അനുവദിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരോൾ അനുവദിച്ചത് സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രതിക്ക് പരോൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാന സർക്കാരും ജയിൽ വകുപ്പുമായി നടത്തിയിട്ടുള്ള കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## കോതമംഗലം കള്ളാട് സാറാമ്മ ഏലിയാസിന്റെ കൊലപാതക കേസിലെ ക്രൈംബ്രാഞ്ച് അന്വേഷണം

105 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കള്ളാട് സാറാമ്മ ഏലിയാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) അന്വേഷണവുമായി ബന്ധപ്പെട്ട തുർനടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പെരിയ ഇരട്ട കൊലപാതക കേസിൽ സി. ബി. ഐ. അന്വേഷണം

106 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ട കൊലപാതക കേസിൽ സി. ബി. ഐ. അന്വേഷണം സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ നേതാക്കളടക്കം പ്രതികളായ കേസിൽ പ്രതികളെ സംരക്ഷിക്കാനാണ് കോടികൾ ചെലവിട്ട് സി.ബി.ഐ. അന്വേഷണം തടയാൻ ശ്രമിച്ചത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) രാഷ്ട്രീയ കൊലപാതകങ്ങളിൽ നീതിയുക്തമായ അന്വേഷണം നടത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## <u>അയിരൂർപ്പാടം ആമിന അബ്ദുൾ ഖാദർ കൊലപാതക കേസ്</u>

107 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ അയിരൂർപ്പാടം ആമിന അബ്ദുൾ ഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത കേസിന്റെ തുടർനടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ഒന്നിലധികം പാസ്പോർട്ടുകൾ കൈവശം വച്ചവർക്കെതിരെയുള്ള കേസുകൾ</u>

108 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നിലധികം പാസ്പോർട്ടുകൾ സമ്പാദിക്കുകയും കൈവശം വയ്ക്കുകയും ചെയ്ത കുറ്റത്തിന് സംസ്ഥാനത്ത് എത്ര പേർക്കെതിരെ കേസുകൾ നിലവിലുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്രകാലമായി ഈ കേസുകൾ നിലനിൽക്കുന്നുവെന്നും ഏതു വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തതെന്നും വ്യക്തമാക്കാമോ;

(സി) ഈ കേസുകൾക്ക് പരമാവധി ലഭിക്കാവുന്ന ശിക്ഷ എന്താണെന്നും ഇതിനകം എത്ര ആളുകളെ ശിക്ഷിച്ചെന്നും ശിക്ഷയുടെ സ്വഭാവം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) പെട്ടെന്ന് തീർപ്പാക്കാവുന്നവ ആയിട്ടും ഈ കേസുകളിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കാലതാമസം മൂലം തൊഴിൽ സമ്പാദിക്കുന്നതിനും മറ്റ് ജീവിത ഉപാധികൾ കണ്ടെത്തുന്നതിനും കേസിൽപെട്ടവർ അഭിമുഖീകരിക്കുന്ന പ്രതിബന്ധങ്ങൾ/ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഗുണ്ട ആക്രമണങ്ങൾ

109 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ, സംസ്ഥാനത്ത് എത്ര ഗുണ്ട ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഗുണ്ട ആക്രമണങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കുമോ?

## കൊച്ചി കലൂർ സ്റ്റേഡിയത്തിൽ നടന്ന അപകടം

110 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കലൂർ സ്റ്റേഡിയത്തിൽ നടന്ന മൃദംഗനാദം എന്ന നൃത്തപരിപാടിക്ക് പോലീസ് അനുമതി നല്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) മന്ത്രിയും ജനപ്രതിനിധികളും പങ്കെടുത്ത പ്രസ്തുത പരിപാടിയുടെ സ്റ്റേജിന്റെ സുരക്ഷാ പരിശോധന പോലീസ് നടത്തിയിരുന്നോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പരിപാടിയിലെ സുരക്ഷാവീഴ്ച കാരണം ഉമാ തോമസ് എം.എൽ.എ.യ്ക്ക് ഗുരുതരമായ പരിക്ക് പറ്റിയ സംഭവത്തിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കുമ്പള, മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിലെ വാഹനാപകടങ്ങൾ

111 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുമ്പള, മഞ്ചേശ്വരം പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ ദേശീയ പാത 66-ൽ 2021 ജനുവരി 1 മുതൽ 2025 ജനുവരി 14 വരെ എത്ര വാഹനാപകടങ്ങൾ നടന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനാപകടങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ ക്രൈം നമ്പർ, അപകടം നടന്ന തീയതി, സ്ഥലം, മരണപ്പെട്ട അല്ലെങ്കിൽ പരിക്ക് പറ്റിയ വ്യക്തികളുടെ പേര്, മേൽവിലാസം, മൊഴി നൽകിയ ആളുടെ പേര് എന്നീ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസുകളുടെ എഫ്. ഐ. ആർ. പകർപ്പ് ലഭ്യമാക്കുമോ?

## ഓൺലൈൻ തട്ടിപ്പുകൾ

112 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ൽ സംസ്ഥാനത്ത് ഓൺലൈൻ തട്ടിപ്പ് സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത വർഷം സംസ്ഥാനത്ത് ഓൺലൈൻ തട്ടിപ്പിലൂടെ എത്ര രൂപ നഷ്ടപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കുമോ?

## ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ തടയാൻ നടപടി

113 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന സാമ്പത്തിക തട്ടിപ്പുകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത തട്ടിപ്പ് കേസുകൾ കൈകാര്യം ചെയ്യുന്നതിന് കുറ്റാന്വേഷണ വിഭാഗത്തിന്റെ വൈദഗ്ദ്ധ്യം കാലാനുസൃതമായി മെച്ചപ്പെടുത്തുതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) സർക്കാർ-അർദ്ധ സർക്കാർ-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളുടെ ഹാക്കിംഗ് ഉൾപ്പെടെയുള്ള തട്ടിപ്പുകൾ കണ്ടെത്തുന്നതിനും തടയുന്നതിനും അന്വേഷണം കാര്യക്ഷമമാക്കുന്നതിനും സാങ്കേതികവൈദഗ്ദ്ധ്യമുള്ള ഒരു കുറ്റാന്വേഷണ വിഭാഗത്തെ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കോടഞ്ചേരി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

114 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറലിലെ കോടഞ്ചേരി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച് ഏറെ നാളുകളായെങ്കിലും തുടർപ്രവർത്തനങ്ങൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെൻഡർ ചെയ്യുന്നതിനും വകുപ്പ് മുഖേന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

115 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പന്തീരാങ്കാവ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

116 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റി പരിധിയിൽ പ്രവർത്തിച്ചുവരുന്ന പന്തീരാങ്കാവ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ സ്ഥലം സൗജന്യമായി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയത് ഏറ്റെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>**

117 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നത് പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മങ്കട പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>**

118 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങളും ഇവ പരിഹരിയ്ക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിനായി അനുയോജ്യമായ സ്ഥലം അടിയന്തരമായി ഏറ്റെടുത്ത് നിർമ്മാണം ആരംഭിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>നഗരൂർ പോലീസ് സ്റ്റേഷനിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി</u>**

119 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ പോലീസ് സ്റ്റേഷനിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സ്റ്റേഷനിൽ ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ എസ്.എച്ച്.ഒ. ആയി നിയമിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) മറ്റ് പോലീസ് സ്റ്റേഷനുകളുമായി താരതമ്യം ചെയ്യുമ്പോൾ നഗരൂർ സ്റ്റേഷൻ പരിധിയിൽ ഉണ്ടാകുന്ന കേസുകൾക്ക് ആനുപാതികമായി പോലീസുകാർ ഇല്ലാത്ത സാഹചര്യം നിലവിലുണ്ടോ;

(ഡി) അനുവദിക്കപ്പെട്ട തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ?

**<u>കല്ലടിക്കോട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>**

120 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കല്ലടിക്കോട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ?

**<u>മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>**

121 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറലിൽ ഉൾപ്പെടുന്ന മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പൂർത്തീകരണത്തിന് പ്ലാൻ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) കെട്ടിട നിർമ്മാണ പൂർത്തീകരണത്തിന് ഫണ്ട് അനുവദിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**<u>കുറ്റ്യാടി ആയഞ്ചേരിയിൽ പുതിയ പോലീസ് സ്റ്റേഷൻ</u>**

122 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി കഴിഞ്ഞ അഞ്ചു വർഷത്തിനിടെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കുറ്റ്യാടി മണ്ഡലത്തിലെ ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് പ്രസ്തുത കേസന്വേഷണങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രയോജനകരമാകുമോ; വിശദമാക്കാമോ;

(സി) ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>അരൂർ പോലീസ് സ്റ്റേഷന് ഭൂമി</u>**

123 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ദേശീയപാതയോട് ചേർന്നുള്ള സർക്കാർ പുറംപോക്ക് ഭൂമി അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ലഭ്യമാക്കുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ടി ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ?

## എൻ. എം. വിജയന്റെയും മകന്റെയും ആത്മഹത്യ

124 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എം.വിജിൻ**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ എൻ. എം. വിജയന്റെയും മകൻ ജിജേഷിന്റേയും ആത്മഹത്യക്കിടയാക്കിയ സാഹചര്യം സംബന്ധിച്ച് പോലീസ് നടത്തുന്ന അന്വേഷണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എൻ.എം. വിജയന്റേതായി പ്രചരിക്കുന്ന ആത്മഹത്യാക്കുറിപ്പുകളുടെയും കുടുംബാംഗങ്ങളുടെ മൊഴികളുടെയും അടിസ്ഥാനത്തിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും അന്വേഷണ ചുമതല ഏൽപ്പിച്ചിരിക്കുന്നത് ആരെയെന്നും വ്യക്തമാക്കാമോ?

## റോഡ് വികസനത്തിനായി കൂട്ടമണ്ണ എം.എസ്.പി. യുടെ ഭൂമി

125 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൂട്ടമണ്ണ എം.എസ്.പി. യുടെ അധീനതയിൽ ഉള്ള ഗ്രൗണ്ടിന്റെ വടക്ക്,കിഴക്ക് ഭാഗങ്ങളിൽ റോഡ് നിർമ്മാണത്തിന് സർക്കാർ അനുവദിച്ച 5 സെന്റ് ഭൂമിയിൽ വടക്ക് ഭാഗത്തുള്ള 2.5 സെന്റ് ഭൂമി അലൈൻമെന്റ് മാറ്റം വരുത്തി നൽകണമെന്നാവശ്യപ്പെട്ട് സി.എം.ഒ. പോർട്ടൽ വഴി എം.എൽ.എ സമർപ്പിച്ച നിവേദനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ഇത് സംബന്ധിച്ച ആഭ്യന്തര വകുപ്പിന്റെ ഫയലിൽ റവന്യൂ വകുപ്പും ധനകാര്യ വകുപ്പും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കൂട്ടമണ്ണ പ്രദേശത്തെ അമ്പതിൽപരം കുടുംബങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് വടക്ക്, കിഴക്ക് ഭാഗങ്ങളിൽ ഗതാഗതയോഗ്യമായ റോഡ് നിർമ്മിക്കുന്നതിനുള്ള സാങ്കേതിക തടസങ്ങൾ പരിഹരിക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുമോ?

## ആക്കുളം ഫ്ലോട്ടിങ് ഗ്ലാസ് ബ്രിഡ്ജ് തകർന്നതിൽ അന്വേഷണം

126 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ഫ്ലോട്ടിങ് ഗ്ലാസ് ബ്രിഡ്ജ് തകർന്ന സംഭവത്തിൽ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(ബി) പ്രസ്തുത അന്വേഷണം സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## വെടിക്കെട്ടും കരിമരുന്ന് പ്രയോഗങ്ങളും

127 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെടിക്കെട്ടും കരിമരുന്ന് പ്രയോഗങ്ങളും നടത്തുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വെടിക്കെട്ടും കരിമരുന്ന് പ്രയോഗങ്ങളും നടത്തുന്നതിനുള്ള അനുമതിക്കുവേണ്ടി 2024-ൽ ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം എത്ര;

(സി) ഈ അപേക്ഷകളിൽ അനുമതി നിഷേധിക്കപ്പെട്ടവ എത്ര;

(ഡി) 2024- ൽ അനുമതി കൂടാതെ വെടിക്കെട്ടും കരിമരുന്ന് പ്രയോഗങ്ങളും നടത്തിയതായതായി ആഭ്യന്തര വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും അതിന്മേൽ സ്വീകരിച്ച നടപടിയും വിശദമാക്കാമോ;

(ഇ) 2016 മുതൽ സംസ്ഥാനത്ത് നടന്നിട്ടുള്ള വെടിക്കെട്ട് അപകടങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ;

(എഫ്) 2016 മുതൽ നടന്നിട്ടുള്ള വെടിക്കെട്ട് അപകടങ്ങൾക്ക് കാരണക്കാരായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കണ്ണൂർ മുൻ എ.ഡി.എം.-നെതിരെയുള്ള പരാതി

128 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിനെതിരെ അഴിമതി ആരോപിച്ച് ടി.വി. പ്രശാന്തൻ എന്ന വ്യക്തി മുഖ്യമന്ത്രിക്ക് പരാതി നൽകിയിരുന്നോ എന്നു അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സംഭവത്തിൽ വ്യാജ പരാതി ഉണ്ടാക്കി പ്രതികളെ രക്ഷപെടുത്താനും മരണപ്പെട്ട വ്യക്തിയെ അപകീർത്തിപ്പെടുത്താനും ശ്രമിച്ച ടി.വി. പ്രശാന്തനെതിരെ കേസ് എടുക്കുകയോ പ്രതി ചേർക്കുകയോ ചെയ്തിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

## ടി. പി. ചന്ദ്രശേഖരൻ വധക്കേസ്

129 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതികളിൽ ഓരോരുത്തരുടെയും ശിക്ഷാ കാലയളവ്, നാളിതുവരെ ഓരോരുത്തർക്കും അനുവദിച്ച പരോൾ കാലയളവ്, പരോൾ

അനുവദിക്കുന്നതിന് അടിസ്ഥാനമാക്കിയ കാരണങ്ങൾ, ഓരോരുത്തർക്കും ആകെ അനുവദിച്ച പരോൾ ദിനങ്ങൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ?

## പെറ്റികേസുകളുള്ള ഉദ്യോഗാർത്ഥികൾ

130 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽമറ്റ് ഉപയോഗിക്കാത്തത്, കൊറോണ സമയത്ത് മാസ്ക് ധരിക്കാത്തത് എന്നിവ പോലെയുള്ള കുറ്റകൃത്യങ്ങളുടെ പേരിൽ പെറ്റി കേസുകളുള്ള, പി.എസ്.സി. വഴി പോലീസ് സേനയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പെറ്റികേസുകൾ നിലനിൽക്കുമ്പോൾ പി.എസ്.സി. വഴി ജോലി ലഭിക്കേണ്ടവർക്ക് പോലീസ് വേരിഫിക്കേഷൻ മാനദണ്ഡങ്ങളിൽ ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ഏതെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ വിശദാംശങ്ങൾ നൽകാമോ?

## സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം

131 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർദ്ധ സൈനിക വിഭാഗങ്ങൾക്ക് പുറമേ സംസ്ഥാനത്തെ പോലീസ്, ജയിൽ, ഫയർ ഫോഴ്സ് വകുപ്പുകൾക്ക് സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം അനുവദിച്ചിരുന്നോ; വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത സംവിധാനത്തിന്റെ ആനുകൂല്യങ്ങൾ പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ജയിൽ, ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരെ പ്രസ്തുത സംവിധാനത്തിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത സംവിധാനം ജയിൽ, ഫയർ ഫോഴ്സ് വകുപ്പുകൾക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

## ക്രിമിനോളജിസ്റ്റ് തസ്തികയിലെ നിയമനം

132 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിലെ ക്രിമിനോളജിസ്റ്റ് തസ്തിക നിലവിൽ ഒഴിഞ്ഞു കിടക്കുകയാണോ; വ്യക്തമാക്കാമോ;

(ബി) ക്രിമിനോളജിസ്റ്റ് അഞ്ച് വർഷത്തെ വേതന രഹിത അവധിയിൽ പ്രവേശിച്ചതിനുശേഷം ഈ ഒഴിവിൽ താത്കാലിക നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ക്രിമിനോളജിസ്റ്റിനായി പി.എസ്.സി. നിഷ്കർഷിച്ചിട്ടുള്ള എം.എ./എം.എസ് സി (ക്രിമിനോളജി) യോഗ്യതയും മറ്റ് അധിക യോഗ്യതകളുമുള്ള എത്ര പേർ പ്രസ്തുത ലീവ് വേക്കൻസിയിൽ നിയമനം ലഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(ഡി) കേരള പോലീസിലെ ക്രിമിനോളജിസ്റ്റ് ലീവ് വേക്കൻസിയിൽ യോഗ്യതയുള്ള പോലീസ് സേനാംഗങ്ങളിൽ നിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>സിവിൽ പോലീസ് ഓഫീസർ നിയമനം</u>

133 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ സംസ്ഥാന പോലീസ് സേനയിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>മുൻ കണ്ണൂർ എ.ഡി.എം. നവീൻ ബാബുവിനെതിരെയുള്ള വിജിലൻസ് അന്വേഷണം</u>

134 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കണ്ണൂർ എ.ഡി.എം. നവീൻ ബാബുവിനെതിരെ പെട്രോൾ പമ്പ് ആരംഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ച വ്യക്തിയുടെ പരാതിയിൽ വിജിലൻസ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കൈക്കൂലി വാങ്ങിയതിന് തെളിവില്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണത്തിന്റെ അന്തിമ റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അന്തിമ റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>എ.ഡി.ജി.പി. എം.ആർ. അജിത് കുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം</u>

135 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് എ.ഡി.ജി.പി. എം.ആർ. അജിത് കുമാറിനെതിരെ വിജിലൻസ് അന്വേഷണ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>സർക്കാർ ജീവനക്കാർക്കെതിരെയുള്ള അഴിമതി/കൈക്കൂലി കേസുകൾ</u>

136 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ വന്നതിനുശേഷം സർക്കാർ ജീവനക്കാർക്കെതിരെ എത്ര അഴിമതി/കൈക്കൂലി കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന കണക്ക് വകുപ്പും ജില്ലയും തിരിച്ച് വിശദമാക്കാമോ;

(ബി) സർക്കാർ സർവ്വീസിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**<u>പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണം</u>**

137 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി സമുച്ചയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും ഇനി പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതാണെന്നും വിശദമാക്കാമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**<u>ഈരാറ്റുപേട്ടയിൽ അഡീഷണൽ ജില്ലാ കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി</u>**

138 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോടതികൾ സ്ഥാപിക്കുന്നതിനായി 02/03/2016 തീയതിയിലെ സ.ഉ.(കൈ)നം.79/2016/ആഭ്യന്തരം പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും തുടർന്ന് 20.10.2023-ലെ 7എ (1)29257/15/ഡി11 നമ്പർ ഉത്തരവിലെ ഇനം.നം. 15 ആയി ബഹു. കേരള ഹൈക്കോടതി ശിപാർശ ചെയ്തിട്ടുള്ളതുമായ അഡീഷണൽ ജില്ലാ കോടതി ,ഈരാറ്റുപേട്ട കോർട്ട് കോംപ്ലക്സിൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണ പുരോഗതി</u>**

139 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും 2018-ൽ ഭരണാനുമതി ലഭിച്ചിട്ടും കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർമ്മാണ ചുമതലയുള്ള കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ നിലവിലുള്ള തടസങ്ങൾ എന്തൊക്കെയാണെന്നും അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ പോലെയുള്ള ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോയെന്ന് വിശദമാക്കുമോ?

## ആലത്തൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

140 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് കെട്ടിടവിഭാഗം തയ്യാറാക്കിയതും ഫയർ ആൻഡ് റസ്ക്യൂ വകുപ്പ് അംഗീകരിച്ചതുമായ എസ്റ്റിമേറ്റിനും പ്ലാനിനും മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റും പ്ലാനും അംഗീകരിക്കുന്നതിന് നിലവിൽ സാങ്കേതിക തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പുതിയ ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതുവരെ ശോചനീയമായ കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫയർ സ്റ്റേഷനുവേണ്ടി സ്വീകരിച്ചിരിക്കുന്ന ബദൽ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

## പുതുക്കാട് ഫയർ സ്റ്റേഷൻ നവീകരണം

141 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് ഫയർ സ്റ്റേഷൻ നവീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷനിൽ ഫയർമാൻ, ഫയർമാൻ ഡ്രൈവർ തസ്തികകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിനും എം.ടി.യു., ആംബുലൻസ്, ജീപ്പ് എന്നിവ പുതുതായി അനുവദിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മുണ്ടക്കയത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

142 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപടിക്രമങ്ങൾ വേഗത്തിലാക്കി മുണ്ടക്കയത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണം

143 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തിയുടെ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ

144 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പരവൂർ അഗ്നിരക്ഷാ നിലയത്തിനു കെട്ടിടം</u>**

145 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ അഗ്നിരക്ഷാനിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിലുള്ള F1/21/2024 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതിന്റെ അനിവാര്യത വ്യക്തമാക്കി എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ (നമ്പർ:8993390) ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(സി) പ്രസ്തുത നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസങ്ങളുണ്ടെങ്കിൽ ആയത് എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>കോഴിക്കോട് ജില്ലയിലെ മാവൂരിൽ ഫയർ സ്റ്റേഷന്റെ പ്രവർത്തനം</u>**

146 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ സർക്കാർ അനുവദിച്ച ഫയർ സ്റ്റേഷന് വേണ്ടി തയ്യാറാക്കിയ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയായ സാഹചര്യത്തിൽ ആയത് എപ്പോൾ പ്രവർത്തനമാരംഭിക്കും എന്ന് വ്യക്തമാക്കാമോ?

**<u>മാവേലിക്കര ഫയർ & റസ്ക്യു സ്റ്റേഷന്റെ നവീകരണം</u>**

147 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഫയർ & റസ്ക്യു സ്റ്റേഷന് അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്റ്റേഷന്റെ അതീവ ശോചനീയ അവസ്ഥയിലുള്ള കെട്ടിടങ്ങൾ നീക്കുന്നതിനും പുതിയവയുടെ നിർമ്മാണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>കുട്ടനാട്ടിലെ നാഷണൽ എൻ. സി. സി. ട്രെയിനിംഗ് സെന്റർ</u>**

148 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നാഷണൽ എൻ. സി. സി. ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിക്കായി നിലവിൽ നിർദേശിച്ചിട്ടുള്ള കെട്ടിടത്തിൽ ദുരന്തനിവാരണത്തിനാവശ്യമായ സൗകര്യങ്ങളും കെട്ടിടത്തിന് മുകളിൽ നേവിയുടെയും എയർഫോഴ്സിന്റെയും ഹെലികോപ്റ്റർ ലാൻഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വൈപ്പിൻകരയിലെ ഭൂനിരപ്പ് ഉയർത്തുന്ന പദ്ധതി

149 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാവ്യതിയാനം മൂലമുള്ള വേലിയേറ്റത്താൽ വൈപ്പിൻകരയിലെ പഞ്ചായത്തുകളിലെ ജനങ്ങളുടെ ഭൂമിയും വീടുമെല്ലാം വെള്ളത്തിൽ മുങ്ങുന്ന സാഹചര്യം ഉടലെടുത്തിട്ടും പുഴകളിലും തോടുകളിലും അടിഞ്ഞു കൂടിയിരിക്കുന്ന എക്കലും ചെളിയും വിനിയോഗിച്ച് ജലനിരപ്പിനേക്കാൾ താഴ്ന്ന ഭൂനിരപ്പ് ഉയർത്തുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതിന് കാരണം വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നിയമതടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ;

(സി) പുഴകളിലും തോടുകളിലും അടിഞ്ഞു കൂടിയിരിക്കുന്ന എക്കലും മണലും ഉപയോഗിച്ച് ജലനിരപ്പിനേക്കാൾ താഴ്ന്നുകിടക്കുന്നതും തീരപ്രദേശവാസികൾ താമസിക്കുന്നതുമായ കരഭൂമി ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## തീരദേശ പരിപാലന നിയമത്തിൽ ഇളവുകൾ ലഭിക്കാൻ നടപടി

150 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിൽ കൂടുതൽ ഇളവുകൾ ലഭിക്കുന്ന കാറ്റഗറി 2-ൽ സംസ്ഥാനത്തെ കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വൈപ്പിൻകരയ്ക്ക് തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ ഇളവ്

151 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദ്വീപുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദ്വീപുകൾക്ക് 2011-ലെ സി.ആർ. ഇസഡ്. വിജ്ഞാപനം പ്രകാരം നിർമ്മാണങ്ങളിൽ 50 മീറ്ററെന്ന ഇളവ് നാളിതുവരെ ലഭ്യമായിട്ടുണ്ടോ;

(സി) എങ്കിൽ വൈപ്പിൻകരയിലെ ജനതയ്ക്ക് ദ്വീപ് എന്ന രീതിയിൽ ലഭ്യമാകേണ്ടിയിരുന്ന 50 മീറ്റർ ഇളവെന്ന ആനുകൂല്യം നാളിതുവരെ ലഭ്യമാകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ദ്വീപ് എന്ന പരിഗണനയ്ക്ക് അർഹതയുണ്ടായിട്ടും 2011- ലെ വിജ്ഞാപനപ്രകാരം 50 മീറ്ററെന്ന ഇളവ് നൽകാതെ വൈപ്പിൻ മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ 5 പഞ്ചായത്തുകളെ രണ്ടാം കാറ്റഗറിയിലും രണ്ട് പഞ്ചായത്തുകളെ 3 എ കാറ്റഗറിയിലും ഒരു പഞ്ചായത്തിനെ TIWB കാറ്റഗറിയിലും ഉൾപ്പെടുത്താനുണ്ടായ കാരണം വിശദമാക്കാമോ;

(ഇ) 2019-ലെ വിജ്ഞാപനം പ്രകാരം മാപ്പുകൾ തയ്യാറാക്കുമ്പോൾ 01.05.2020-ലെ ഭേദഗതി നോട്ടിഫിക്കേഷൻ പ്രകാരം 1991-ന് മുൻപ് സ്ഥാപിക്കപ്പെട്ട ബണ്ടുകളെ വേലിയേറ്റ രേഖയായി കണക്കാക്കും എന്ന ഭേദഗതി വെപ്പിൻകരയിലെ എടവനക്കാട് ഉൾപ്പെടെയുള്ള പഞ്ചായത്തുകളെ സംബന്ധിച്ച മാപ്പുകളിൽ രേഖപ്പെടുത്താത്തതിനാൽ പ്രസ്തുത ഇളവ് ലഭ്യമാകാത്തത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ;

(എഫ്) ദ്വീപെന്ന രീതിയിലുള്ള ഇളവും 2020 ഭേദഗതി നോട്ടിഫിക്കേഷൻ പ്രകാരം 1991-ന് മുൻപ് സ്ഥാപിക്കപ്പെട്ട ബണ്ടുകളെ വേലിയേറ്റ രേഖയായി കണക്കാക്കിയാൽ ലഭിക്കേണ്ട ഇളവുകളും ലഭിക്കുന്നതിനുമായി 10.12.2024-ന് സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## തീരദേശ പരിപാലന പ്ലാൻ

152 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരം സംസ്ഥാനം തയ്യാറാക്കി സമർപ്പിച്ച തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## തീരദേശ റെഗുലേഷൻ സോൺ മൂന്നിൽ നിന്നും രണ്ടിലേയ്ക്ക് മാറുന്നതിനുള്ള അനുമതി

153 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ കേന്ദ്ര തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കി സമർപ്പിച്ച ഏതെല്ലാം പദ്ധതികൾക്കാണ് ദേശീയ തീരദേശ മേഖലാ മാനേജ്മെന്റ് അതോറിറ്റി യോഗം അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ തീരദേശ റെഗുലേഷൻ സോൺ മൂന്നിൽ നിന്നും രണ്ടിലേയ്ക്ക് മാറുന്നതിന് എത്ര പഞ്ചായത്തുകൾക്കാണ് അനുവാദം നൽകിയിട്ടുള്ളതെന്നും ഇതുവഴി എന്തെല്ലാം നിയന്ത്രണങ്ങളിലാണ് ഇളവ് നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) തീരദേശ റെഗുലേഷൻ സോൺ മൂന്നിൽ നിന്നും രണ്ടിലേയ്ക്ക് മാറ്റുന്നതിന് പ്രസ്തുത ജില്ലയിൽ ഇളവുകൾ ലഭിക്കാത്ത പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ ഇളവുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## തീരദേശ പരിപാലന പദ്ധതി

154 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന് സമർപ്പിക്കാൻ തയ്യാറാക്കിയ തീരദേശ പരിപാലന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) പുതുക്കിയ പദ്ധതി പ്രകാരം സി.ആർ.ഇസഡ്.-ന്റെ ഇളവുകൾ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

155 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ 2021 മുതൽ 2024 വരെ എത്ര കോടി രൂപയുടെ സൗജന്യചികിത്സയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) കാസ്പിലൂടെ എത്ര ഗുണഭോക്താക്കൾക്കാണ് ചികിത്സ ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

## ആരോഗ്യ സുരക്ഷാ പദ്ധതികളിലെ കുടിശിക

156 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് പദ്ധതി, ആർ.ബി.എസ്.കെ., ആരോഗ്യകിരണം, ഹൃദ്യം, ആവാസ്, അമ്മയും കുഞ്ഞും, സുകൃതം എന്നീ പദ്ധതികളിലായി ഓരോ ആശുപത്രിക്കും എത്രമാസത്തെ തുക കുടിശികയുണ്ടെന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

157 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലെ എച്ച്.ഡി.എസ്. ലാബിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായവരിൽ നിന്ന് പരിശോധനകൾക്ക് തുക ഈടാക്കുന്നത് നിയമപരമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ നിർദ്ധനരായവരിൽ നിന്നും എച്ച്.ഡി.എസ്. ലാബ് പരിശോധനയ്ക്ക് പണം ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ ഇത് തടയാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

158 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോങ്ങാട് മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പേര്, തുക എന്നിവ തരം തിരിച്ച് ഏതൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

## ഹൃദ്യം പദ്ധതിയിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ

159 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഹൃദ്യം പദ്ധതിയിലൂടെ ലഭ്യമാകുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഹൃദ്യം പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ആശുപത്രികൾ, പദ്ധതി പ്രകാരം ഓരോ ആശുപത്രിയും നാളിതുവരെ നൽകിയ സേവനങ്ങൾ, പദ്ധതി പ്രകാരം സേവനം ലഭ്യമായവരുടെ എണ്ണം, പദ്ധതിക്കായി സർക്കാർ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## 'ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻആരോഗ്യ യോജന പദ്ധതി'

160 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻആരോഗ്യ യോജന പദ്ധതി' സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പരിധിയിൽ ഉൾപ്പെടുന്നവരുടെ വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കുടിശ്ശിക

161 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നിന്നും നാളിതുവരെ പിന്മാറിയ ആശുപത്രികളുടെ പേരുവിവരം ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) പ്രകാരം സ്വകാര്യ ആശുപത്രികൾക്കും സർക്കാർ ആശുപത്രികൾക്കും നൽകാനുള്ള കുടിശ്ശികയുടെ വിശദാംശം നൽകാമോ;

(സി) കാസ്പ് പ്രകാരം സർക്കാർ എച് .എൽ .എൽ-നും ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികൾക്കും നൽകാനുള്ള കുടിശ്ശികയുടെ വിശദാംശം നൽകാമോ;?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലെ പരിരക്ഷ തുക

162 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ രോഗികൾക്ക് നൽകുന്ന പരിരക്ഷ തുക രോഗത്തിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഏത് ഉത്തരവ് പ്രകാരമാണ് പരിരക്ഷ തുക നിജപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ; ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായവർക്ക് നൽകുന്ന പരിരക്ഷ തുക രോഗത്തിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തിയ നടപടി പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ

163 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2016 മുതൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ആരോഗ്യവകുപ്പിന് കീഴിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവാക്കിയെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

## കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകാനുള്ള കുടിശ്ശിക

164 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മരുന്ന് സംഭരിച്ച വകയിൽ കമ്പനികൾക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനസർക്കാർ മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

## കേരളത്തിലെ ആരോഗ്യ മേഖല ലോകോത്തര നിലവാരത്തിൽ ഉയർത്താൻ സ്വീകരിച്ച നടപടികൾ

165 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആരോഗ്യമേഖല ലോകോത്തര നിലവാരത്തിൽ ഉയർത്താൻ

സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ, നഴ്സിംഗ്, പാരാമെഡിക്കൽ, ദന്തൽ, ഫാർമസി എന്നീ കോഴ്സുകളും കോളേജുകളും കൂടുതലായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ഹോമിയോ ഡിസ്പൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ

166 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോമിയോ ഡിസ്പൻസറികൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്നറിയിക്കുമോ; ഇവിടങ്ങളിൽ ഹോമിയോ ഡിസ്പൻസറികൾ എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ആയുർവേദം, ഹോമിയോ, അലോപ്പതി ഡിസ്പൻസറികൾ- ഇവ മൂന്നും ഉള്ള എത്ര പഞ്ചായത്തുകൾ സംസ്ഥാനത്ത് ഉണ്ടെന്ന് അറിയിക്കാമോ ?

## പാലിയേറ്റീവ് കെയർ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ നടപടി

167 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സ്വകാര്യ പാലിയേറ്റീവ് കെയർ സംരംഭങ്ങളെ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പാലിയേറ്റീവ് കെയർ രംഗത്ത് വർദ്ധിച്ചുവരുന്ന പണമിടപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

## മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്

168 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ സർക്കാർ ജീവനക്കാരുടെയും ആശ്രിതരുടേയും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഫയലുകൾ വർഷങ്ങളായി തീർപ്പാകാതെ കെട്ടിക്കിടക്കുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലപ്പഴക്കംചെന്ന ടി ഫയലുകൾ അദാലത്ത് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് തീർപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഫയലുകൾ തീർപ്പാക്കാനായി കെട്ടിക്കിടക്കുന്നുണ്ട് ; പ്രസ്തുത ഫയലുകൾ സീനിയോരിറ്റി പ്രകാരമാണോ തീർപ്പ് കല്പിക്കുന്നത് ; അല്ലെങ്കിൽ ഓൺലൈൻ സംവിധാനത്തിലൂടെ സീനിയോരിറ്റി പ്രകാരം തീർപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് എംപാനൽ ചെയ്തിരിക്കുന്ന ആശുപത്രികളിൽ ചികിത്സക്ക് ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ലഭിച്ച തുക കൂടാതെ അധികമായി വരുന്ന തുക

മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് വഴി ലഭിക്കാൻ പ്രസ്തുത ആശുപത്രികളിൽനിന്ന് ഓൺലൈൻ സംവിധാനത്തിലൂടെ തന്നെ ആരോഗ്യവകുപ്പിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി കാലതാമസം കൂടാതെ അധികതുക ജീവനക്കാരന് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മെഡിസെപ്പ് നിലവിൽ വന്നതിനുശേഷം പുതുതായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഫയലുകൾ ആരോഗ്യവകുപ്പിൽ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണം

169 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ബജറ്റ് വർക്കുകൾ ആയ കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഡിഎച്ച്എസ്-20416/2024, 20431 /2024 എന്നീ നമ്പർ ഫയലുകളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ;

(ബി) പ്രസ്തുത ജോലികളുടെ എസ്റ്റിമേറ്റുകൾ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; അവിടെ നിന്നും ആയത് സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അതിൽ പറഞ്ഞിരിക്കുന്ന വിശദാംശങ്ങൾ എന്തെല്ലാമാണ്; ഈ വിഷയം പരിഹരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ബന്ധപ്പെട്ട ഫയലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പൊതുമരാമത്ത് വകുപ്പ് ബന്ധപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കറക്ട് ചെയ്ത് നൽകിയിട്ടുണ്ടോ; കോട്ടയം ഡി.എം.ഒ. എസ്റ്റിമേറ്റ് ഡി.എച്ച്.എസ്. ന് നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി സ്റ്റാൻഡേർഡ് ഗൈഡ്ലൈൻസ് പാലിച്ചുള്ളതാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി, എഫ്.എച്ച്.സി. കടപ്ലാമറ്റം എന്നീ സ്ഥാപനങ്ങൾക്കായി പുതിയ കെട്ടിടം പണിയുന്നതിലേക്ക് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ പ്ലാനുകൾ ആരോഗ്യവകുപ്പ് ഡയറക്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ടോ; കഴിഞ്ഞ രണ്ട് വർഷമായി ഈ ആശുപത്രികളുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

## തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ഡി-അഡിക്ഷൻ സെന്റർ

170 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം നടക്കുന്നുണ്ടോ;

(ബി) ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം നടക്കുന്നുണ്ടെങ്കിൽ അവിടുത്തെ നിലവിലെ ജീവനക്കാരുടെ എണ്ണവും അവരുടെ തസ്തികകളും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(സി) ഡി-അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നില്ലെങ്കിൽ പ്രവർത്തിക്കുവാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കോട്ടയം ജില്ലാപ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC)

171 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ രോഗചികിത്സക്കായുള്ള മരുന്നുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മരുന്ന് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ ; വിശദമാക്കാമോ;

(ബി) കോട്ടയത്തെ ജില്ലാപ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ ( ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ ) വളർച്ചാ ഹോർമോണിന്റെ കുറവു നേരിടുന്ന രോഗചികിത്സക്കായി രജിസ്റ്റർ ചെയ്ത് മരുന്നിന് വേണ്ടി കാത്തിരിക്കുന്ന എത്ര രോഗികൾ ഉണ്ടെന്ന് അറിയിക്കുമോ; എന്നു മുതലാണ് അവർ മരുന്നിന് ആവശ്യപ്പെട്ടതെന്നും മരുന്ന് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ എന്നാണെന്നുമുള്ള വിവരം നൽകാമോ ; വിശദമാക്കുമോ ;

(സി) കോട്ടയം ജില്ലാപ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ ആവശ്യമായ എല്ലാ മരുന്നുകളും ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാമോ?

## നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കൽ

172 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവ. താലൂക്ക് ആശുപത്രിയിൽ ചികിത്സതേടിയെത്തുന്ന സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങൾക്ക് ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും കുറവ് മൂലം ഉണ്ടാകുന്ന ബുന്ധിമുട്ടുകൾ പരിഹരിക്കാൻ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഏറ്റവും അത്യാവശ്യമായ തസ്തികകളെങ്കിലും സൃഷ്ടിക്കുന്നതിനായി ആരോഗ്യവകുപ്പിൽ നിലവിലുള്ള M1/295/2024 നമ്പർ ഫയലിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## കുത്താട്ടുകുളത്തെ ഐസൊലേഷൻ വാർഡ് നിർമ്മാണം

173 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്താട്ടുകുളത്ത് നിർമ്മിച്ച ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം തൃശ്ശൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയത് ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഉടനീളം തൃശ്ശൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് എത്ര പ്രവൃത്തികളാണ് ഐസൊലേഷൻ വാർഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയിരുന്നത് എന്ന് അറിയിക്കാമോ;

(സി) ആയതിൽ എത്ര പ്രവൃത്തികൾ ടി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി പൂർത്തീകരിച്ച എന്നറിയിക്കാമോ;

(ഡി) കുത്താട്ടുകുളത്തെ ഐസെലേഷൻ വാർഡിന്റെ നിർമ്മാണത്തിൽ വന്ന ക്രമക്കേട് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) നിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദമാക്കാമോ?

## <u>കൊണ്ടോട്ടി താലൂക്ക് ആശുപത്രിയുടെ വികസനം</u>

174 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ആശുപത്രിയുടെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രിയുടെ പശ്ചാത്തല സൗകര്യ വികസനത്തിനോടൊപ്പം താലൂക്ക് ആശുപത്രി നിലവാരത്തിൽ ആവശ്യമായ ആശുപത്രി സൂപ്രണ്ട്, ഡോക്ടർമാർ, നേഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ആശുപത്രിയിൽ ഡെന്റൽ യൂണിറ്റ് തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി നൽകിയതെന്നും യൂണിറ്റ് ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) ഡെന്റൽ യൂണിറ്റ് തുടങ്ങുന്നതിനുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഇ) ആശുപത്രിയിൽ ഉണ്ടായിരുന്ന ഡയാലിസിസ് യൂണിറ്റ് തുടർന്ന് നടത്തുന്നതിന് നിലവിലെ തടസ്സങ്ങൾ എന്തെല്ലാമാണെന്നും അവ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

## <u>തിരൂരങ്ങാടി താലൂക്ക് ആശുപത്രി സായാഹ്ന ഓ.പി</u>

175 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ സായാഹ്ന ഓ.പി രാത്രി പത്ത് മണി വരെ ദീർഘിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ;

(ബി) ഇത്തരത്തിൽ സായാഹ്ന ഒ പി ദീർഘിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദീകരിക്കാമോ ?

**അരിമ്പൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള കൈപ്പിള്ളി ഉപകേന്ദ്രം**

176 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ അരിമ്പൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള കൈപ്പിള്ളി ഉപകേന്ദ്രം പൊളിക്കുന്നതിനുള്ള അനുമതിക്കായി ഗ്രാമപഞ്ചായത്ത് അധികൃതർ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടാൽ സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കേന്ദ്ര ധനകാര്യ കമ്മീഷൻ അനുവദിച്ച ഹെൽത്ത് ഗ്രാന്റ് നഷ്ടപ്പെടാൻ സാധ്യതയുള്ളതിനാൽ പ്രസ്തുത ഉപകേന്ദ്രത്തിന്റെ നിലവിലെ കെട്ടിടം പൊളിക്കുന്നതിന് അടിയന്തര അനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**മലപ്പുറം ജില്ലയിലെ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ നടപടി**

177 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ നിലവിലുണ്ട്; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് കിഡ്നി രോഗികൾ വർധിച്ച് വരുന്ന സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിൽ പുതിയ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കിഡ്നി രോഗികൾ കൂടുതലുള്ള മലപ്പുറം ജില്ലയിൽ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ; രോഗികളുടെ എണ്ണത്തിനനുസരിച്ച് മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 20/10/2023 ന് മലപ്പുറം താലൂക്ക് ഹെഡ് ക്വർട്ടേഴ്സ് ആശുപത്രി സന്ദർശന വേളയിൽ ആരോഗ്യവകുപ്പ് മന്ത്രി പ്രഖ്യാപിച്ച ഡയാലിസിസ് കേന്ദ്രം ആശുപത്രിയിൽ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

**ഐ.പി. ചികിൽസാ സൗകര്യം ഏർപ്പെടുത്താൻ നടപടി**

178 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭയുടെ പരിധിയിൽ വരുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിൽസാ സൗകര്യം ഇല്ലാത്തതിനാൽ രോഗികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രി വികസനം**

179 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രി പദവിയിലേക്ക് ഉയർത്തിയത് എന്നാണെന്ന് അറിയിക്കുമോ;

(ബി) താലൂക്ക് ആശുപത്രി പദവിയിലേക്ക് ഉയർത്തിയ ഉത്തരവിൽ എത്ര തസ്തികകളാണ് ഓരോ താലൂക്ക് ആശുപത്രികളിലും അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ദേശീയപാതയോരത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രി ആയതിനാലും അപകടങ്ങൾ നേരിടുന്നവർ ചികിത്സ തേടുന്ന ആശുപത്രി ആയതിനാലും നിലവിലെ ഡോക്ടർമാർക്ക് ജോലി ഭാരം കൂടുതലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**ചേലക്കര താലൂക്ക് ആശുപത്രി**

180 **യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര സർക്കാർ ആശുപത്രി എന്നാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയത് എന്ന് അറിയിക്കാമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) വിവിധ വിഭാഗങ്ങളിലെ വിദഗ്ദ്ധ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡർ തസ്തികകൾ ഇവിടെ അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചേലക്കര മണ്ഡലത്തിലെ രണ്ട് ലക്ഷത്തിലധികം വരുന്ന ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടവരാണ് എന്നത് കണക്കിലെടുത്ത് ഇവർക്ക് മെച്ചപ്പെട്ടതും സൗജന്യവും ആയ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനായി ചേലക്കര താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡർ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമ കെയർ യൂണിറ്റ്**

181 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ൽ അനുവദിച്ച നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമ കെയർ യൂണിറ്റ് പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ദേശീയ പാതയുടെ സമീപത്തു പ്രവർത്തിക്കുന്ന നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമ കെയർ യൂണിറ്റ് പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുന്നതിന്

ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ മെഡിക്കൽ കോളേജ് കഴിഞ്ഞാൽ ഏറ്റവും അധികം രോഗികൾ ചികിത്സയ്ക്കായി എത്തുന്ന നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പി.ജി. മെഡിക്കൽ വിദ്യാർത്ഥികളുടെ അധിക സേവനം ലഭിക്കുന്നതിനു നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ?

## <u>മാവേലിക്കര ജില്ലാ ആശുപത്രി വികസന പ്രവർത്തനങ്ങൾ</u>

182 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ മോർച്ചറിയും പോസ്റ്റ്മോർട്ടം ടേബിളും സജ്ജീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## <u>പൊഴിയൂർ കുടുംബ ആരോഗ്യ കേന്ദ്രം</u>

183 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയൂർ കുടുംബ ആരോഗ്യ കേന്ദ്രത്തിൽ അധിക ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; തീരദേശ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രി എന്ന നിലയിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വാർഡിന്റെ പ്രവൃത്തി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

## <u>വിതുര താലൂക്ക് ആശുപത്രി വികസനം</u>

184 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ വിതുര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>ഓട്ടുപാറ ജില്ലാ ആശുപത്രിയിലെ ലക്ഷ്യ ബ്ലോക്ക് നിർമ്മാണം</u>

185 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഓട്ടുപാറ ജില്ലാ ആശുപത്രിയിലെ ലക്ഷ്യ ബ്ലോക്ക് നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ;

(ബി) ലക്ഷ്യ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി കൂടുതൽ തുക ആവശ്യം വരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി ഡിപ്പാർട്ട്മെന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി

186 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി ഡിപ്പാർട്ട്മെന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് ഇതിനായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഒഴിവുള്ള ഗൈനക്കോളജിസ്റ്റ് (ജൂനിയർ കൺസൽട്ടന്റ്), സ്റ്റാഫ് നഴ്സ് (ഡെപ്യൂട്ടേഷൻ 2 ഒഴിവുകൾ), ഗ്രേഡ് വൺ അറ്റൻഡന്റ് (3 ഒഴിവുകൾ) എന്നീ തസ്തികകളിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കൊയിലാണ്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നിർമ്മാണം

187 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും വകുപ്പിൽ നിന്ന് ഭരണാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചതിനെ തുടർന്ന് വാപ്കോസ് ടെണ്ടർ നടപടികളിലേയ്ക്ക് കടന്നെങ്കിലും മേൽപ്പറഞ്ഞ ഭരണാനുമതി ലഭിക്കാത്തത് കാരണം ടെണ്ടർ ഓപ്പൺ ചെയ്യുവാനാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഭരണാനുമതി ലഭിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കാമോ?

## ചിറയിൻകീഴ് മണ്ഡലത്തിൽ ആരോഗ്യ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിനു അനുമതി

188 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിലെ അഴൂർ എഫ്.എച്ച്.സി., അഞ്ചുതെങ്ങ് സി.എച്ച്.സി. എന്നീ ആരോഗ്യ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് 2023-24 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുകകൾക്ക് ഭരണാനുമതി

ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടം</u>**

189 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് താലൂക്ക് ആശുപത്രിക്ക് വേണ്ടി നിർമ്മിച്ച 12 നിലകളുള്ള പുതിയ കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും, തസ്തികകൾ സൃഷ്ടിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും, ആയതിന്റെ പുരോഗതിയും വിശദമാക്കുമോ;

(സി) കൂത്തുപറമ്പ് താലൂക്ക് ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടെ പൊതുജനങ്ങൾക്ക് എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാവുകയെന്ന് വിശദമാക്കുമോ?

**<u>മരണ താത്പര്യപത്ര അപേക്ഷകൾ</u>**

190 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ലിവിംഗ് വിൽ' (മരണ താത്പര്യപത്രം) എഴുതിനൽകുന്നതിനുള്ള സൗകര്യം ഏതൊക്കെ ആശുപത്രികളിലാണ് ഒരുക്കിയിട്ടുള്ളതെന്നും നാളിതുവരെ ഓരോ ആശുപത്രിയിലും ഇത്തരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന തുടർനടപടികൾ വ്യക്തമാക്കാമോ?

**<u>കുമ്പള സി.എച്ച് .സി ആശുപത്രി</u>**

191 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള സി എച്ച് സി ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുതിയ കെട്ടിട നിർമ്മാണത്തിന് കേരള സർക്കാരോ കേന്ദ്ര സർക്കാരോ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ടി ആശുപത്രിയുടെ വികസനത്തിനായി അനുവദിച്ച ഏതെങ്കിലും ഫണ്ട് അധികൃതരുടെ അനാസ്ഥ കാരണം നഷ്ടപ്പെട്ടിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ?

**<u>മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം</u>**

192 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ലിസ്റ്റിൽ ഉൾപ്പെട്ടെങ്കിലും കോഴിക്കോട് ജില്ലയിലെ മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം</u>**

193 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എത്ര തുകയുടെ പദ്ധതിയാണ് ഇതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) വേഗത്തിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പൊന്മള പഞ്ചായത്തിലെ ഹെൽത്ത് സെന്ററിന് വാഹനം</u>**

194 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പൊന്മള പഞ്ചായത്തിലെ ഹെൽത്ത് സെന്ററിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച് മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഹെൽത്ത് സെന്ററിന് നടപ്പ് സാമ്പത്തിക വർഷം വാഹനം വാങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>നെന്മാറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം</u>**

195 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നതെന്നും ഇനി ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ

കേന്ദ്രങ്ങളായി ഉയർത്താനുള്ളതെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

**കടയിരിപ്പ്, വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ**

196 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കടയിരിപ്പ്, വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ മുൻകാലങ്ങളിൽ പോസ്റ്റ്മോർട്ടം അടക്കമുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ രണ്ട് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പോസ്റ്റ്മോർട്ടം അടക്കമുള്ള സൗകര്യങ്ങൾ നിലവിൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ പോസ്റ്റ്മോർട്ടം സൗകര്യം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ഡി) കുന്നത്തുനാട് മണ്ഡലത്തിൽ സർക്കാർ താലൂക്ക് ആശുപത്രികൾ നിലവിലില്ല എന്ന കാര്യം പരിഗണിച്ച് മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ നിന്നുള്ള നൂറ് കണക്കിന് സാധാരണക്കാരായ ആളുകൾ നിത്യേന ആശ്രയിക്കുന്ന പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

**ഗുരുവായൂർ മണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ കിടത്തി ചികിത്സ**

197 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടപ്പുറം സി.എച്ച്.സി.യിലും വടക്കേക്കാട് സി.എച്ച്.സി.യിലും കിടത്തി ചികിത്സ നിർത്തലാക്കിയത് എന്ന് മുതലാണെന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(ബി) കിടത്തി ചികിത്സയ്ക്കുള്ള എല്ലാ ഭൗതിക സാഹചര്യങ്ങളും ഉള്ളതിനാലും തീരദേശ മേഖലയായതിനാലും പ്രസ്തുത സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പാലക്കാട് ജില്ലയിലെ ആരോഗ്യ സബ് സെന്ററുകളുടെ നവീകരണ പ്രവർത്തനം**

198 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം ആരോഗ്യ സബ് സെന്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ഉത്തരവായിട്ടുണ്ടെന്നും ഇതിൽ ഏതിനെല്ലാം ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം സബ് സെന്ററുകളുടെ നവീകരണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; ബാക്കിയുള്ളതിന് ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം വ്യക്തമാക്കുമോ;

(സി) സബ് സെന്ററുകളുടെ നവീകരണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്റർ</u>

199 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദ്യത്തെ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററായ പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്റർ-ന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്ററിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഡോക്ടർമാരുടേയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും അപര്യാപ്തത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(സി) ഈ ആരോഗ്യ കേന്ദ്രത്തിന്റെ സമീപത്തെ നഗരസഭാ വാർഡുകളായ കഴക്കൂട്ടം, ചന്തവിള, കാട്ടായിക്കോണം എന്നീ വാർഡുകളെ പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പരിധിയിലാക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പരിശീലന കേന്ദ്രമായ പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിനെ നിലവിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം പട്ടികയിൽ നിന്നും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണം എന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി എപ്പോൾ മാറ്റാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## <u>ഭക്ഷ്യയോഗ്യമല്ലാത്ത ഇറച്ചിക്കോഴി വിൽപ്പനയ്ക്കെതിരെ നടപടി</u>

200 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യയോഗ്യമല്ലാത്ത ഇറച്ചിക്കോഴികൾ വിൽപ്പന നടത്തുന്നത് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

## <u>ജലജന്യരോഗങ്ങളും പ്ലാസ്റ്റിക് ബോട്ടിലുകളിലെ കുടിവെള്ളവും</u>

201 **ഡോ. കെ. ടി. ജലീൽ**
**ശ്രീ എം മുകേഷ്**
**യു. ആർ. പ്രദീപ്**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുത്ത ചൂട് ആരംഭിച്ച സാഹചര്യത്തിൽ ജലജന്യരോഗങ്ങൾ പടരാതിരിക്കാൻ സ്വീകരിച്ചുവരുന്ന മുൻകരുതലുകൾ എന്തെല്ലാമാണെന്ന

വിശദമാക്കുമോ;

(ബി) വ്യാപാരസ്ഥാപനങ്ങളിൽ കുടിവെള്ളത്തിന്റെയും ശീതള പാനീയത്തിന്റെയും പ്ലാസ്റ്റിക് ബോട്ടിലുകൾ വെയിലേൽക്കുന്ന തരത്തിൽ പ്രദർശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വെയിലേൽക്കുന്ന തരത്തിൽ പ്രദർശിപ്പിക്കുന്ന പ്ലാസ്റ്റിക് ബോട്ടിലുകൾക്കുണ്ടാകുന്ന രാസമാറ്റം മനുഷ്യരിൽ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുമെന്നതിനാൽ അതൊഴിവാക്കുന്നതിനായി വ്യാപാരസ്ഥാപനങ്ങൾക്ക് എന്തെല്ലാം കർശന നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത് എന്നറിയിക്കുമോ;

(ഇ) വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന പാനീയങ്ങൾ ശുദ്ധവും ആരോഗ്യകരവുമാണെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന തരത്തിൽ നിരീക്ഷണങ്ങളും നടപടികളും ശക്തമാക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

## കാൻസർ രോഗചികിത്സയ്ക്ക് കൂടുതൽ സൗകര്യങ്ങൾ

202 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ശരാശരിയേക്കാൾ ഉയർന്ന കാൻസർ രോഗ നിരക്കുള്ള കേരളത്തിൽ കാൻസർ രോഗ ചികിത്സയ്ക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാൻസർ രോഗം പ്രാരംഭദശയിൽത്തന്നെ കണ്ടെത്തി ചികിത്സ തേടുന്നതിനായി നടപ്പിലാക്കിയ ജില്ലാ കാൻസർ കെയർ പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കാൻസർ ചികിത്സാ കേന്ദ്രങ്ങളും മെഡിക്കൽ കോളേജുകളും മറ്റ് സർക്കാർ ആശുപത്രികളും ഉൾപ്പെടുത്തി കാൻസർ ചികിത്സ വികേന്ദ്രീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കാൻസർ ചികിത്സയ്ക്കായി രോഗികൾ വളരെ ദൂരം യാത്ര ചെയ്യേണ്ടിവരുന്നത് ഒഴിവാക്കാനായി റഫറൽ പാത്ത് വേ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ പ്രക്രിയ സുഗമമാക്കുന്നതിന് കാൻസർ കെയർ സ്യൂട്ട്, കേരള കാൻസർ ഗ്രിഡ് എന്നിവ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ

203 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ സ്റ്റോർ സൂപ്രണ്ട് തസ്തികയില്ലാത്ത ജില്ലാ ആശുപത്രികളുടെയും ഫാർമസി സ്റ്റോർ കീപ്പർ തസ്തികയില്ലാത്ത താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രികളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) നിലവിലെ സർക്കാർ ഓർഡറുകൾക്ക് വിരുദ്ധമായി DHS ന്റെ 12160/2024 /MSA2 നമ്പർ സർക്കുലർ പ്രകാരം എ.ജി. ഓഡിറ്റുകൾക്ക് സമർപ്പിക്കേണ്ട സ്റ്റോർ രജിസ്റ്ററുകൾ ഉൾപ്പെടെ ഒഴിവാക്കിയത് മൂലം ആശുപത്രികളിലെ സ്റ്റോറും, ഓഫീസും ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽ എ.ജിയുടെ ഓഡിറ്റും കൂടാതെ മറ്റു ഓഡിറ്റുകളും കൃത്യമായി നടത്തുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽ പറയുന്ന സർക്കുലറിന്റെ പകർപ്പ് എല്ലാ ഓഡിറ്റ് വകുപ്പുകൾക്കും നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ വാഹനത്തിന്റെ അഭാവം മൂലം സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മരുന്നുകൾ യഥാസമയം അതത് ആശുപത്രികളിൽ വിതരണം ചെയ്യുണമെന്ന ഉത്തരവാദിത്വം കെ. എം. എസ്. സി. എൽ. നിർവഹിക്കുന്നുണ്ടോ;

(ഡി) കാലാവധി കഴിഞ്ഞതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ കെ. എം. എസ്. സി. എൽ. സമയബന്ധിതമായി നിർമ്മാർജനം ചെയ്യാത്തത് മൂലം ആശുപത്രികളിൽ ഉൾപ്പെടെ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നവും അതിലുപരി സ്ഥലനഷ്ടവും സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) കൊല്ലം കെ. എം. എസ്. സി. എൽ. വെയർ ഹൗസിലെ അഗ്നിബാധ മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം വന്നിട്ടുണ്ടോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കെ. എം. എസ്. സി. എൽ. വെയർ ഹൗസുകളിൽ എന്തെല്ലാം സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഫയർ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(എഫ്) ഡി.എച്ച്.എസ്സി.ന്റെ 14160/2014/എം. എസ്. എ. 3 ഉത്തരവ് പ്രകാരം നർക്കോട്ടിക് & സൈക്കോട്രോപിക് മരുന്നുകൾ ഉൾപ്പെടെയുള്ളതും എക്സൈസിന്റെ പരിധിയിൽ വരുന്നതുമായ മരുന്നുകളുടെ കണക്ക് സൂക്ഷിക്കുന്ന രീതിയിൽ മാറ്റം വരുത്തിയത് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടാണോ; ഇല്ലെങ്കിൽ ഈ ചട്ടലംഘനം നടത്തിയതിന് ബന്ധപ്പെട്ടവർക്കെതിരെ ആവശ്യമായ മേൽനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ജി) ഫാർമസി ജീവനക്കാരുടെ കുറവ് മൂലം മിക്കവാറും സർക്കാർ ആശുപത്രികളിലെ മരുന്ന് വിതരണ സ്ഥലത്ത് ഗുരുതരമായ രോഗത്തിന് ചികിത്സ തേടിയെത്തുന്ന രോഗികൾ ഉൾപ്പെടെ മണിക്കൂറുകളോളം ക്യൂ നിന്ന് മരുന്ന് വാങ്ങിക്കേണ്ടി വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പൊതു ജനങ്ങൾക്ക് ഉണ്ടാകുന്ന ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കാനും നിയമനം നടത്താനും നടപടി സ്വീകരിക്കുമോ?

## ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ആക്സിഡന്റ് ട്രോമാ കെയർ സ്ഥാപിക്കുന്ന വിഷയം.

204 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയോരത്ത് സ്ഥിതി ചെയ്യുന്ന ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ആക്സിഡന്റ് ട്രോമാ കെയർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**ആരോഗ്യ മേഖലയിൽ ലഭിച്ച പുരസ്കാരങ്ങൾ**

205 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ നടത്തിവരുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളുടെ ഫലമായി 2016 മുതൽ ഇതുവരെ ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന മികവിന് മാത്രം ഏതെല്ലാം അംഗീകാരങ്ങളാണ് ലഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാം മെഡിക്കൽ കോളേജുകൾക്കാണെന്നും അറിയിക്കുമോ;

(സി) വൻകിട സ്വകാര്യ ആശുപത്രികളിൽ മാത്രം നടത്തിവന്നിരുന്ന അപൂർവ്വ ശസ്ത്രക്രിയകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ ആശുപത്രികളിൽ നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) വലിയ ചെലവ് വരുന്ന കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ മേഖലയിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്നറിയിക്കാമോ; ഇത് കൂടുതൽ സർക്കാർ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**പേ വിഷബാധക്കുള്ള പ്രതിരോധ മരുന്നുകൾ**

206 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേവിഷബാധയ്ക്ക് ഉപയോഗിക്കുന്ന പ്രതിരോധമരുന്നുകൾ ഏതെല്ലാമാണ്; പ്രസ്തുത മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ മേഖലയിലുള്ള എല്ലാ ആശുപത്രികളിലും പേവിഷബാധയ്ക്കുള്ള പ്രതിരോധമരുന്നുകളായ ആന്റി റാബിസ് വാക്സിനുകളും, ഇമ്മ്യൂണോഗ്ലോബിനുകളും ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും ഇവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

**ലേബർ റൂമിന്റെയും ഗൈനക്കോളജി വാർഡിന്റെയും നിർമ്മാണ പുരോഗതി**

207 **ശ്രീ കെ യു ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ കോന്നി ഗവ. മെഡിക്കൽ കോളേജ്, കോന്നി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലെ ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂമിന്റെയും ഗൈനക്കോളജി വാർഡിന്റെയും നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കോന്നി താലൂക്ക് ആശുപത്രിയിലെ കണ്ണ് ഓപ്പറേഷൻ തീയറ്ററിന്റെയും ഡയാലിസിസ് യൂണിറ്റിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) കോന്നി മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കൂടൽ, മലയാലപ്പുഴ, മൈലപ്ര, കൊക്കാത്തോട്, വള്ളിക്കോട് എന്നീ ആരോഗ്യ കേന്ദ്രങ്ങളുടെയും ചിറ്റാർ സി.എച്ച്.സി, കോന്നി താലൂക്ക് ആശുപത്രി, കോന്നി ഗവ.മെഡിക്കൽ കോളേജ് എന്നിവയുടെയും നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

## പകർച്ചവ്യാധികൾ തടയാനുള്ള നടപടി

208 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി ബാധിതരുടെ എണ്ണവും മരണനിരക്കും വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നത് നിരീക്ഷിക്കുന്നതിനും പഠിക്കുന്നതിനും പ്രത്യേകസമിതിയെ നിയോഗിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്ന് സംഭരണം

209 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് സംഭരിച്ച ഇനത്തിൽ കെ.എം.എസ്.സി.എൽ. നിലവിൽ എത്ര കോടി രൂപ കമ്പനികൾക്ക് കുടിശ്ശിക നൽകുവാനുണ്ട്; വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) കുടിശ്ശിക വിതരണം ചെയ്യാത്തതിനാൽ സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് സംഭരിക്കുന്നതിനുള്ള ടെൻഡർ നടപടികൾ മൂന്നുമാസത്തോളം വൈകിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ സാഹചര്യം സംസ്ഥാനത്ത് മരുന്ന് ക്ഷാമത്തിന് കാരണമായിത്തീരുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ടെൻഡർ നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ; കുടിശ്ശിക ലഭിക്കാത്തതിനാൽ പല കമ്പനികളും ടെൻഡർ നടപടികളിൽ നിന്നും വിട്ടുനിൽക്കുന്നത് ഉയർന്ന വിലയ്ക്ക് മരുന്ന് വാങ്ങേണ്ട സാഹചര്യത്തിലേക്ക് നയിക്കുമോ; വ്യക്തമാക്കുമോ;

(ഡി) മരുന്ന് സംഭരണത്തിലേയും വിതരണത്തിലേയും ഈ പ്രതിസന്ധി ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>വാഹനാപകടത്തിൽ പരിക്കേൽക്കുന്നവരുടെ ചികിത്സ</u>**

210 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടത്തിൽപെടുന്നവർക്ക് ആദ്യ മണിക്കൂറുകളിൽ (ഗോൾഡൻ ഹവർ ) നൽകുന്ന ചികിത്സക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് ചികിത്സ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ഇതിനായി എന്തൊക്കെ സേവനങ്ങൾ ലഭ്യമാണെന്നും പ്രവർത്തനങ്ങൾ തൃപ്തികരമാണോയെന്നും അറിയിക്കുമോ;

(സി) വാഹനാപകടത്തിൽപെടുന്നവർക്ക് സൗജന്യ ചികിത്സ നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദമാക്കുമോ?

**<u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലെ കുടിശ്ശിക</u>**

211 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് ഇപ്പോൾ ലഭിക്കുന്ന കേന്ദ്ര വിഹിതം എത്രയെന്ന് വിശദമാക്കുമോ; ഈയിനത്തിൽ കേന്ദ്രത്തിൽ നിന്നും വിഹിതം ലഭിക്കുന്നതിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കുമോ;

(ബി) കാസ്പിൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികൾക്കും സർക്കാർ ആശുപത്രികൾക്കും നിലവിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക തുക എത്രയെന്ന് വേർതിരിച്ച് അറിയിക്കാമോ;

(സി) ഇത്തരത്തിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികൾക്ക് മരുന്ന് വാങ്ങിയ ഇനത്തിൽ അനുവദിക്കേണ്ട കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>സംസ്ഥാനത്തെ മംപ്സ് രോഗബാധിതരുടെ എണ്ണം</u>**

212 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്ക് നൽകിക്കൊണ്ടിരുന്ന മംപ്സ്, മീസിൽ, റൂബല്ല എന്നീ രോഗങ്ങളുടെ വാക്സിനായ എം.എം.ആർ. വാക്സിനേഷനിൽ നിന്നും മംപ്സ് വാക്സിൻ നിർത്തലാക്കി എം.ആർ. വാക്സിനേഷൻ മാത്രമാണോ ഇപ്പോൾ സർക്കാർ ആശുപത്രികൾ വഴി നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; എന്നുമുതലാണ് പ്രസ്തുത വാക്സിനേഷൻ നിർത്തലാക്കിയത് എന്നറിയിക്കുമോ ;

(ബി) കഴിഞ്ഞവർഷം സംസ്ഥാനത്തെ മംപ്സ് രോഗം ബാധിച്ചവരുടെ എണ്ണം എഴുപതിനായിരം വരെ ഉയരുകയുണ്ടായോ; വാക്സിനേഷൻ നിർത്തലാക്കിയത്

മുതൽ നാളിതുവരെ ഒരോ വർഷവും രോഗബാധിതരായവരുടെ എണ്ണം എത്ര വീതമാണെന്ന് വിശദമാക്കാമോ;

(സി) യഥാസമയം ചികിത്സ ലഭിച്ചില്ലെങ്കിൽ കേൾവി തകരാർ, വന്ധ്യത എന്നിവയ്ക്ക് കാരണമാകുകയും തലച്ചോറിനെ വരെ ബാധിക്കുകയും ചെയ്യുന്ന മംപ്സ് രോഗ ബാധയുടെ വാക്സിനേഷൻ നിർത്താൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് മംപ്സ് രോഗബാധ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ വായുവിലൂടെയും ശരീരസ്രവങ്ങളിലൂടെയും പടരാൻ ഇടയുള്ള ഈ രോഗ ബാധ തടയുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന വിശദാംശങ്ങൾ അറിയിക്കുമോ?

## പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഏകോപനം

213 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സുരക്ഷിതത്വവും ശാസ്ത്രീയതയും ഉറപ്പുവരുത്തുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തിവരുന്ന സർക്കാരിതര സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കാനും ഗുണമേന്മ ഉറപ്പുവരുത്താനും സംവിധാനങ്ങളുണ്ടോ; വിശദമാക്കുമോ;

(സി) രോഗികൾക്ക് വീട്ടിൽ നൽകുന്ന പരിചരണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ വോളണ്ടിയർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടിക്ക് വിപുലമായ ആസൂത്രണം ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുള്ള നടപടിക്രമവും നിലവിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ വിശദാംശവും ലഭ്യമാക്കുമോ?

## പദ്ധതികൾക്കായി വകയിരുത്തിയ തുക

214 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുകയുടെയും നാളിതുവരെ ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ?

## ശസ്ത്രക്രിയ ഉപകരണങ്ങൾ ലഭ്യമാകാത്ത പ്രതിസന്ധി

215 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ ശസ്ത്രക്രിയ ഉപകരണങ്ങൾ ലഭ്യമാകാത്ത പ്രതിസന്ധി നിലനിൽക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ ഒരു വർഷക്കാലയളവിൽ എത്ര രോഗികൾക്ക് ശസ്ത്രക്രിയ ഉപകരണങ്ങൾ സ്റ്റോക്ക് ഇല്ലാത്തതിനാൽ പുറത്തുനിന്ന് അവ വാങ്ങേണ്ടതായി വന്നിട്ടുണ്ട്; വിശദാംശങ്ങൾ ആശുപത്രികൾ തിരിച്ച് വ്യക്തമാക്കുമോ;

(സി) രോഗികൾക്ക് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്ന ഈ സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം</u>

216 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ നിലവിൽ വിവിധ വിഭാഗങ്ങളിലേയ്ക്ക് അനുവദിച്ച ഡോക്ടമാരുടെ യഥാർത്ഥ സ്ട്രെങ്ത് എത്ര; പ്രസ്തുത വിഭാഗങ്ങളിൽ പോസ്റ്റിംഗ് ചെയ്തതും നിലവിൽ ഡ്യൂട്ടിയിൽ ഉള്ളതുമായ ഡോക്ടർമാരുടെ വിശദാംശങ്ങൾ അറിയിക്കാമോ; ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെ ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സൂപ്പർ സെപെഷ്യാലിറ്റി ബ്ലോക്കിന് മുൻവശം എം പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വിശ്രമ കേന്ദ്രം തുറന്ന് പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; വിശ്രമ കേന്ദ്രം വേഗത്തിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ആശുപത്രിയിലെ കാരുണ്യ ഫാർമസിയിലും മെഡിക്കൽ ബാങ്കിലും അനുഭവപ്പെടുന്ന മരുന്ന് ക്ഷാമം പരിഹരിക്കുന്നതിനും എല്ലാ മരുന്നുകളും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) മെഡിക്കൽ ഐ.സി.യു.വിന്റെ തകരാറ് പരിഹരിച്ച് എത്രയും വേഗം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും മാമോഗ്രാഫി പരിശോധന പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) റേഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും രോഗികളുടെ പരിശോധനക്കായി നിലവിലുണ്ടാകുന്ന താമസം ഒഴിവാക്കാൻ കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്) രാത്രികാല പോസ്റ്റ്മോർട്ടത്തിനുള്ള നടപടി സ്വീകരിക്കുമോ?

## <u>സംസ്ഥാനത്തെ ആശുപത്രികളിലെ പോസ്റ്റ്മാർട്ടം നടപടികൾ</u>

217 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ പോസ്റ്റ്മാർട്ടം നടപടി നിലവിൽ എത്ര മണി വരെയാണെന്ന്

വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും ആശുപത്രികളിൽ 5 മണിക്കു ശേഷം പോസ്റ്റ്മാർട്ടം നടപടികൾ നടത്തുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**സർക്കാർ മെഡിക്കൽ കോളേജുകളിലെ സെക്യൂരിറ്റി ജീവനക്കാർ**

218 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിന് നിലവിൽ അവലംബിച്ചിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; ക്രിമിനൽ പശ്ചാത്തലം ഉള്ളവർ ഇത്തരം ജോലികൾക്കായി നിയോഗിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ സെക്യൂരിറ്റി ജീവനക്കാർ രോഗികളെ ആക്രമിച്ചത് സംബന്ധിച്ച എത്ര കേസുകൾ ഈ സർക്കാരിന്റെ കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) ആശുപത്രികളിൽ രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**108 ആംബുലൻസ് ജീവനക്കാരുടെ പ്രശ്നങ്ങൾ**

219 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് ജീവനക്കാരുടെ ജോലിസമയം ദിവസം എത്ര മണിക്കൂർ ആയിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കാമോ; പ്രസ്തുത ജീവനക്കാർക്ക് നിലവിൽ ആഴ്ചയിൽ നൽകിവരുന്ന അവധി ദിനങ്ങൾ എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) ജീവനക്കാരുടെ അപര്യാപ്തത മൂലം നിലവിലുള്ള ജീവനക്കാരിൽ അമിത ജോലിഭാരം ഏൽപ്പിക്കപ്പെടുന്ന സാഹചര്യത്തെ നേരിടുവാൻ സർക്കാർ എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) നിർബന്ധമായി ജോലി ചെയ്യുവാൻ നിയോഗിക്കപ്പെടുന്ന ജീവനക്കാർ ചില അത്യാവശ്യ സന്ദർഭങ്ങളിൽ അസൗകര്യം അറിയിച്ചാൽ കാരണം കാണിക്കൽ നോട്ടീസ് അടക്കം നൽകി സമ്മർദ്ദത്തിലാക്കി പ്രസ്തുത കമ്പനി (ഹൈദരാബാദ് കമ്പനി) ജീവനക്കാരെ പീഡിപ്പിക്കുന്ന സാഹചര്യം അടക്കമുള്ള തൊഴിലാളി വിരുദ്ധമായ കമ്പനിയുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തൊഴിലാളി വിരുദ്ധമായ ഈ സമീപനത്തെ നേരിടുവാൻ സർക്കാർ കൈ കൊണ്ട ക്രമീകരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) രാത്രികാലങ്ങളിൽ സിംഗിൾ ഷിഫ്റ്റ് വാഹനങ്ങൾ, അതായത് 12 മണിക്കൂർ വാഹനങ്ങൾ സർവീസ് നടത്താത്തതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ പലപ്പോഴും ആംബുലൻസ് ലഭിക്കാത്ത സാഹചര്യം പല മലയോര മേഖലകളിലും,

ഗ്രാമീണ മേഖലകളിലും ഉള്ള ജനങ്ങൾക്ക് വലിയ പ്രയാസം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയത്തെ നേരിടുവാൻ സർക്കാർ നടത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ;

(ഇ) എല്ലാ വർഷവും ജീവനക്കാർക്ക് നൽകേണ്ട ശമ്പള ഇൻക്രിമെന്റ് നിലവിൽ നൽകുന്നുണ്ടോ;

(എഫ്) ആംബുലൻസ് നഴ്സ് ആയി ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് 12 മണിക്കൂർ ജോലി ചെയ്യേണ്ടി വരുന്നു എന്നും രാത്രി വാഹന സൗകര്യം ഇല്ലാത്ത പ്രദേശങ്ങളിൽ നിന്നും ജോലിക്ക് പ്രവേശിക്കുന്നവർ വലിയ പ്രയാസം അനുഭവിക്കുന്നു എന്നും പരാതി ഉയർന്ന സാഹചര്യത്തിൽ വനിതാ ജീവനക്കാർക്ക് ആവശ്യമായ സുരക്ഷിതത്വം കമ്പനി നൽകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ സ്വീകരിച്ച ക്രമീകരണങ്ങൾ വ്യക്തമാക്കാമോ;

(ജി) പ്രസ്തുത ആംബുലൻസുകളിൽ ജോലി ചെയ്യുവാൻ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഇപ്പോൾ നിർബന്ധമാണോ; അല്ലെങ്കിൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണ് എന്നുള്ള മാനദണ്ഡം ഒഴിവാക്കിയതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

## KHRWS

220 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹെൽത്ത് റിസർച്ച് & വെൽഫയർ സൊസൈറ്റിയിൽ (KHRWS) ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങളും സേവനവേതന വ്യവസ്ഥകളും എപ്രകാരമാണെന്ന് വ്യക്തമാക്കുമോ: ;

(ബി) KHRWS ൽ നിരവധി വർഷങ്ങളായി കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) KHRWS ൽ ആശ്രിത നിയമനം നടത്തുമ്പോൾ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 10 കരാർ/ ദിവസ വേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന രീതി പിന്തുടരുന്നുണ്ടോ; എങ്കിൽ 2019 മുതൽ നാളിതുവരെ ആശ്രിത നിയമനത്തിന് ആനുപാതികമായി എത്ര ജീവനക്കാർക്ക് ഇപ്രകാരം സ്ഥിരനിയമനം നൽകിയെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം നിയമനം നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) KHRWS ജീവനക്കാർക്ക് ആർജിത അവധി, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;?

## 108 ആംബുലൻസ് ജീവനക്കാരുടെ ശമ്പളവും അലവൻസും

221 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ ഏറ്റവും അധികം ദുരിതമനുഭവിച്ച 108 ആംബുലൻസ് ജീവനക്കാർക്കും മഹാമാരി കാലഘട്ടത്തിൽ താൽക്കാലിക ജോലിക്കായി നിയമിക്കപ്പെട്ട എല്ലാ ജീവനക്കാർക്കും കേന്ദ്ര സഹായത്തോടുകൂടി കേരള സർക്കാർ നൽകിവന്ന റിസ്ക് അലവൻസ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ റിസ്ക് അലവൻസ് നിഷേധിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സി) നേഴ്സുമാർക്ക് കേരള സർക്കാർ നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന ശമ്പളവും അലവൻസുകളും 108 ആംബുലൻസിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) 108 ആംബുലൻസ് നേഴ്സുമാരുടെ തസ്തിക എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ എന്നതാകയാൽ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിൽ നേഴ്സ് എന്ന വാക്ക് ഉപയോഗിക്കാതെ ഇ.എം.ടി. എന്നുപയോഗിച്ച് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകുന്നതുമൂലം ഇവർക്ക് നേഴ്സ് ജോലിക്ക് മറ്റൊരു സ്ഥലത്ത് പ്രത്യേകിച്ച് വിദേശ രാജ്യങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ വരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് പ്രതിവിധിയാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;?

## എൻ.എച്ച്.എം. മുഖേന നിയമിതരായിട്ടുള്ള ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും

222 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷൻ മുഖേന നിയമിതരായിട്ടുള്ള ജീവനക്കാരുടെ പ്രതിമാസ വേതനം പലപ്പോഴും വൈകാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ശമ്പളവും ആനുകൂല്യങ്ങളും വൈകുന്നതിന് ഇടയാകുന്ന സാഹചര്യം വിശദമാക്കുമോ;

(സി) നാഷണൽ ഹെൽത്ത് മിഷൻ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ശമ്പള പരിഷ്കരണ കുടിശിക വൈകുന്നതിനിടയാക്കുന്ന സാഹചര്യം വിശദമാക്കുമോ?

## ആശുപത്രി ജീവനക്കാരുടെ പരിരക്ഷയുടെ ദുരുപയോഗം

223 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപരമായി ലഭിക്കുന്ന പരിരക്ഷ ആരോഗ്യ വകുപ്പ് ജീവനക്കാർ ദുരുപയോഗം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) തിരൂരങ്ങാടി പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 052/2025 എഫ്.ഐ.ആർ കേസ് അത്തരത്തിലുള്ളതാണോ; വ്യക്തമാക്കുമോ;

(സി) തിരൂരങ്ങാടി താലൂക്കാശുപത്രിയിലെ ഈ വിഷയവുമായി ബന്ധപ്പെട്ട് സി.സി.ടി.വി.യോ കേസിലെ സാക്ഷിമൊഴി പകർപ്പോ പരിശോധിച്ചിരുന്നോ; വിശദമാക്കുമോ?

## കാസർഗോഡ് ജനറൽ ആശുപത്രിയിൽ സീനിയർ ഓർത്തോ കൺസൾട്ടന്റ് തസ്തിക

224 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12. 11 .2022-ലെ ഇഎ1/4391/2022 നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിൽ സീനിയർ ഓർത്തോ കൺസൾട്ടന്റ് തസ്തിക ഉണ്ടോ; എങ്കിൽ തസ്തികയിൽ ഇപ്പോൾ കൺസൾട്ടന്റ് പ്രവർത്തിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ എത്രകാലമായി തസ്തിക ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) സീനിയർ ഓർത്തോ കൺസൾട്ടന്റ് ഇല്ലാത്തതിനാൽ MACT, മെഡിക്കൽ ക്യാമ്പ് തുടങ്ങിയ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ വിശദമാക്കാമോ?

## തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ തസ്തികകൾ

225 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ ഏതെല്ലാം തസ്തികകൾ ഉണ്ടെന്നും ഇതിൽ ഏതെല്ലാം തസ്തികകളിൽ സ്ഥിരം ജീവനക്കാരുണ്ടെന്നും വിശദമാക്കാമോ;

(ബി) ഫോറൻസിക് സർജന്റെ നിയമനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപേക്ഷകൾ ഈ ആശുപത്രിയിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകൾ സംബന്ധിച്ച വിശദവിവരങ്ങളും, അതിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

## നീണ്ടകര ആശുപത്രിയിൽ സോളാർ പാനൽ

226 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജക മണ്ഡലത്തിലെ നീണ്ടകര താലൂക്ക് ആശുപത്രിയിൽ ചവറ ഐ.ആർ.ഇ . ലിമിറ്റഡിന്റെ സിഎസ്ആർ ഫണ്ടുപയോഗിച്ച് സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഡിഎച്ച്എസ്-ന്റെ അനുമതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## തിരുവനന്തപുരം മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കാനുള്ള പദ്ധതികൾ

227 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനെ 'മികവിന്റെ കേന്ദ്രം' ആക്കാൻ കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ വിശദമാക്കാമോ;

(ബി) ഏതെല്ലാം മേഖലകളെ ഉൾപ്പെടുത്തിയാണ് മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ സാധിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) 2021 - ൽ നിലവിൽവന്ന സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്കും മറ്റ് ആരോഗ്യ കേന്ദ്രങ്ങൾക്കും ലഭിച്ചിട്ടുള്ള ദേശീയ അന്തർദേശീയ ബഹുമതികളും അംഗീകാരങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>മൊബൈൽ അൾട്രാ സൗണ്ട് സ്കാനിംഗ് യൂണിറ്റ്</u>

228 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ എസ്.റ്റി. ഉന്നതികളിൽ നിന്നുള്ളവർക്ക് സഹായകരമായ രീതിയിൽ മൊബൈൽ അൾട്രാ സൗണ്ട് സ്കാനിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## <u>ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാനുള്ള ഐസൊലേഷൻ ബ്ലോക്കുകൾ</u>

229 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി സർക്കാർ നിശ്ചയിച്ച ഐസൊലേഷൻ ബ്ലോക്കുകളുടെ നിർമ്മാണ ചുമതല ഏതൊക്കെ ഏജൻസികൾക്കാണ് നൽകിയത് ; ഐസൊലേഷൻ ബ്ലോക്കുകളുടെ നിർമ്മാണം ഇതുവരെ എവിടെയൊക്കെ പൂർത്തിയായിട്ടുണ്ട് ; നിർമ്മാണം യഥാസമയം പൂർത്തിയാക്കാത്ത കരാർ കമ്പനികൾക്ക് എതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഹൈറ്റ്സ് നിർമ്മാണം ഏറ്റെടുത്ത ആശുപത്രി കെട്ടിടങ്ങളുടെ ഉദ്ഘാടനത്തിന് ശേഷവും നിർമ്മാണം പൂർത്തിയാക്കാത്തതും ഉപകരണങ്ങൾ സപ്ലൈ ചെയ്യാത്തതും പരിശോധിച്ചിട്ടുണ്ടോ; ആലപ്പുഴ മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം കഴിഞ്ഞ് കെട്ടിടം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് മുൻപ് കേടുപാടുകൾ ഉണ്ടായതിന്റെയും പരിഹരിച്ചതിന്റെയും വിശദാംശങ്ങളും ലഭ്യമാക്കിയ മെഡിക്കൽ ഉപകരണങ്ങളുടെയും ഇനിയും ലഭ്യമാക്കാനുള്ളവയുടെയും വിശദാംശങ്ങളും ലഭ്യമാക്കാമോ?

## <u>സംസ്ഥാനത്തെ അവയവദാന പ്രവർത്തനങ്ങൾ</u>

230 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അവയവദാന പ്രവർത്തനരംഗത്ത് കെ-സോട്ടോയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വിവിധ അവയവങ്ങൾക്കായി ബുക്ക് ചെയ്ത് കാത്തിരിക്കുന്ന ആവശ്യക്കാരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) രോഗികൾക്കും, ആശുപത്രികൾക്കും, പൊതുജനങ്ങൾക്കും തൽസമയംതന്നെ വിവരങ്ങൾ അറിയത്തക്കവിധം ഇതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സഹായകമായ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## <u>സർക്കാർ ആശുപത്രികളിലേക്ക് ജീവൻ രക്ഷാ മരുന്നുകൾ</u>

231 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലേക്ക് ജീവൻ രക്ഷാ മരുന്നുകൾ, ശസ്ത്രക്രിയ ഉപകരണങ്ങൾ, ഫ്ലൂയിഡുകൾ തുടങ്ങിയവ വിതരണം ചെയ്ത വകയിൽ കരാറുകാർക്ക് നിലവിൽ എത്ര തുക കുടിശികയായി വിതരണം ചെയ്യാനുണ്ടെന്ന വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കുടിശിക വിതരണം ചെയ്യാത്തതിനാൽ മരുന്നുകളുടെ ലഭ്യതയിൽ പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഗുരുതരമായ ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കുറ്റ്യാടി താലൂക്ക് ആശുപത്രി</u>

232 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പ്രസവ കേസുകൾ അറ്റൻഡ് ചെയ്യാത്തത് കാരണം സാധാരണക്കാരായ ജനങ്ങൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പ്രസവ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ വിശദമാക്കാമോ;

(സി) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ എന്നു മുതൽ പ്രസവ കേസുകൾ നോക്കാൻ എടുക്കുന്നതിന് കഴിയുമെന്ന് അറിയിക്കാമോ?

## <u>മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ</u>

233 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ സംബന്ധിച്ച 05.08.2016 തീയതിയിലെ ജി.ഒ.(ആർ.ടി)നമ്പർ. 2174/2016/എച്ച്. ആന്റ് എഫ്.ഡബ്ല്യു.ഡി., 27.09.2012

തീയതിയിലെ ജി.ഒ.(എം.എസ്)നമ്പർ. 362/2012/റവന്യൂ, 13.08.2015-ലെ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ മിനിറ്റ്സ് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## കാൻസർ ചികിത്സാ കേന്ദ്രം

234 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഉണങ്ങിലക്കടവിൽ 2010 ഡിസംബർ 18-ന് കാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിന് സൗജന്യമായി സർക്കാരിന് വിട്ടുകിട്ടിയ ആറര ഏക്കർ സ്ഥലവും മൂന്ന് നിലക്കെട്ടിടവും ഉപയോഗപ്പെടുത്താൻ പതിനാല് വർഷങ്ങൾക്കിടയിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച കാൻസർ കെയർ സൊസൈറ്റിക്ക് പ്രസ്തുത സ്ഥലവും കെട്ടിടവും വിട്ടുനൽകി ആയത് ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## കനിവ് 108 ആംബുലൻസ് പദ്ധതി

235 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കനിവ് ആംബുലൻസുകളാണ് സേവനം നടത്തുന്നത് എന്നും അതിൽ നിലവിൽ എത്ര ജീവനക്കാർ അതിൽ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കനിവ് ആംബുലൻസുകളിലെ ജീവനക്കാർക്ക് വിശ്രമമുറിയും മറ്റ് സൗകര്യങ്ങളും എല്ലാ ആശുപത്രികളിലും നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ ക്രമീകരണങ്ങളാണ് നടത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) ജീവനക്കാർക്ക് എല്ലാ മാസവും ശമ്പളം കൃത്യമായി നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഡി) ജി.വി.കെ. ഇ.എം.ആർ.ഐ. എന്ന ഹൈദരാബാദ് ആസ്ഥാനമായുള്ള കമ്പനിക്ക് ആംബുലൻസ് സേവന നടത്തിപ്പ് കരാർ നൽകിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; കരാർ രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഈ കമ്പനിയുമായി കരാർ കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ പിന്നീട് ടെൻഡർ വിളിച്ചിട്ടുണ്ടോ; എങ്കിൽ ടെൻഡറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ആംബുലൻസുകളിൽ അഞ്ച് വർഷം പഴക്കമായതും കൃത്യമായി വാഹനത്തിന്റെ സർവീസ് നടത്താത്തതിനാലും നിരവധി ആംബുലസുകൾ എൻജിൻ തകരാറിലായ സാഹചര്യമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ജി) ഈ പദ്ധതി നടപ്പിലാക്കിയപ്പോൾ എത്ര ആംബുലൻസുകൾ സേവനം നടത്തുന്നുണ്ടായിരുന്നു എന്നും നിലവിൽ എത്ര ആംബുലൻസുകൾ സ്ഥിരമായി സേവനം നടത്തുന്നുണ്ടെന്നും വ്യക്തമാക്കാമോ?

## കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ

236 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 500 കോടി രൂപ ചെലവിൽ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഭാഗമായി പ്രഖ്യാപിച്ച അവയവമാറ്റ ശാസ്ത്രക്രിയ വിഭാഗത്തിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ഹോംകോയുടെ പ്രവർത്തനങ്ങളും വിപുലീകരണവും

237 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ കേരള സംസ്ഥാന ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ) യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം വിപുലീകരിക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിൽ കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് നാളിതുവരെ സർക്കാർ സഹായമായി എത്ര തുകനൽകി എന്നും എത്ര തുക ചെലവഴിച്ചു എന്നും വിശദമാക്കാമോ?

## എച്ച് എം പി വി വൈറസ് ബാധ

238 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എച്ച് എം പി വി വൈറസ് ബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രസ്തുത രോഗബാധയുടെ ലക്ഷണങ്ങൾ എന്നറിയിക്കുമോ;

(ബി) രോഗപ്രതിരോധത്തിനായി സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്നും ചികിത്സ വിധികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത രോഗബാധയെ പ്രതിരോധിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ?

## ചികിത്സാസഹായം അനുവദിക്കുന്നത്

239 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പൈനൽ മസ്കുലാർ അട്രോഫി ടൈപ്പ് 2 രോഗബാധിതനായ പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് ചെറായി കരയിൽ മനയത്തുകാട് റോഡ് നികത്തിൽ വീട്ടിൽ സജിത്ത് പി. ബി. യുടെ മകൻ ഒന്നര വയസുള്ള അഥർവ്വിന്റെ ഭീമമായ ചികിത്സാചിലവ് വികെയർ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനായി എം.എൽ.എ. മുഖാന്തിരം 24.06.2024-ന് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ആരോഗ്യവകുപ്പിലെ Health - FW3/175/2024 നമ്പർ ഫയലിലെ 02.09.2024-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ കുട്ടിയുടെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കാനും ചികിത്സാസഹായം അനുവദിക്കാനും നടപടി സ്വീകരിക്കുമോ?

## ആരോഗ്യസ്ഥാപനങ്ങളിലെ ആക്രമണം

240 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷക്കാലയളവിൽ ആരോഗ്യസ്ഥാപനങ്ങളിലെ ചികിത്സാപിഴവുമായി ബന്ധപ്പെട്ട് ആകെ എത്ര പരാതികളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ജില്ല, വർഷം, എന്നിങ്ങനെ തരം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ ആരോഗ്യസ്ഥാപനങ്ങളിലുണ്ടായിട്ടുള്ള അക്രമ സംഭവങ്ങൾ എത്രയാണ്; സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ജില്ല, വർഷം, എന്നിങ്ങനെ തരം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇതേ കാലയളവിൽ ചികിത്സാപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ആകെ എത്ര ആരോഗ്യപ്രവർത്തകരാണ് ആക്രമിക്കപ്പെട്ടിട്ടുള്ളത്; ആക്രമിക്കപ്പെട്ട ജീവനക്കാരുടെ തസ്തിക സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ജില്ല, വർഷം, എന്നിങ്ങനെ തരം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ.;

(ഡി) ഇതേ കാലയളവിൽ ചികിത്സാ വിഷയങ്ങളുമായി ബന്ധപ്പെട്ടല്ലാതെ ആകെ എത്ര ആരോഗ്യപ്രവർത്തകരാണ് ആരോഗ്യസ്ഥാപനങ്ങളിൽ വച്ച് ആക്രമിക്കപ്പെട്ടിട്ടുള്ളത് ; ആക്രമിക്കപ്പെട്ട ജീവനക്കാരുടെ തസ്തിക, സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ജില്ല, വർഷം, എന്നിങ്ങനെ തരം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

## സംസ്ഥാന എം.ബി.ബി.എസ്. ക്വോട്ടയിൽ പ്രത്യേക സംവരണ സീറ്റുകൾ

241 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ B.U.M.S. (ബാച്‌ലർ ഓഫ് യൂനാനി മെഡിസിൻ ആൻഡ് സർജറി) B.S.M.S. (ബാച്‌ലർ ഓഫ് സിദ്ധ മെഡിസിൻ ആൻഡ് സർജറി) പഠനം പൂർത്തിയാക്കിയ ബിരുദധാരികൾക്ക് സംസ്ഥാന എം.ബി.ബി.എസ്. ക്വോട്ടയിൽ 2

വീതം പ്രത്യേക സംവരണ സീറ്റുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ആയുർവേദവും ഹോമിയോപ്പതിയും പഠിച്ചവർക്ക് നിലവിൽ ഇപ്രകാരം പ്രത്യേക സംവരണ സീറ്റ് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, മേൽപ്പറഞ്ഞ ബിരുദധാരികൾക്ക് കൂടി പ്രത്യേക സംവരണ സീറ്റ് അനുവദിച്ചുകൊണ്ട് ആയുഷ് വിഭാഗത്തിൽപ്പെട്ട എല്ലാ ചികിത്സാ രീതികൾക്കും തുല്യ പരിഗണന നൽകുന്ന സമീപനം സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

**<u>ബദിയഡുക്കയിൽ അനുവദിച്ച മെഡിക്കൽ കോളേജിന്റെ പ്രവർത്തനം</u>**

242 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബദിയഡുക്കയിൽ അനുവദിച്ച കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ചും പ്രസ്തുത കോളേജിൽ എം.ബി.ബി.എസ് കോഴ്സ് ഉൾപ്പെടെയുള്ള കോഴ്സുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നത് സംബന്ധിച്ചുമുള്ള വിവരങ്ങൾ വിശദമാക്കാമോ?

**<u>എം.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥിനിയുടെ സർട്ടിഫിക്കറ്റുകൾ തിരികെ നൽകുന്നതിനുള്ള നടപടി</u>**

243 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ 2022 ഡിസംബറിൽ എം.എസ്.സി. നഴ്സിംഗിന് പ്രവേശനം ലഭിച്ച എറണാകുളം ജില്ലയിലെ തേവര, പെരുമാനൂർ, കളത്തിപ്പറമ്പിൽ വീട്ടിൽ ആതിര ഷാജിക്ക് അസുഖം മൂലം പഠനം തുടരാൻ സാധിക്കാത്ത സാഹചര്യമായതിനാൽ നിർദ്ധന കുടുംബാംഗമായ ടിയാൾക്ക് രണ്ടര ലക്ഷം രൂപ വരുന്ന ലിക്വിഡേറ്റഡ് ഡാമേജസ് തുക മാനുഷിക പരിഗണന നൽകി ഒഴിവാക്കുന്നതിനും സർട്ടിഫിക്കറ്റ് തിരിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് തിരിച്ചു കിട്ടുന്നതിനും ലിക്വിഡേറ്റഡ് ഡാമേജസ് ഒഴിവാക്കി കിട്ടുന്നതിനുമായി 27.02.2023-ന് എം.എൽ.എ. മുഖാന്തിരം ആരോഗ്യ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) വിദ്യാർത്ഥിയുടെ ഭാവി പഠനവും നിർദ്ധന കുടുംബത്തിന്റെ ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് ലിക്വിഡേറ്റഡ് ഡാമേജസ് ഒഴിവാക്കി സർട്ടിഫിക്കറ്റുകൾ എന്നത്തേയ്ക്ക് തിരികെ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>തിരുവനന്തപുരം മെഡിക്കൽ കോളേജ് മികവിന്റെ കേന്ദ്രം</u>**

244 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രം ആയി കേന്ദ്രസക്കാർ പ്രഖ്യാപിച്ചത് എന്തൊക്കെ ഘടകങ്ങൾ പരിഗണിച്ചാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഫലമായി ലഭിക്കുന്ന തുക ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ മറ്റ് ജില്ലകളിലെ മെഡിക്കൽ കോളേജുകളിലും നടപ്പിലാക്കാൻ തീരുമാനം എടുക്കുമോയെന്ന് അറിയിക്കാമോ?

**മണലൂർ മണ്ഡലത്തിലെ ഹോമിയോ ഡിസ്പൻസറികൾ**

245 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഹോമിയോ ഡിസ്പൻസറികൾ അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) അതിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ഇടുക്കി ജില്ലയിലെ ആയുർവേദ നഴ്സ് ഗ്രേഡ് II നിയമനം**

246 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ നിലവിൽ ആയുർവേദ നഴ്സ് ഗ്രേഡ് II തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികളിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട ആയുർവേദ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള നഴ്സുമാരെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പരിയാരം സർക്കാർ ആയുർവേദ കോളേജ്**

247 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം സർക്കാർ ആയുർവേദ കോളേജിൽ നിലവിലുള്ള പി.ജി. കോഴ്സുകൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത കോഴ്സുകൾ നിലനിർത്തുന്നതിന് ആവശ്യമായ അധ്യാപക തസ്തികകൾ പരിയാരം ആയുർവേദ കോളേജിൽ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**ഔഷധി**

248 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധി നിർമ്മിക്കുന്ന മരുന്നുകളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഔഷധി നിർമ്മിക്കുന്ന ഏതെങ്കിലും മരുന്നുകൾ നോൺ സ്റ്റാന്റേർഡ് ക്വാളിറ്റി വിഭാഗത്തിൽ ഡ്രഗ് റഗുലേഷൻ അതോറിറ്റി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) 2023-24 സാമ്പത്തിക വർഷത്തിൽ ഔഷധിയുടെ വിറ്റുവരവ്, പ്രവർത്തന ലാഭം എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

**നാഷണൽ ആയുഷ് മിഷന്റെ ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി പദ്ധതി**

249 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാഷണൽ ആയുഷ് മിഷന്റെ ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റേറ്റ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഏതെല്ലാം ആശുപത്രികൾ നവീകരിക്കുന്നതിനാണ് കേന്ദ്ര ആയുഷ് മന്ത്രാലയത്തിൽ സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ലയിലെ ഏതെല്ലാം ആശുപത്രികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടാമ്പി മണ്ഡലത്തിൽ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ ആയുഷ് ആശുപത്രികളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

**ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി പദ്ധതി**

250 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാഷണൽ ആയുഷ് മിഷന്റെ ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ആശുപത്രികൾ നവീകരിക്കുന്നതിനാണ് സ്റ്റേറ്റ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കോട്ടയം ജില്ലയിലെ ഏതെല്ലാം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ചങ്ങനാശ്ശേരി ഗവൺമെന്റ് ആയുർവേദ ആശുപത്രിയെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് നിർമ്മാണം**

251 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 23,51,500/- രൂപ അനുവദിച്ചിട്ടുള്ള ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്ക് നിർമ്മാണ പ്രവൃത്തിയുടെ സൈറ്റ് ലേഔട്ട് അപ്രൂവൽ തിരുവനന്തപുരം ഡ്രഗ്സ് കൺട്രോളർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(ബി) ലേഔട്ട് അപ്രൂവൽ ലഭിച്ചിട്ടുണ്ടെങ്കിൽ ബ്ലഡ് ബാങ്ക് ലൈസൻസിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോ; ബ്ലഡ് ബാങ്ക് പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നറിയിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

**<u>സർക്കാർ ആശുപത്രികളിലെ സൗജന്യ മരുന്ന് വിതരണം</u>**

252 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകുന്ന വിവിധ മരുന്നുകൾ നിലവിൽ ലഭ്യമല്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരുന്ന് വിതരണത്തിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മരുന്നുകൾ വിതരണം ചെയ്ത കമ്പനികൾക്ക് കുടിശിക ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സാധാരണയായി ഏത് മാസത്തിലാണ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള മരുന്നുകളുടെ ടെണ്ടർ ക്ഷണിക്കാറുള്ളതെന്നും വരുന്ന സാമ്പത്തിക വർഷത്തേക്കുള്ള ടെണ്ടർ എപ്പോഴാണ് ക്ഷണിച്ചതെന്നും അറിയിക്കുമോ;

(ഡി) കുടിശിക തുക കൊടുത്തു തീർക്കാത്തതിനാൽ പ്രമുഖ മരുന്ന കമ്പനികൾ മരുന്ന വിതരണത്തിനുള്ള ടെണ്ടറിൽ പങ്കെടുക്കാതെ വിട്ടു നിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത കുടിശിക കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

**<u>'പടവുകൾ' പദ്ധതി</u>**

253 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ ശിശു വികസന വകുപ്പ് 'പടവുകൾ' എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ആർക്കൊക്കെയാണ് അപേക്ഷിക്കുവാൻ സാധിക്കുകയെന്നും എന്തെല്ലാം സഹായങ്ങളാണ് പദ്ധതിയുടെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

**<u>സംസ്ഥാന ശിശുക്ഷേമ സമിതിയുടെ തിരുവനന്തപുരത്തെ ദത്തെടുക്കൽ കേന്ദ്രം</u>**

254 **ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയുടെ തിരുവനന്തപുരത്തെ ദത്തെടുക്കൽ കേന്ദ്രത്തിൽ ആയമാർ കുട്ടികളെ ക്രൂരമായി പീഡിപ്പിക്കുന്നതായ പരാതി ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ആയമാരായി നിയമിക്കപ്പെടുന്നവർക്ക് മതിയായ യോഗ്യതയോ പ്രവൃത്തിപരിചയമോ ഉണ്ടോ എന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആയമാരുടെ നിയമനത്തിൽ കൃത്യമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിനും സേവനതൽപരത പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>വൈപ്പിൻ മണ്ഡലത്തിലെ അങ്കണവാടികൾ</u>

255 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ എത്ര അങ്കണവാടികൾ ഉണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾ ഏതെല്ലാമെന്നും അവ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നുവെന്നും വ്യക്തമാക്കാമോ;

(സി) സ്വന്തമായി സ്ഥലം ഉള്ളതും കെട്ടിടമില്ലാത്തതുമായ അങ്കണവാടികൾ ഏതെല്ലാമെന്നും അവ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥപനങ്ങളിൽ ഉൾപ്പെടുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഉണ്ടെങ്കിൽ വൈപ്പിൻ മണ്ഡലത്തിലെ സ്ഥലമുള്ള അങ്കണവാടികളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>സ്മാർട്ട് അങ്കണവാടികൾ</u>

256 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ അംഗനവാടികളെ സ്മാർട്ട് അംഗനവാടികളാക്കുന്നതിന് ഫണ്ട് നൽകിയിട്ടുണ്ടെന്ന് വർഷം, മണ്ഡലം, അനുവദിച്ച തുക എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലവിൽ സ്മാർട്ട് അംഗനവാടികളാക്കുന്നതിന് എത്ര പ്രൊപ്പോസലുകൾ ഭരണാനുമതിക്കായി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

## വിരമിച്ച അംഗനവാടി ജീവനക്കാരുടെ പെൻഷൻ കുടിശ്ശികയുടെയും മറ്റ് ആനുകൂല്യങ്ങളുടെയും വിതരണം

257 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗനവാടികളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് അംഗനവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) വിരമിച്ച അംഗനവാടി ജീവനക്കാരുടെ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയാണ് വിതരണം ചെയ്യാനുള്ളതെന്നും പെൻഷൻ മുടങ്ങിയതിന്റെ കാരണമെന്താണ് എന്നും വ്യക്തമാക്കുമോ;

(സി) വിരമിച്ച അംഗനവാടി ജിവനക്കാർക്ക് ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കേണ്ട ഏതെല്ലാം ആനുകൂല്യങ്ങളാണ് മുടങ്ങിക്കിടക്കുന്നതെന്നും ഇതിന്റെ വിശദാംശങ്ങളും കാരണവും അറിയിക്കുമോ; ഈ കുടിശ്ശികാനുകൂല്യങ്ങൾ എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

## പടവുകൾ പദ്ധതി

258 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സഹായം നൽകുന്ന പടവുകൾ പദ്ധതിയിൽ 2022-23 വർഷം എത്ര അപേക്ഷ ലഭിച്ചു; എത്രപേർക്ക് ആനുകൂല്യം അനുവദിച്ചു; എത്ര തുക അനുവദിച്ചു; എത്ര തുക വിതരണം ചെയ്തു എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ; ;

(ബി) പ്രസ്തുത പദ്ധതിയിൽ 2023 - 24 വർഷം എത്ര അപേക്ഷ ലഭിച്ചു, എത്രപേർക്ക് ആനുകൂല്യം അനുവദിച്ചു, എത്ര തുകഅനുവദിച്ചു എത്ര തുക വിതരണം ചെയ്തു എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ. ;

(സി) പ്രസ്തുത പദ്ധതിക്കായി 2024 -25 വർഷത്തിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ എത്ര അപേക്ഷ ലഭിച്ചു ;എത്രപേർക്ക് സഹായം നൽകി; എത്ര തുക അനുവദിച്ചു ;എത്ര തുക വിതരണം ചെയ്തു; അപേക്ഷ ക്ഷണിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; അടിയന്തരമായി അപേക്ഷ ക്ഷണിച്ചു സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;വ്യക്തമാക്കുമോ.?

## പുനലൂർ നിയോജക മണ്ഡലത്തിലെ അംഗൻവാടികൾ

259 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡല പരിധിയിലെ വിവിധ പഞ്ചായത്തുകളിലും പുനലൂർ മുനിസിപ്പാലിറ്റിയുമായി നിലവിൽ എത്ര അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവയിൽ സ്വന്തമായി ഭൂമിയുള്ള അംഗൻവാടികളുടെ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) സ്വന്തമായി ഭൂമിയില്ലാത്ത അംഗൻവാടികളുടെയും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ പ്രവർത്തനം അവസാനിപ്പിച്ച അംഗൻവാടികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട അംഗൻവാടികളുടെ പ്രവർത്തനങ്ങൾക്കും നവീകരണത്തിനുമായി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

260 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ അടിമാലിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി റീവാലിഡേറ്റ് ചെയ്യുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഭരണാനുമതി റീവാലിഡേറ്റ് ചെയ്യാത്തതുമൂലം ബജറ്റിൽ അനുവദിച്ച തുക വിനിയോഗിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## അംഗൻവാടി, ഭിന്നശേഷി കുട്ടികളുടെ ആരോഗ്യപരിപാലനം

261 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടികൾക്ക് പ്രഥമ ശുശ്രൂഷാ കിറ്റ് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) അംഗൻവാടി കുട്ടികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) അംഗൻവാടി ജീവനക്കാർക്ക് പ്രഥമ ശുശ്രൂഷയ്ക്കുള്ള പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) ഭിന്നശേഷി കുട്ടികളുടെ ആരോഗ്യകാര്യത്തിൽ പ്രത്യേക പരിഗണന ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## ഹോട്ടൽ ഭക്ഷണത്തിന്റെ ഗുണനിലവാരം

262 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടൽ ഭക്ഷണത്തിന്റെ സുരക്ഷയും ഗുണനിലവാരവും പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഭക്ഷണ ഗുണനിലവാരം കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) വൃത്തിഹീനമായ ഇടങ്ങളിൽ ഭക്ഷണം തയ്യാറാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വഴിയോരങ്ങളിലൂൾപ്പെടെ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## ഉത്സവവേളകളിലെ ഭക്ഷ്യ ഗുണനിലവാര പരിശോധനകൾ

263 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിസ്തുമസ്-പുതുവത്സര വിപണിയിൽ കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ പ്രത്യേക പരിശോധനകൾ നടത്തിയിരുന്നോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പരിശോധനകളിലെ കണ്ടെത്തലുകളും ഇവയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം പരിശോധനകൾ തുടർസംവിധാനമാക്കി എല്ലാ ഉത്സവവേളകളിലും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

## ഭക്ഷ്യസുരക്ഷാ പരിശോധന

264 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷക ഭക്ഷണങ്ങൾ എന്ന ഗണത്തിൽ വിപണിയിൽ എത്തുന്ന ഭക്ഷ്യവസ്തുക്കൾ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് പരിശോധിക്കുവാൻ സാധിക്കാത്തതിനാലും ഭക്ഷ്യസുരക്ഷാ വകുപ്പ് കൃത്യമായ പരിശോധനകൾ നടത്താത്തതിനാലും വലിയ രീതിയിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം ഉൽപ്പന്നങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; ഇത്തരം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇത് കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കും എന്നറിയിക്കുമോ ;

(സി) ഇത്തരം ഉൽപ്പന്നങ്ങളുടെ എത്ര സാമ്പിളുകൾ ഈ സർക്കാരിന്റെ കാലയളവിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധിച്ചിട്ടുണ്ടെന്നും എത്ര സാമ്പിളുകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും എത്ര ഉൽപ്പന്നങ്ങൾക്കെതിരെ ഈ കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ഏതൊക്കെ ഉൽപ്പന്നങ്ങൾക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കുമോ?

## റേഷൻ സാധനങ്ങളുടെ പണം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ

265 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങൾ വഴി മുൻഗണനാ വിഭാഗക്കാർക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾക്ക് പകരം റേഷൻ സാധനങ്ങളുടെ പണം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നൽകുന്ന പദ്ധതി (ഡി.ബി.ടി) സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;d;

(ബി) സംസ്ഥാനത്ത് നിലവിലുള്ള റേഷൻ സംവിധാനങ്ങളിൽ കാര്യമായ മാറ്റം വരുത്തുന്ന ഈ പദ്ധതിയുടെ ഗുണദോഷ ഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;d;

(സി) പദ്ധതി നടപ്പാക്കുന്നതോടെ റേഷൻ മസ്റ്ററിംഗ് നടത്താൻ സാധിക്കുന്ന മുൻഗണനാ വിഭാഗങ്ങൾക്കും മസ്റ്ററിംഗ് ചെയ്യേണ്ടതില്ലാത്ത മുൻഗണനേതര വിഭാഗങ്ങൾക്കും തുടർന്നും ഭക്ഷ്യധാന്യങ്ങളുടെ ആനുകൂല്യം ലഭിക്കുന്നതിന് തടസം ഉണ്ടാകാൻ സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് ഇക്കാര്യത്തിൽ സർക്കാർ ആലോചിക്കുന്നത്; വിശദമാddക്കാമോ?

## മാവേലി സ്റ്റോറുകൾ

266 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷത്തിനിടെ പുതുതായി എത്ര സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷത്തിനിടെ എത്ര മാവേലി സ്റ്റോറുകൾ അടച്ചു പൂട്ടി; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) എന്തു കൊണ്ടാണ് മാവേലി സ്റ്റോറുകൾ അടച്ചു പൂട്ടിയതെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് 2024-ൽ പുതുതായി എത്ര റേഷൻ കടകൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

267 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികളുടെയും ഭരണാനുമതി നൽകിയിട്ടുള്ള തുകയുടെയും വിശദാംശങ്ങൾ നൽകാമോ;

(സി) കേന്ദ്ര വിഹിതവും സംസ്ഥാന സർക്കാർ വിഹിതവും വച്ച് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;?

## എ.എ.വൈ, പി.എച്ച്.എച്ച് കാർഡുകളുടെ വിതരണം

268 **യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര എ.പി.എൽ. കാർഡുകൾ എ.എ.വൈ., പി.എച്ച്.എച്ച് കാർഡുകൾ ആക്കി മാറ്റി വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനർഹമായി കൈവശം വച്ച് ഉപയോഗിച്ചതായി കണ്ടെത്തിയ എത്ര എ.വൈ., പി.എച്ച്.എച്ച് കാർഡുകൾ എ.പി.എൽ വിഭാഗത്തിലേയ്ക്ക് തരം മാറ്റി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## <u>അനർഹമായി കൈവശം വച്ച മുൻഗണനാ റേഷൻ കാർഡുകൾ</u>

269 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി മുതൽ 2025 ജനുവരി വരെ സംസ്ഥാനത്ത് എത്ര വീതം മഞ്ഞ, പിങ്ക് റേഷൻ കാർഡുകളാണ് അനർഹരുടെ കൈയിൽ ഉണ്ടെന്ന് കണ്ടെത്തിയത്; ഇവയിൽ എത്ര വീതം കാർഡുകളാണ് മുൻഗണന ഇതര വിഭാഗത്തിലെ നീല, വെള്ള കാർഡുകളാക്കി മാറ്റിയത്;

(ബി) മുൻഗണനാ കാർഡുകൾ അനർഹമാണെന്ന് കണ്ടെത്തിയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഈ കാരണങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന ഇതര വിഭാഗത്തിലേക്ക് മാറ്റിയ മഞ്ഞ, പിങ്ക് കാർഡ് ഉടമകളുടെയും ഇവയിലെ അംഗങ്ങളുടെയും എണ്ണം വ്യക്തമാക്കാമോ;

(സി) സർക്കാർ, അർദ്ധ സർക്കാർ, സഹകരണ മേഖലകളിൽ ജോലി ലഭിച്ചിട്ടും മഞ്ഞ, പിങ്ക് റേഷൻ കാർഡ് അംഗങ്ങളായി തുടരുന്ന എത്ര പേരെയാണ് 2021 ജനുവരി മുതൽ 2025 ജനുവരി വരെ കണ്ടെത്തിയത്; എന്ത് നടപടികളാണ് ഇവർക്ക് എതിരെ സ്വീകരിച്ചത്; ഇതിൽ എത്ര പേർ സിവിൽ സപ്ലൈസ് വകുപ്പിലെ ജീവനക്കാരാണ്; അനർഹമായി മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ച സർക്കാർ ജീവനക്കാർക്ക് എതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ?

## <u>റേഷൻ കാർഡുകളുടെ മസ്റ്ററിങ്</u>

270 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകളുടെ മസ്റ്ററിങ് എന്നു മുതലാണ് ആരംഭിച്ചത്; ഇതു വരെ എത്ര പേർ പൂർത്തിയാക്കി; സംസ്ഥാനത്ത് മസ്റ്ററിങ് പൂർത്തിയാക്കാത്തവരെ കണ്ടെത്താൻ പരിശോധന ആരംഭിച്ചിട്ടുണ്ടോ; ഇതിൽ എത്ര പേരെ കണ്ടെത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) മസ്റ്ററിങ് പൂർത്തിയാക്കാത്ത എത്ര പേരാണ് സംസ്ഥാനത്താകെ ഉള്ളത്; ഇതിൽ മഞ്ഞ, പിങ്ക് കാർഡ് അംഗങ്ങളായ എത്ര പേർ വീതം ഉണ്ട്; മസ്റ്ററിങ് പൂർത്തിയാക്കാൻ കേന്ദ്രം അനുവദിച്ച സമയം എന്നു വരെയാണ്; സംസ്ഥാനത്ത് ഇപ്പോഴും മസ്റ്ററിങ് തുടരുന്നുണ്ടോ; അറിയിക്കാമോ;

(സി) ഇതര സംസ്ഥാനത്തുള്ള എത്ര കേരളീയർ ഇതു വരെ മസ്റ്ററിങ് നടത്തി; ഇതിൽ എത്ര പേർ ഫെയ്സ് ആപ് വഴി മസ്റ്ററിങ് ചെയ്തു; ഫെയ്സ് ആപിൽ എന്തെങ്കിലും

നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മസ്റ്ററിങ് പൂർത്തിയാക്കാൻ പ്രയാസമുള്ള കുട്ടികൾ, കിടപ്പുരോഗികൾ എന്നിവരുടെ കാര്യത്തിൽ എന്തു നടപടികളാണ സ്വീകരിച്ചത്; ആധാറിൽ ബയോമെട്രിക് വിവരങ്ങൾ ഇല്ലാത്ത എത്ര കുട്ടികളുടെ മസ്റ്ററിങ് നടത്തിയിട്ടുണ്ട്; വെളിപ്പെടുത്തുമോ?

## റേഷൻ കാർഡുകളുടെ എണ്ണം

271 **യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ കാർഡുകൾ നിലവിലുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്;

(സി) ബന്ധപ്പെട്ട രേഖകൾ സഹിതം റേഷൻ കാർഡിന് അപേക്ഷ സമർപ്പിച്ചാൽ എത്ര ദിവസത്തിനകം റേഷൻ കാർഡ് നൽകാൻ കഴിയും; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## മുൻഗണന റേഷൻ കാർഡുകൾ

272 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നിശ്ചയിച്ച മുൻഗണനാ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതുകാരണം അർഹതയുണ്ടായിട്ടും സംസ്ഥാനത്ത് നിരവധിപേരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാർ നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട് കൂടുതൽ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ആളുകൾ സ്വമേധയാ തിരിച്ചേൽപ്പിച്ചതും 'ഓപ്പറേഷൻ യെല്ലോ' ഉൾപ്പെടെയുള്ള പരിശോധനകളിലൂടെ കണ്ടെത്തിയിട്ടുള്ളതുമായ മുൻഗണനാ കാർഡുകൾ അർഹരായ കുടുംബങ്ങൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അനർഹമായി കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ സർക്കാർ നിർദ്ദേശിച്ച കാലയളവിനുള്ളിൽ സ്വമേധയാ തിരിച്ചേൽപ്പിച്ച കേസുകളിൽ പിഴ ഈടാക്കിയതായി ആക്ഷേപം ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## റേഷൻ വിതരണത്തിലെ പ്രതിസന്ധി

273 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽ സാധനങ്ങൾ എത്തിക്കുന്ന കരാറുകാർക്ക് നിലവിൽ എത്ര തുക കുടിശി ക നൽകാനുണ്ട് എന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക വിതരണം ചെയ്യാത്തതിനാൽ റേഷൻ കടകളിലേക്ക് ഉള്ള ഭക്ഷ്യസാധനങ്ങളുടെ വിതരണം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(സി) സാധനങ്ങൾ വിതരണം ചെയ്യാത്തതിനാൽ സ്റ്റോക്ക് പൂർണമായും തീർന്ന റേഷൻകടകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കടകളിൽ ഇപ്രകാരം സ്റ്റോക്ക് പൂർണമായും തീർന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) സാധാരണ ജനങ്ങളുടെ ജീവിതത്തെ വളരെ ദോഷകരമായി ബാധിക്കുന്ന ഈ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ഉറശ്ശേരി മുക്കിൽ റേഷൻകട</u>

274 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂരിലെ ഉറശ്ശേരി മുക്കിൽ റേഷൻകട സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ?

## <u>റേഷൻ വിതരണത്തിലെ തടസ്സങ്ങൾ</u>

275 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി, മുകുന്ദപുരം താലൂക്ക് സപ്ലൈ ഓഫീസുകൾക്ക് കീഴിലുള്ള വിവിധ റേഷൻ കടകളിൽ ഗോഡൗണുകളിൽ നിന്നും റേഷൻ സാധനങ്ങൾ യഥാസമയം എത്തിച്ചു നൽകുന്നതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിതരണ കരാർ കമ്പനികളുടെ വീഴ്ച പരിശോധിക്കുന്നതിനും യഥാസമയം റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഇ-പോസ് മെഷീനുകളുടെ കേബിളുകൾ തകരാറിലാണ് എന്ന കാരണത്താൽ റേഷൻ വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## <u>റേഷൻ കടകളുടെ നവീകരണം</u>

276 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകട ശൃംഖലയെ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കടകളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**<u>വടകര താലൂക്കിൽ റേഷൻ ഷോപ്പുകളുടെ ലൈസൻസിന് എസ്.സി/എസ്.ടി സംവരണം</u>**

277 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ എസ്.സി/എസ്.ടി സംവരണ മാനദണ്ഡം അനുസരിച്ച് റേഷൻ ഷോപ്പുകളുടെ ലൈസൻസ് എടുക്കാൻ അനുവാദം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത താലൂക്കിൽ എസ്.സി/എസ്.ടി സംവരണ മാനദണ്ഡം അനുസരിച്ച് എത്ര ഷോപ്പുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>റേഷൻ കട ഉടമകൾക്ക് ലഭിക്കാനുള്ള കമ്മീഷൻ</u>**

278 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടയുടമകൾക്ക് ഇനി നൽകാനുള്ള 50% കിറ്റ് കമ്മീഷൻ തുക സമയബന്ധിതമായി വിതരണം നടത്തുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>ഇ-പോസ് യന്ത്രങ്ങളുടെ അറ്റകുറ്റ പണികൾ</u>**

279 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഉപയോഗിക്കുന്ന ഇ-പോസ് യന്ത്രങ്ങളുടെ നിലവിലുള്ള മെയിന്റനൻസ് കരാർ എന്നാണ് അവസാനിക്കുന്നത്; കരാർ പുതുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

**<u>പുതിയ റേഷൻ കടകളും മാവേലി സ്റ്റോറുകളും ആരംഭിക്കുവാൻ നടപടി</u>**

280 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ റേഷൻ കടകളും മാവേലി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും നിയമസഭാ മണ്ഡലം അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) പുതിയ റേഷൻ കടകളും മാവേലി സ്റ്റോറുകളും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>വാതിൽ പടി സേവനത്തിന് നൽകാനുള്ള കരാർ കുടിശ്ശിക</u>**

281 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാതിൽപടി സേവനം നടത്തുന്ന കരാറുകാർക്ക് എത്ര മാസത്തെ കുടിശ്ശിക തുക നൽകാനുണ്ട്; ഇത് എത്രയാണ് എന്ന് വിശദമാക്കുമോ;

(ബി) വാതിൽപ്പടി സേവനം നടത്തുന്ന കരാറുകാർക്ക് തുക നൽകാത്തത് മൂലം റേഷൻ വിതരണം പ്രതിസന്ധിയിലേക്ക് നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക അടിയന്തരമായി നൽകുവാനും റേഷൻ വിതരണം കാര്യക്ഷമമായി നടത്തുവാനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>സിവിൽ സപ്ലൈസ് ഗോഡൗൺ</u>

282 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരസഭയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള ഭൂമിയിൽ സിവിൽ സപ്ലൈസിന്റെ ഗോഡൗൺ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 09.02.2023-ന് ചേർന്ന യോഗതീരുമാന പ്രകാരം എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിൽ നിലനിർത്തികൊണ്ട്, ഗോഡൗൺ നിർമ്മാണത്തിനായി മാത്രം ഭൂമിയുടെ ഉപയോഗാനുമതിയും കൈവശാനുഭവവും കൈമാറി "ലീസ് ഔട്ട് " വ്യവസ്ഥയിൽ ശാസ്ത്രീയ ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള സാധ്യത പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സപ്ലൈകോയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന</u>

283 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; 2025 ജനുവരി മുതൽ ഇത് പ്രാബല്യത്തിൽ വന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സപ്ലൈകോയിലെ ശബരി ഉൽപ്പന്നങ്ങളുടെ വിലവർധനവ് വിശദീകരിക്കാമോ; വെളിച്ചെണ്ണ ഉൾപ്പടെയുള്ള സാധനങ്ങൾക്ക് മാർക്കറ്റ് വില ഈടാക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) സപ്ലൈകോയിലെ അരിയുടെ വിലവർദ്ധനവ് വിശദീകരിക്കാമോ;

(ഡി) ശബരി ഉൽപ്പന്നങ്ങളുടെ വില കൂടിയതിനാൽ റേഷൻ കടകളോടു ചേർന്ന് പ്രവർത്തിക്കുന്ന കെ സ്റ്റോറുകളിലെ സാധനങ്ങളുടെ വിലയും കൂടും എന്നതിന് പരിഹാരം കണ്ടെത്തുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) വിലക്കയറ്റം നിയന്ത്രിക്കേണ്ട സ്ഥാപനം വില കൂട്ടിയാൽ ഉപഭോക്താക്കൾ വരാത്ത സ്ഥിതി ഉണ്ടാകുമെന്ന ആശങ്കയ്ക്ക് എന്ത് നടപടി സപ്ലൈകോ സ്വീകരിക്കും എന്നറിയിക്കാമോ?

## <u>സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ</u>

284 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ശാന്തകുമാരി കെ.**

**ശ്രീ. കെ. ആൻസലൻ**

**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) 2014 മുതൽ 2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിനു ലഭിച്ചു കൊണ്ടിരുന്ന ഭക്ഷ്യധാന്യ വിതരണ ക്വാട്ട കേന്ദ്രസർക്കാർ എത്രത്തോളം വെട്ടിക്കുറച്ചുവെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ റേഷൻകടകളെയും വിതരണക്കാരെയും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും റേഷൻ ഷോപ്പുകളെ കാലാനുസൃതമായി നവീകരിക്കുന്നതിനും സത്വര നടപടികൾ കൈക്കൊള്ളുമോ ?

## <u>സബ്സിഡി സാധനങ്ങളുടെ വില</u>

285 **രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സാധനങ്ങളാണ് സബ്സിഡിയോടെ സപ്ലൈകോ വഴി നൽകി വരുന്നത്; ഇവയുടെ വിലയിൽ 2021 മുതൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്; സബ്സിഡി സാധനങ്ങളുടെ വില മാസം തോറും പുതുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) 2021–22, 2022–23, 2023–24, 2024–25 സാമ്പത്തിക വർഷങ്ങളിൽ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ എത്ര ക്വിന്റൽ വീതമാണു വാങ്ങിയത്; ഇതിൽ ഓരോ സാധനങ്ങളും ഓരോ വർഷവും സബ്സിഡി ഇനത്തിൽ വിൽപന നടത്തിയത് എത്ര അളവിലാണ്; എത്ര രൂപ വീതമാണ് ഓരോ വർഷവും വിൽപന വഴി ലഭിച്ചത്; അറിയിക്കാമോ;

(സി) നോൺ സബ്സിഡി ഇനത്തിൽ ഇതേ സാധനങ്ങൾ ഓരോ വർഷവും വിൽപന നടത്തിയത് എത്ര അളവിലാണ്; എത്ര രൂപ വീതമാണ് ഓരോ വർഷവും വിൽപന വഴി ലഭിച്ചത്; വ്യക്തമാക്കാമോ;

(ഡി) സബ്സിഡി അല്ലാത്ത സാധനങ്ങൾ വില കുറച്ചു വിൽക്കുന്നതിനായി സപ്ലൈകോയ്ക്ക് 2021–22, 2022–23, 2023–24, 2024–25 വർഷങ്ങളിൽ എത്ര രൂപ വീതം ചെലവായി എന്ന് അറിയിക്കാമോ;

(ഇ) വിപണി ഇടപെടലിനായി 2021–22, 2022–23, 2023–24, 2024–25 സാമ്പത്തിക വർഷങ്ങളിൽ സപ്ലൈകോയ്ക്കു സർക്കാർ ബജറ്റിൽ നീക്കിവച്ച തുക എത്രയാണ്; ഓരോ വർഷവും എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(എഫ്) വിപണി ഇടപെടലിനായി ഏതൊക്കെ ഇനങ്ങളിലാണ് സപ്ലൈകോയ്ക്ക് ചെലവ് വരുന്നത്; 2021–22, 2022–23, 2023–24, 2024–25 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ വീതമാണ് ചെലവ് വന്നത്; ഈ നഷ്ടം നികത്താൻ സർക്കാർ ഇടപെടൽ ഉണ്ടായോ; ഇതു സംബന്ധിച്ച് സപ്ലൈകോ പ്രത്യേക റിപ്പോർട്ട് തയാറാക്കി സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## സപ്ലൈകോയുടെ ശാക്തീകരണം.

286 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സപ്ലൈകോ വഴി വിതരണം ചെയ്തുവരുന്ന സബ്സിഡി ഉൽപ്പന്നങ്ങൾ ഏതെല്ലാമെന്നും അവയുടെ ഓരോന്നിന്റെയും വിൽപ്പനവില എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിൽ സപ്ലൈകോയെ ശാക്തീകരിക്കാൻ ഭക്ഷ്യ - പൊതുവിതരണവകുപ്പ് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## സബ്സിഡി സാധനങ്ങളുടെ വില

287 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം സപ്ലൈകോ ഔട്ട് ലറ്റുകളിൽ വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങൾ എത്ര ശതമാനം വിലക്കുറവിലാണ് പൊതുവിപണിയിൽ വിതരണം നടത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പൊതു വിപണിയിൽ വില കണക്കാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) നിലവിൽ സപ്ലൈകോ മുഖാന്തിരം വിതരണം നടത്തുന്ന സബ്സിഡി സാധനങ്ങളുടെ വിലയും പൊതു വിപണിയിൽ അവയുടെ വിലയും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കാമോ?

## നെല്ല് സംഭരണം

288 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണവുമായി ബന്ധപ്പെട്ടുള്ള പ്രതിസന്ധികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ;

(ബി) നെല്ല് വിനിയോഗം സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുകയാണ് ഇനി ലഭിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ഡി) നെല്ല് വിനിയോഗം സംബന്ധിച്ച് ഏറ്റവും ഒടുവിൽ കേന്ദ്രത്തിന് സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ട് എന്താണെന്ന് അറിയിക്കാമോ;

(ഇ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് നൽകിയ കത്തിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

## സപ്ലൈകോ

289 **രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ അവശ്യസാധനങ്ങൾ സംഭരിച്ച വകയിൽ കമ്പനികൾക്ക് എത്ര രൂപ കുടിശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്ര രൂപ കുടിശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സപ്ലൈകോ നൽകാനുള്ള ആകെ കുടിശിക ഇനം തിരിച്ച് വ്യക്തമാക്കുമോ?

## സപ്ലൈകോയുടെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

290 **രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ചതിന്റെ വിലയായി സപ്ലൈകോ ഇനി എത്ര കർഷകർക്ക് ഏതെല്ലാം ജില്ലകളിൽ എത്ര തുക വീതം നൽകാനുണ്ട്; പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ;

(ബി) നെല്ല് സംഭരണത്തിനായി കർഷകർക്കു പണം നൽകാൻ 2014–15 മുതൽ 2024–25 വരെ സപ്ലൈകോ എത്ര തുകയാണ് നേരിട്ട് വായ്പയെടുത്തത്; 2014–15 മുതൽ 2024–25 വരെ എത്ര രൂപയാണ് ഈയിനത്തിൽ പി.ആർ.എസ് വായ്പയായി കർഷകർക്ക് ബാങ്കുകൾ വഴി നൽകിയത്;

(സി) നെല്ല് സംഭരണത്തിനായി വായ്പയെടുത്ത ഇനത്തിൽ എത്ര തുക 2014–15 മുതൽ 2024–25 വരെ സപ്ലൈകോ തിരിച്ചടയ്ക്കാനുണ്ട്; ഇതിൽ മുതലും പലിശയും എത്ര വീതമാണെന്ന് വേർതിരിച്ച് പറയാമോ; പി.ആർ.എസ് വായ്പയിൽ എത്ര തുക തിരിച്ചടയ്ക്കാനുണ്ട്;

(ഡി) നെല്ല് സംഭരിച്ച വിലയിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും എത്ര രൂപയാണ് കേരളത്തിന് 2014–15 മുതൽ 2024–25 വരെ കുടിശ്ശിക ലഭിക്കാനുള്ളത്; സംസ്ഥാന സർക്കാരിൽ നിന്ന് സപ്ലൈകോയ്ക്ക് ഈ വർഷങ്ങളിൽ ലഭിക്കാനുള്ള കുടിശ്ശിക എത്രയാണ്;

(ഇ) ഒരു കിലോ നെല്ല് സംഭരിക്കാൻ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 2006 മുതൽ എത്ര രൂപ വീതമാണ് കർഷകർക്കു നൽകി വരുന്നത്; 2006 മുതൽ കർഷകന് ഒരു കിലോ നെല്ലിന് ആകെ നൽകി വരുന്ന വിഹിതം എത്രയാണ്;

(എഫ്) സംഭരിച്ച നെല്ല് അരിയാക്കി മാറ്റുന്നതിന് 2016–17 മുതൽ 2024–25 വരെ എത്ര മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്; ഓരോ മില്ലുകൾക്കും നൽകിയ നെല്ല് അവർ തിരിച്ചു നൽകിയ അരി എന്നിവയുടെ അളവും മില്ലുകൾക്കു നൽകിയ പ്രതിഫലവും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ജി) നെല്ല് സംഭരണവും അനുബന്ധമേഖലകളുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച വി.കെ.ബേബി സമിതിയുടെ റിപ്പോർട്ടിലെ വിശദാംശങ്ങളും ശുപാർശകളും എന്തെല്ലാമാണ്; ഈ റിപ്പോർട്ടിലെ എന്തെല്ലാം ശുപാർശകളാണ് നടപ്പാക്കാൻ തീരുമാനിച്ചത്; എന്തെല്ലാം നടപ്പാക്കി; വിശദമാക്കാമോ?

## നെൽകർഷകർക്ക് സപ്ലൈകോയിൽ നിന്നും നൽകേണ്ട കുടിശ്ശിക

291 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ച ഇനത്തിൽ സപ്ലൈകോയിൽ നിന്നും നെൽകർഷകർക്ക് നൽകേണ്ട കുടിശ്ശിക തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശം അറിയിക്കാമോ;

(ബി) ഏത് തീയതി വരെയുള്ള കുടിശ്ശിക തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്നും ശേഷിക്കുന്ന കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാനാവും എന്നത് സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

## പുതിയ മാവേലി സ്റ്റോറുകൾ

292 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത്; വിശദമാക്കാമോ?

## സംസ്ഥാനത്തെ മാവേലി സ്റ്റോറുകൾ

293 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സിവിൽ സപ്ലൈസ് മാവേലി സ്റ്റോറുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള മാവേലി സ്റ്റോറുകളെ മാവേലി സൂപ്പർ മാർക്കറ്റ് ആയി ഉയർത്തുന്നത് പരിഗണനയിലുണ്ടോ;

(സി) പുതിയ സംരംഭകരെ ഉപയോഗപ്പെടുത്തി മാവേലി സൂപ്പർ മാർക്കറ്റുകൾ ഗ്രാമീണ മാർട്ടുകൾ ആയി നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ സപ്ലൈകോ സ്റ്റോറുകൾ

294 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സപ്ലൈകോയുടെ കീഴിൽ എത്ര സ്റ്റോറുകൾ നിലവിൽ ഉണ്ടെന്നും അവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ സ്റ്റോറിലേക്കും 2024 വർഷം എത്ര രൂപയുടെ സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുകയുണ്ടായി; വിശദമാക്കാമോ?

## സസ്ഥാനത്തെ നെല്ല് സംഭരണം കാര്യക്ഷമമാക്കൽ

295 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) നെല്ല് അളവിന്റെ പണം സമയബന്ധിതമായി കർഷകർക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ സീസണിൽ നെല്ല് അളന്നതിന്റെ പൈസ മുഴുവൻ കർഷകർക്കും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

**<u>നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടൽ പദ്ധതി</u>**

296 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ 'സുഭിക്ഷ ഹോട്ടൽ' ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) 'സുഭിക്ഷ ഹോട്ടൽ' ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

**<u>സപ്ലൈകോ സൂപ്പർ മാർക്കറ്റ്</u>**

297 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ പാടിയോട്ടുചാൽ കേന്ദ്രീകരിച്ച് സപ്ലൈകോ സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ എന്ന് അറിയിക്കാമോ?

**<u>കോന്നി എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മാണ പ്രവൃത്തിയുടെ നടപടികളുടെ പുരോഗതി</u>**

298 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ കോന്നി എൻ.എഫ്.എസ്.എ. ഗോഡൗണിന്റെ നിർമ്മാണ പ്രവൃത്തിയുടെ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

**<u>പുല്ലുപാറയിലെ സിവിൽ സപ്ലൈസ് ഗോഡൗൺ നിർമ്മാണം</u>**

299 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പുല്ലുപാറയിലെ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഗോഡൗൺ നിർമ്മാണത്തിലെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പദ്ധതിയുടെ പ്രവൃത്തി ഉദ്ഘാടനം വകുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതിയിലാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കേരള റേഷൻ വ്യാപാരി ക്ഷേമനിധിയുടെ വിശദവിവരങ്ങൾ

300 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിലവിലുള്ള അംഗങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധി അംഗങ്ങൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2023-24, 2024-25 (നാളിതുവരെ) സാമ്പത്തിക വർഷങ്ങളിൽ ക്ഷേമനിധിയിൽ നിന്ന് ലഭ്യമാക്കിയ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## അളവുതൂക്ക സംവിധാനങ്ങളുടെ പരിശോധന

301 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളിലെ അളവുതൂക്ക സംവിധാനങ്ങൾ പരിശോധിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## കാസർഗോഡ് എക്സൈസ് ടവർ

302 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എക്സൈസ് ടവർ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ഭരണാനുമതി ലഭിച്ചതെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ആയിട്ടുണ്ടെങ്കിൽ എപ്പോഴാണ് ടെണ്ടർ ആയതെന്നും കരാറുകാരൻ ആരാണെന്നും വ്യക്തമാക്കാമോ;

(സി) എക്സൈസ് ടവറിന്റെ നിർമ്മാണം യഥാസമയം തുടങ്ങുവാനുള്ള തടസ്സങ്ങൾ എന്തായിരുന്നു; പ്രസ്തുത തടസ്സങ്ങൾ എല്ലാം നീക്കിയിട്ടുണ്ടോ; പുതുതായി ഏതെങ്കിലും പ്രശ്നങ്ങൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ; എന്നിവ വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് എക്സൈസ് ടവർ എപ്പോൾ യാഥാർത്ഥ്യമാകുമെന്നും ഈ സർക്കാരിന്റെ കാലത്ത് തന്നെ നാടിന് സമർപ്പിക്കാൻ കഴിയുമോയെന്നും വ്യക്തമാക്കാമോ?

## ലഹരി ഉപയോഗ വർദ്ധന തടയാൻ പ്രതിരോധ മാർഗ്ഗങ്ങൾ

303 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുതിർന്നവരിലും കുട്ടികളിലും ലഹരി ഉപയോഗം ദിനംപ്രതി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലഹരി ഉപയോഗ വർദ്ധനവ് തടയാൻ എന്തെല്ലാം പ്രതിരോധ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ലഹരി ഉപയോഗ വർദ്ധനവ് തടയാൻ മുഴുവൻ സമയവും പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സ്ക്വാഡുകൾ കഴിഞ്ഞ വർഷം എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ നടപടി**

304 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**കോന്നിയിൽ എക്സൈസ് സർക്കിൾ ഓഫീസ്**

305 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ കോന്നി താലൂക്ക് ആസ്ഥാനമാക്കി എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

**ട്രാക്ക് ആൻഡ് ട്രേസ് സംവിധാനം**

306 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദി ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ് ക്യൂ.ആർ കോഡ് അടിസ്ഥാനപ്പെടുത്തിയ ട്രാക്ക് ആൻഡ് ട്രേസ് സംവിധാനം നടപ്പിലാക്കാനുള്ള ഉപകരണങ്ങൾക്ക് വേണ്ടി 2023-TSC-616589-1 നമ്പർ ഇ-ടെണ്ടർ ക്ഷണിച്ചിരുന്നോ; ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രസ്തുത ടെണ്ടറിൽ പങ്കെടുത്തത്; അവർ ക്വോട്ട് ചെയ്ത തുകകൾ എത്രയെന്ന് വിശദമാക്കുമോ;

(ബി) ടെണ്ടറിൽ പങ്കെടുത്ത മൂന്ന് സ്ഥാപനങ്ങൾ ഏകദേശം രണ്ടു കോടി രൂപ ക്വോട്ട് ചെയ്തപ്പോൾ വർക്ക് അനുവദിച്ചു കിട്ടിയ സ്ഥാപനം ക്വോട്ട് ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ; തുകയിൽ കാര്യമായ വ്യത്യാസം വന്നത് സ്റ്റോർ പർച്ചേസ് റൂൾസ് അനുസരിച്ച് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ടെണ്ടർ സാങ്കേതിക കമ്മിറ്റിയിൽ സാങ്കേതിക വിദഗ്ധന്മാർ ഉണ്ടായിരുന്നോയെന്നും അവർ ആരൊക്കെ ആയിരുന്നുവെന്നും വ്യക്തമാക്കുമോ?

**കോലഴി എക്സൈസ് റേഞ്ച് ഓഫീസിന് വാഹനം**

307 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ -

എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ കോലഴി എക്സൈസ് റേഞ്ച് ഓഫീസിന് അനുവദിച്ചിരുന്ന സർക്കാർ വാഹനത്തിന്റെ കാലാവധി അവസാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ വാഹനം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

## എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

308 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വ്യാപനം തടയുന്നതിനുള്ള എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി തടസ്സമാകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ലഹരി ഉപയോഗം വ്യാപകമാവുകയും തന്മൂലം കൊലപാതകങ്ങളുൾപ്പെടെ ആവർത്തിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നൈറ്റ് പട്രോളിങ് കാര്യക്ഷമമാക്കുന്നതിനാവശ്യമായ വാഹനങ്ങളും ഡ്രൈവർമാരും നിലവിൽ എക്സൈസ് വകുപ്പിനുണ്ടോ; വിശദാംശം നൽകുമോ;

(സി) നിലവിൽ എക്സൈസ് വകുപ്പിൽ വാഹനങ്ങൾക്കാനുപാതികമായി ഡ്രൈവർമാരുണ്ടോ; മുൻ എക്സൈസ് കമ്മീഷണർ ഋഷിരാജ് സിംഗ് നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒരു വാഹനത്തിന് രണ്ട് ഡ്രൈവർമാർ എന്ന നിർദേശം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് അനുവദിച്ച അൻപത്തിയാറ് എക്സൈസ് ഡ്രൈവർ തസ്തികകളും പ്രൊപ്പോസൽ നൽകിയിരുന്ന നാല്പത്തിയാറ് ഡ്രൈവർ തസ്തികളും സൃഷ്ടിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; ഇതിനായി അനുവദിച്ച ഫണ്ട് വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഇ) കൂടുതൽ ഡ്രൈവർ തസ്തികകളുൾപ്പെടെ അനുവദിച്ച് ജീവനക്കാരുടെ എണ്ണം ഉയർത്തിക്കൊണ്ട് എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആറ്റിങ്ങൽ എക്സൈസ് ഓഫീസിലെ ലോക്കപ്പ്

309 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ എക്സൈസ് ഓഫീസിൽ ലോക്കപ്പ് നിലവിലില്ലാത്തത് മൂലം പ്രതികളെ സൂക്ഷിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## മാവേലിക്കര എക്സൈസ് കോംപ്ലക്സ് രണ്ടാംഘട്ട നിർമ്മാണം

310 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര എക്സൈസ് കോംപ്ലക്സിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് രണ്ടാംഘട്ട നിർമ്മാണം അനിവാര്യമായതിനാൽ അതിനാവശ്യമായ തുക അനുവദിക്കുമോ?

## നാദാപുരം എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ വാഹനം

311 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനത്തിനായി ഉപയോഗിക്കുന്ന നാദാപുരം എക്സൈസ് റേഞ്ച് ഓഫീസിന്റെ വാഹനം കാലപ്പഴക്കത്താൽ പ്രവർത്തനരഹിതമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ വാഹനം ഇല്ലാത്തതിനാൽ സമയബന്ധിതമായി എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശോധന നടത്തുന്നതിന് തടസ്സം നേരിടുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിലവിലെ വാഹനത്തിന്റെ അവസ്ഥ സംബന്ധിച്ച് മെക്കാനിക്കൽ വിഭാഗം നൽകിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മയക്കുമരുന്ന് കേസ്സുകൾ ഉൾപ്പെടെ, ലഹരി സംബന്ധമായ ഒട്ടനവധി പരാതികൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നാദാപുരം എക്സ്ചേഞ്ച് റേഞ്ച് ഓഫീസിലേക്ക് പുതിയ വാഹനം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സംസ്ഥാന സർക്കാരിന്റെ മദ്യനയം

312 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മദ്യനയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മുൻ യു.ഡി.എഫ് സർക്കാർ രൂപീകരിച്ച മദ്യനയത്തിൽ നിന്നും എന്തെല്ലാം കാതലായ മാറ്റങ്ങളാണ് പുതിയ മദ്യനയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പുതിയ മദ്യനയം സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കാൻ കാരണമാകുന്ന തരത്തിലുള്ളതാണെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## മയക്കുമരുന്ന് ഉപയോഗം മൂലമുള്ള അതിക്രമങ്ങൾ

313 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം മൂലമുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ മയക്കുമരുന്ന് ഉപയോഗം മൂലമുള്ള എത്ര അതിക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കുമോ; വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ മയക്കുമരുന്ന് കൈവശം വച്ചതിനും വിതരണം ചെയ്തതിനും ഉപയോഗിച്ചതിനുമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ കുറ്റവിമുക്തരായിട്ടുണ്ട്; വിശദവിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ?

## തമ്മാനിമറ്റം തൂക്കുപാലം നിർമ്മാണം

314 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്ത്നാട് മണ്ഡലത്തിലെ തമ്മാനിമറ്റം തൂക്കുപാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എത്ര തുകയുടെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) പഴയ പാലത്തിന്റെ അവശിഷ്ടങ്ങൾ മാറ്റുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) തമ്മാനിമറ്റം തൂക്കുപാല നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## തൃപ്പൂണിത്തുറ-കരിമുഗൾ റോഡ്

315 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ-കരിമുഗൾ റോഡിലെ ഡീറ്റൈൽഡ് ടൗൺ പ്ലാനിങ്ങ് സ്കീം വേരിയേഷൻ സംബന്ധിച്ച നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിലെ ആർ.ഡി2/86/24/ എൽ.എസ്.ജി.ഡി എന്ന ഫയലിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൂർത്തീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് ഫയൽ നടപടിക്രമങ്ങൾ വൈകുന്നതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് മുഖ്യ നഗരാസൂത്രകൻ ലഭ്യമാക്കിയ കരട് വിജ്ഞാപനത്തിൽ അന്തിമ തീരുമാനം ആയിട്ടുണ്ടോ; തൽസ്ഥിതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡിലെ ഡിറ്റിപി വേരിയേഷൻ നടപടികൾ പൂർത്തിയാക്കാത്തതിനാൽ റോഡിന് സമീപം താമസിക്കുന്നവർക്ക് വീട് വയ്ക്കുന്നതിനോ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കോ പെർമിറ്റ് അടക്കം തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പറവൂരിലെ ലൈഫ് മിഷൻ പദ്ധതി

316 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ പറവൂരിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പാർപ്പിട സമുച്ചയത്തിന്റെ നിർമ്മാണം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ടി ഫ്ലാറ്റിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നാഷണൽ ഹൈവേ 66-ന്റെ അരികിലുള്ള ഭൂമിയിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏർപ്പെടുത്തിയിട്ടുള്ള ചില നിബന്ധനകൾ മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പെർമിറ്റ് നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലക്ഷങ്ങൾ ഫീസ് നൽകി ആക്സസ് പെർമിറ്റ് വാങ്ങേണ്ടി വരുന്നത് മൂലം സാധാരണക്കാർക്ക് വീട് നിർമ്മാണത്തിന് തടസ്സം ഉണ്ടാകുന്ന പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

## മാലിന്യമുക്തം നവകേരളം പദ്ധതി

317 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായ വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി ലഭിച്ച പരാതികൾ, ഈടാക്കിയ പിഴ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിനിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ടൂറിസം മേഖലയെ മാലിന്യ മുക്തമാക്കാൻ പദ്ധതികൾ

318 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയെ മാലിന്യമുക്തമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

## കെട്ടിട നിർമ്മാണ സെസ്

319 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിനുള്ള സെസ് കാലോചിതമായി പരിഷ്കരിച്ച് സാധാരണക്കാരെ നികുതിയിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

## കല്ലട ജലസേചന പദ്ധതിയുടെ കനാൽ ശുചീകരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

320 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയുടെ ദുരിതം രൂക്ഷമായനുഭവിക്കുന്ന മൂന്ന് ജില്ലകളിലെ തൊണ്ണൂറ്റിരണ്ട് ഗ്രാമങ്ങളിൽ കൃഷിയ്ക്കായി ജലമെത്തിക്കുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാലുകളിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തുകൾ നടത്തിയിരുന്ന ശുചീകരണം നിലവിൽ നടത്തുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.ഐ.പി. കനാൽ ശുചീകരണം ആവർത്തനസ്വഭാവമുള്ള പ്രവർത്തനമാണെന്നുകാട്ടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകാറില്ല എന്നതിനാൽ ഗ്രാമപ്പഞ്ചായത്ത് തലത്തിൽ മറ്റേതെങ്കിലും പ്രത്യേക പദ്ധതിയിലുൾപ്പെടുത്തി കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കുന്ന ഈ ജലസേചന പദ്ധതിയുടെ ശുചീകരണ പ്രവർത്തി നടത്തുവാനാകുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാവർഷവും നടത്തുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയിൽ കൊണ്ടുവന്ന് പ്രത്യേക അനുവാദം നൽകാനാകുമോ; ആയതിനുള്ള തുടർനടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് വിഹിതം

321 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവ പട്ടിക തിരിച്ച് വിശദമാക്കാമോ;

(ബി) 2023-24 സാമ്പത്തിക വർഷത്തിലും 2024-25 സാമ്പത്തിക വർഷത്തിൽ ഡിസംബർ 31 വരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം തുക കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് അനുവദിച്ചിട്ടുണ്ട്; പട്ടികതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## മാലിന്യം വലിച്ചെറിയുന്നത് തടയാൻ നടപടി

322 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്കരണ രംഗത്ത് സംസ്ഥാനം രാജ്യത്തിന് മാതൃകയാകുമ്പോഴും, പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത തുടരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ടീം വഴിയുള്ള നിയമ നടപടികൾ കൂടുതൽ ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ക്യാമറാ നിരീക്ഷണത്തിന് പുറമേ, കൂടുതൽ മാലിന്യം നിക്ഷേപിക്കുന്ന പൊതുസ്ഥലങ്ങൾ കണ്ടെത്തി മാപ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മാലിന്യം ശേഖരിക്കാനുള്ള ബിന്നുകൾ പ്രധാന കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നുവെന്നും അവ കൃത്യമായി പരിപാലിക്കുന്നുവെന്നും ജനകീയ സഹകരണത്തോടെ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം</u>

323 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## <u>മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ</u>

324 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ ഏകീകൃത സർവ്വീസ് രൂപീകരിച്ചതിനു ശേഷം പഴയ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ പെൻഷൻ അംഗീകരിക്കുന്നതിൽ നിന്നും സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേൽ ജീവനക്കാരുടെ പെൻഷൻ അംഗീകരിക്കുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) നിലവിൽ വിരമിച്ച ജീവനക്കാരുടെ പെൻഷൻ അനുവദിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>പട്ടാമ്പി നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകളും അവയുടെ നവീകരണവും</u>

325 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആകെ റോഡുകൾ , അവയുടെ ദൈർഘ്യം എന്നിവ തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ ആസ്തി രജിസ്റ്ററിലെ പേരുകൾ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നവീകരിച്ചതും നവീകരിക്കുന്നതിനായി തിരഞ്ഞെടുത്തതുമായ റോഡുകൾ ഏതെല്ലാമെന്നും ഏത് പദ്ധതിയുടെ കീഴിലാണ് ഇവ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## പൊൻപാറക്കുന്നിൽ ലൈഫ് മിഷൻ ഭവന സമുച്ചയം

326 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ പൊൻപാറക്കുന്നിൽ ലൈഫ് മിഷൻ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് തറക്കല്ലിടൽ ചടങ്ങ് നടത്തിയെങ്കിലും പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി കണ്ടെത്തിയ സ്ഥലത്ത് നിർമ്മാണം തുടങ്ങുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ പകരം സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മാലിന്യ സംസ്കരണം

327 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ;

(ബി) നഗര പ്രദേശങ്ങളിൽ വർദ്ധിച്ചുവരുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണത്തിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യത്തിന് പ്ലാന്റുകൾ നിലവിലുണ്ടോ?

## ആരാധനാലയങ്ങൾക്ക് നിർമ്മാണാനുമതി, കെട്ടിട നമ്പർ എന്നിവ ലഭ്യമാക്കുന്നതിന് നിയമങ്ങൾ

328 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങൾക്ക് നിർമ്മാണാനുമതി , കെട്ടിട നമ്പർ എന്നിവ ലഭ്യമാക്കുന്നതിന് നിലവിലെ നിയമങ്ങൾ എന്തൊക്കെയാണ് ; ഇതിനായി ജില്ലാ

കളക്ടറുടെ അനുമതി ആവശ്യമുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയ അദാലത്ത്

329 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയ അദാലത്ത് പ്രകാരം ആലപ്പുഴ മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും എത്ര എണ്ണത്തിന് തീർപ്പു കൽപിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അദാലത്ത് പ്രകാരം ആലപ്പുഴ മുനിസിപ്പാലിറ്റി തീർപ്പുകൽപ്പിക്കേണ്ട അപേക്ഷകളിൽ എത്ര എണ്ണം തീർപ്പാക്കി എന്നും, ഇനി എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ ഉള്ളതെന്നും തീർപ്പാക്കാൻ ഉള്ള അപേക്ഷകളിൽ എന്ത് നടപടി ആണ് സ്വീകരിച്ചതെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## കെ-സ്മാർട്ട് പദ്ധതി

330 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-സ്മാർട്ട് പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങൾ വഴി ലഭിക്കുന്ന മുഴുവൻ സേവനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ടി സ്ഥാപനങ്ങൾ വഴി ലഭിക്കുന്ന എല്ലാ സേവനങ്ങളും കെ-സ്മാർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ജനങ്ങൾക്ക ലഭിക്കുന്ന സേവനം സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ;

(ബി) കെ-സ്മാർട്ട് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റുകൾ ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾ മുൻഗണനാക്രമത്തിലാണോ തീർപ്പാക്കുന്നത്; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമപ്രകാരം തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ വിവിധതരം സേവനങ്ങൾ തീർപ്പാക്കാൻ സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമയ പരിധി നിശ്ചയിച്ച് അപേക്ഷകൾ തീർപ്പാക്കി ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണം

331 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സംയോജനം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണത്തിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതല ഉണ്ടായിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ പുതിയ നിയമനം ഒഴിവാക്കിയതും ബ്ലോക്ക് തലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രവർത്തനങ്ങളെ വിലയിരുത്തേണ്ട തസ്തികകളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണത്തെക്കുറിച്ച് മുൻ പരിചയം ഇല്ലാത്ത മറ്റു

വിഭാഗങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ നിയമിച്ചതും മൂലം പദ്ധതി നിർവഹണത്തിൽ വലിയ പ്രതിസന്ധി നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണത്തിലെ പ്രതിസന്ധി കേന്ദ്ര ഫണ്ടിന്റെ ലഭ്യതയെ ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി പരിഹാര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന പദ്ധതി വിഹിതം**

332 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവരുന്ന പദ്ധതി വിഹിതം ഏതൊക്കെ മാസങ്ങളിലാണ് ലഭിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) 2024-25 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പദ്ധതി വിഹിതത്തിന്റെ എത്ര ഗഡുക്കളാണ് ലഭിച്ചതെന്നും ഏതൊക്കെ മാസങ്ങളിലാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ?

**മണലൂർ മണ്ഡലത്തിലെ തദ്ദേശ റോഡ് നവീകരണം**

333 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് നവീകരണത്തിനായി മണലൂർ മണ്ഡലത്തിൽ നിന്നും 2024-25 വർഷം ഏതെല്ലാം പ്രവൃത്തികളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) ഗ്രാമീണ റോഡുകളുടെ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ പ്ലാൻ ഫണ്ട്**

334 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ പ്ലാൻ ഫണ്ട് എത്ര; അനുവദിച്ച തുക എത്ര; വിനിയോഗിച്ച തുക എത്ര; വിശദാംശങ്ങൾ സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകൾ**

335 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആകെ റോഡുകൾ, അവയുടെ ദൈർഘ്യം എന്നിവ തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ ആസ്തി രജിസ്റ്ററിലെ പേരുകൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകളിൽ 2020-21, 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ നവീകരിച്ചതും നവീകരിക്കുന്നതിനായി തെരഞ്ഞെടുത്തതുമായ റോഡുകൾ ഏതെല്ലാമെന്നും ഏത് പദ്ധതിയുടെ കീഴിലാണ് ഇവ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അനുവദിച്ച തുക എത്രയെന്നും വിശദമാക്കുമോ?

**<u>തദ്ദേശ അദാലത്തുമായി ബന്ധപ്പെട്ട ഭേദഗതികൾ</u>**

336 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ അദാലത്തുമായി ബന്ധപ്പെട്ട് ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ ഭേദഗതികളാണ് വകുപ്പ് ഇതുവരെ കൊണ്ടുവന്നിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>ജലസ്രോതസ്സുകൾ മാലിന്യമുക്തമായി സംരക്ഷിക്കുന്നതിനുള്ള നടപടി</u>**

337 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രീയ ദ്രവമാലിന്യ പരിപാലനസംവിധാനങ്ങളൊരുക്കി മുഴുവൻ ജലാശയങ്ങളേയും മാലിന്യമുക്തമായി സംരക്ഷിക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 'തെളിനീരൊഴുകും നവകേരളം' ജനകീയ ക്യാമ്പയിന്റെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെട്ട ജലസ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ കണ്ടെത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വാതിൽപ്പടി പാഴ്‌വസ്തു ശേഖരണം കാര്യക്ഷമമാക്കിയും ശാസ്ത്രീയ മാലിന്യസംസ്കരണ സംവിധാനങ്ങളൊരുക്കിയും ജലസ്രോതസ്സുകളിലേക്ക് മാലിന്യമെത്തുന്നത് തടയുവാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഇ) ജലസ്രോതസ്സുകളിലേക്ക് മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിക്കുന്നത്; ഇത്തരത്തിൽ സംസ്ഥാനത്ത് എത്രയാളുകൾക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>ഭരതനാട്യ പരിപാടിയുടെ ഉദ്ഘാടനവേദിയിൽ ഉണ്ടായ അപകടം</u>**

338 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ

സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന മെഗാ ഭരതനാട്യ പരിപാടിയുടെ താത്കാലിക ഉദ്ഘാടനവേദിയിൽനിന്നും വീണ് ശ്രീമതി ഉമാ തോമസ് എം.എൽ.എ.ക്ക് പരിക്ക് പറ്റിയതിൽ സുരക്ഷാ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) വൻജനാവലി എത്തുന്ന പൊതു-സ്വകാര്യ പരിപാടികളിൽ അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ നിയതമായ സുരക്ഷാ പ്രോട്ടോക്കോൾ ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

339 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 'തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി' പ്രകാരം ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള ശിപാർശകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

## വേങ്ങേരി മിനിസ്റ്റേഡിയം, കണ്ണാടിക്കൽ പകൽ വീട് പദ്ധതികൾ പൂർത്തീകരിക്കുന്നതിനു നടപടി

340 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഹെഡ്ഡിൽ പ്രഖ്യാപിച്ച വികസന പ്രവർത്തനങ്ങൾ മണ്ഡലങ്ങളിൽ നടത്തുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 2022-23 മുതൽ 2024-25 വരെ കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടത്തേണ്ട വേങ്ങേരി മിനി സ്റ്റേഡിയം, കണ്ണാടിക്കൽ പകൽ വീട് എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) മേൽ വിവരിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

## ഡാറ്റാ മാനേജർ നിയമനം

341 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നതിനും അവയെ ശാസ്ത്രീയാടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നതിനും സഹായകമായ രീതിയിൽ സാമ്പത്തിക- സ്ഥിതി വിവരകണക്ക് വകുപ്പിൽ നിന്നും ഡാറ്റാ മാനേജർമാരെ നിയമിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

**പഴയലക്കിടി- അകലൂർ -പൂക്കാട്ടുകുന്ന്-പെരുമ്പറമ്പ് റോഡ് നവീകരണം**

342 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ളതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിലെ (സെക്രട്ടേറിയറ്റ് Computer File No. 2889637/ എൽ.എസ്.ജി.ഡി.) നമ്പർ ഫയലിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് തിരിച്ചുവന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡ് നവീകരണപ്രവൃത്തിയുടെ ഡി.പി.ആർ സമർപ്പിച്ചതിൽ എന്തെങ്കിലും അപാകത ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത അപാകതകൾ പരിഹരിച്ച് ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോയെന്നും എന്നാണ് സമർപ്പിച്ചതെന്നുമുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**കോങ്ങാട് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കാനുള്ള പ്രവൃത്തികൾ**

343 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20% ബജറ്റ് പ്രൊവിഷൻ ലഭിച്ചതും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കാനുള്ളതുമായ കോങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികളുടെ പേര്, തുക എന്നിവ തരം തിരിച്ച് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

**താത്കാലികമായി പണിയുന്ന ഷീറ്റിട്ടിട്ടുള്ള നിർമ്മാണങ്ങൾ**

344 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെയിലും മഴയും കൊള്ളാതിരിക്കാൻ വീടുകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും മുമ്പിൽ താത്കാലികമായി പണിയുന്ന ഷീറ്റിട്ടിട്ടുള്ള നിർമ്മാണങ്ങൾ പ്രത്യേക നിർമ്മിതിയായി കണക്കാക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രത്യേക നിർമ്മിതിയായി കണക്കാക്കുകയില്ലെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**തദ്ദേശ സ്വയംഭരണ പരിഷ്കരണ കമ്മീഷൻ**

345 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ -

എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനത്തിന് ടേംസ് ഓഫ് റഫറൻസ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) കമ്മീഷന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വിശദമാക്കാമോ?

## സർക്കാർ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നത്

346 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെയും മറ്റ് സർക്കാർ വകുപ്പുകളുടെയും മേൽനോട്ടത്തിൽ നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച് നികുതി നിശ്ചയിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയർ കൂടി പരിശോധന നടത്തേണ്ടതുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിലെ ക്ഷമതയുള്ള എഞ്ചിനീയർമാരുടെ ഒപ്പുള്ള സാക്ഷ്യപത്രം, പ്ലാനുകൾ എന്നിവ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ റിപ്പോർട്ട് കൂടി ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ ആവശ്യമുണ്ടോയെന്ന് വിശദമാക്കാമോ?

## ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ്

347 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നത് എന്ന് മുതലാണെന്ന് അറിയിക്കുമോ; ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നിട്ട് വകുപ്പിന്റെ കാര്യശേഷി വർദ്ധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) നിലവിൽ വകുപ്പിന് ഫംഗ്ഷണൽ മാനുവൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഫംഗ്ഷണൽ മാനുവൽ പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) 23.08.2023-തീയതിയിലെ ജി.ഒ.(ആർ. റ്റി)നം.1722/2023/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിങ് വിഭാഗത്തിന്റെ പ്രശ്നങ്ങൾ പഠിക്കുന്നതിന് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

## കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കാൻ നടപടി

348 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ വൈദ്യുത ശ്മശാനങ്ങൾ

349 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് വൈദ്യുത ശ്മശാനങ്ങൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വൈദ്യുത ശ്മശാനം നിലവിലില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അവ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്നും അറിയിക്കാമോ?

## തെരുവ് നായ ആക്രമണം

350 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ആക്രമണങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞവർഷം സംസ്ഥാനത്ത് തെരുവുനായ്ക്കളാൽ ആക്രമിക്കപ്പെട്ടിട്ടുള്ളവരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഉടമസ്ഥരില്ലാത്ത ഉയർന്ന ഇനം ബ്രീഡുകളിൽപ്പെട്ട നായകളും തെരുവുകളിൽ കാണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് എത്ര തെരുവുനായകൾ ഉള്ളതായാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഉയർന്ന ഇനം ബ്രീഡുകളിൽപെട്ട നായകളെ വളർത്തി പരമാവധി ഉപയോഗപ്പെടുത്തിയ ശേഷം തെരുവിലേക്ക് വലിച്ചെറിയുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ വളർത്തു നായകളെ അവയുടെ വാർദ്ധക്യത്തിലും അനാരോഗ്യത്തിലും തെരുവുകളിൽ ഉപേക്ഷിക്കുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് തെരുവുനായകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് തടയുന്നതിനായി എന്തൊക്കെ പുതിയ മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## അനധികൃതമായി സ്ഥാപിച്ച പരസ്യ ബോർഡുകൾ നീക്കം ചെയ്യാത്തതിന് പിഴ

351 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയോരങ്ങളിലും നടപ്പാതകളിലും അനധികൃതമായി സ്ഥാപിച്ച ഫ്ലെക്സ് ബോർഡുകളും ബാനറുകളും കൊടി തോരണങ്ങളും നീക്കിയില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് പിഴയടക്കേണ്ടി വരുമെന്ന സർക്കാർ നിർദ്ദേശപ്രകാരം കേരളത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് പിഴയടയ്ക്കേണ്ടി വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ; എത്ര രൂപ പിഴയായി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## തോട്ടം മേഖലയിലെ പ്രവൃത്തികൾ

352 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ തോട്ടം മേഖലകളിലെ റോഡുകൾ, വഴികൾ, പാലങ്ങൾ, കെട്ടിടങ്ങൾ മുതലായവ ഉൾപ്പെട്ടുവന്നിട്ടില്ലാത്തതിനാൽ തോട്ടം മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പ്രത്യേക ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണപുരോഗതി

353 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2024-25 സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവ്വഹണത്തിന്റെ നാളിതുവരെയുള്ള പുരോഗതി ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്താൻ നടപടി

354 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏതൊക്കെ തസ്തികകളിലാണ് ഒഴിവുകളുള്ളതെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ വികസന പ്രവർത്തനങ്ങളും പൊതുജന സേവനങ്ങളും വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും അവർക്കുള്ള പരിരക്ഷയും

355 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യനിർമ്മാർജ്ജനത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്താകെയുള്ള ഹരിതകർമ്മസേനാംഗങ്ങളുടെ അംഗസംഖ്യയും അതിലെ അംഗങ്ങളുടെ വരുമാനം സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഹരിതകർമ്മസേനാംഗങ്ങളുടെ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി പ്രത്യേക പദ്ധതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ലൈഫ് ഭവന നിർമ്മാണ പദ്ധതി</u>

356 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലൂടെ എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളതെന്നും അതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## <u>തെരുവ് നായ്ക്കളുടെ ആക്രമണം തടയാൻ നടപടി</u>

357 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തകഴി സ്വദേശിനിയായ വയോധികയെ തെരുവ് നായ്ക്കൂട്ടം കടിച്ചു കൊന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതു തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) പൊതു ഇടങ്ങളിൽ മത്സ്യ-മാംസ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതു തടയുന്നതിനും, തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിച്ചുവരുന്നത് തടയാനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>തെരുവ് നായ ആക്രമണം</u>

358 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ എത്ര തെരുവ് നായ ആക്രമണങ്ങൾ ഉണ്ടായിയെന്നും എത്രപേർ തെരുവ് നായയുടെ കടിയേറ്റ് മരണപ്പെട്ടുവെന്നുമുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ?

## <u>പാലക്കാട് ജില്ലയിലെ ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി</u>

359 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയിലൂടെ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**<u>മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ</u>**

360 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഒഴിച്ചുള്ള മറ്റ് തദ്ദേശ സ്വയംഭരണ ഓഫീസുകളിൽ നിന്നും വിരമിക്കുന്ന മുൻസിപ്പൽ കോമൺ സർവീസ് ജീവനക്കാർക്ക് PEN അനുവദിച്ചാൽ പ്രിസം സംവിധാനം മുഖേന കാലതാമസമില്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയുമോയെന്നത് പരിശോധിക്കുമോ; 2024 മെയ് മാസത്തിൽ പെൻഷൻ ആയ എത്ര ജീവനക്കാർക്ക് ഇനി പെൻഷൻ ലഭിക്കാനുണ്ട്; പെൻഷൻ ലഭിക്കാനുള്ളവരുടെ വിശദാംശം ലഭ്യമാക്കുമോ; ഇവർക്ക് എപ്പോൾ പെൻഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഏകീകൃത ശമ്പള വിതരണം നിലവിലില്ലാത്തത് മൂലം വകുപ്പ്/ഓഫീസ് മാറി നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് പഴയ ഓഫീസിൽ/കാലയളവിൽ ലഭിക്കാനുള്ള ശമ്പള കുടിശിക, ശമ്പള പരിഷ്കരണ കുടിശിക, പി.എഫ്. താൽക്കാലിക വായ്പ, എൻ.ആർ.എ, ടെർമിനൽ സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഏകദേശം 800 കോടിയോളം രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് നഗരസഭകൾക്ക് നൽകാത്തതിനാൽ പെൻഷനും പെൻഷൻ പരിഷ്കരണമുൾപ്പെടെയുള്ള ആനുകൂല്യങ്ങളും സമയബന്ധിതമായി പഴയ മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ലഭ്യമാകാത്ത സാഹചര്യം ഒഴിവാക്കുന്നതിന് എന്ത് പരിഹാര നടപടിയാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥാനക്കയറ്റത്തിലൂടെ ഗസറ്റഡ് ജീവനക്കാരനായി നിയമനത്തിനർഹതയുള്ള മുൻസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർക്ക് PEN ഇല്ലാത്തത് മൂലം മറ്റ് വകുപ്പുകളിൽ നിലവിലുള്ളത് പോലെ സ്കോർ സംവിധാനം മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ സാധിക്കാത്തതിനാൽ അർഹമായ പ്രമോഷൻ അനിശ്ചിതമായി നീണ്ടു പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും; ഇത്തരത്തിൽ സംഭവിക്കുന്നത് മൂലം താഴേക്കുള്ള എല്ലാ തസ്തികളിലെ പ്രമോഷനെ ബാധിക്കുന്നതിനാൽ ആയത് ഒഴിവാക്കുന്നതിനും എന്ത് പരിഹാരമാർഗ്ഗമാണ് നിർദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) മുനിസിപ്പൽ സർവീസിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ 19.12.2022 മുതൽ എത്ര ഒഴിവ് നിലവിൽ ഉണ്ട്; 19.12.2022-ലെ E6/DUA/5387/2022 നമ്പർ ഉത്തരവിന് ശേഷം നാളിതുവരെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്ക് പ്രൊമോഷൻ നടക്കാത്തതെന്താണെന്ന് വ്യക്തമാക്കാമോ; തിരുവനന്തപുരം

നഗരസഭയിൽ ഡെപ്യൂട്ടി സെക്രട്ടറിക്ക് പകരമുള്ള ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറിയുടെ തസ്തിക എത്രയെണ്ണം ഒഴിഞ്ഞ് കിടക്കുന്നുവെന്നും ആയത് നികത്തുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത തസ്തിക ഒഴിച്ചിട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>ലൈഫ് പദ്ധതി</u>

361 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം 2021 ഏപ്രിൽ മുതൽ 2024 മാർച്ച് 31 വരെ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്;

(സി) ലൈഫ് പദ്ധതിയിലേയ്ക്ക് പുതിയ അപേക്ഷകൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

## <u>തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രൊമോഷൻ</u>

362 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചപ്പോൾ അതിന്റെ ഭാഗമായ നഗരകാര്യ ഡയറക്ടറേറ്റിൽ ജോലിചെയ്യുന്നവരിൽ നിന്ന് മാത്രമുള്ള സീനിയർ ക്ലാർക്കുമാർ പ്രൊമോഷനായി ജൂനിയർ സൂപ്രണ്ട് ആകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വകുപ്പിലെ മറ്റ് ജീവനക്കാർക്ക് ഇല്ലാത്ത ആനുകൂല്യം എങ്ങനെ സാധ്യമായിയെന്ന് അറിയിക്കാമോ; വിശദമാക്കാമോ;

(ബി) മറ്റെല്ലാ തദ്ദേശസ്വയംഭരണ വകുപ്പുകളിലും ഹെഡ് ക്ലാർക്ക് /റവന്യൂ ഇൻസ്‌പെക്ടർ തസ്തികയിൽ നിന്ന് മാത്രമേ ജൂനിയർ സൂപ്രണ്ട് പ്രൊമോഷൻ ലഭിക്കുകയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മുൻസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും എച്ച്.സി., ആർ.ഐ., ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ, കൗൺസിൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകളിൽ ഗ്രാമവികസനം, പഞ്ചായത്ത്, അർബൻ അഫയേഴ്സ്, തദ്ദേശ സ്വയംഭരണ എൻജിനീയറിങ് എന്നീ വകുപ്പുകളിൽനിന്നും എത്ര ജീവനക്കാരെ പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ മുഖേന നിയമിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ഡി) മുനിസിപ്പൽ കോമൺ സർവീസിൽ ജോലിയിൽ പ്രവേശിക്കുകയും എൽ.എസ്.ജി.ഡി. പൊതു സർവീസിന്റെ ഭാഗമായി എൽ.എസ്.ജി.ഡി ജോയിന്റ് ഡയറക്ടർ ഓഫീസിലേക്ക് സ്ഥലംമാറ്റം ലഭിച്ച്, അവിടെ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി, ഇ.എൽ. ടെർമിനൽ സറണ്ടർ എന്നിവ അനുവദിക്കേണ്ട ഓഫീസ്, അധികാരി എന്നിവ അറിയിക്കുമോ;

(ഇ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അംഗീകരിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച ഡി.ഇ.വി-4/267/2023--Part(1) -കമ്പ്യൂട്ടർ നമ്പർ 2828967 ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പെൻഷൻ ആനുകൂല്യങ്ങളെ സംബന്ധിച്ച് നിലവിലുള്ള ഫയലുകളായ ഇ.യു./ എൽ.എസ്.ജി.ഡി./2624752, ഫിനാൻസ് ഫയൽ നമ്പർ. 2870741/റൂൾസ് ഫിനാൻസ് എന്നിവയിൽ ഉണ്ടായിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ; ഇവയിൽ ഉത്തരവ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ;

(എഫ്) മുനിസിപ്പൽ കോമൺ സർവീസിൽ ജോലിയിൽ പ്രവേശിക്കുകയും എൽ.എസ്.ജി.ഡി. പൊതു സർവീസിന്റെ ഭാഗമാകുകയും ഇപ്പോൾ ഡെപ്യൂട്ടേഷനിൽ ജോലിനോക്കുകയും ചെയ്യുന്ന ജീവനക്കാർ വിരമിക്കുമ്പോൾ അവരുടെ പെൻഷൻ, കമ്മ്യൂട്ടേഷൻ, ഡി.സി.ആർ .ജി, ഇ.എൽ. ടെർമിനൽ സറണ്ടർ എന്നിവ അനുവദിക്കേണ്ട ഓഫീസ്, അധികാരി എന്നിവ അറിയിക്കുമോ?

## <u>പയ്യന്നൂർ മണ്ഡലത്തിലെ കോറോത്തെ ലൈഫ് ഫ്ലാറ്റ് നിർമ്മാണ പദ്ധതി</u>

363 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കോറോത്തെ ലൈഫ് ഫ്ലാറ്റ് നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) നിർമാണപ്രവൃത്തി നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് നിർമ്മാണം നിർത്തിവെച്ചതെന്ന് വിശദമാക്കാമോ;

(സി) സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണം പുനരാരംഭിക്കുവാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കെട്ടിട നികുതി കുടിശ്ശിക</u>

364 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പിരിച്ചെടുക്കേണ്ട കെട്ടിടനികുതി കുടിശ്ശിക സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ മന്ദഗതിയിൽ ആണെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(സി) കെട്ടിടനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പുതിയ എന്തെങ്കിലും കർമ്മ പദ്ധതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ലൈഫ് പദ്ധതി പ്രകാരം ധനസഹായം</u>

365 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് ഭവനം അനുവദിച്ചിട്ടുള്ളതെന്നും ഇവയുടെ ധനസഹായ തുകകൾ എത്രയാണെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഉള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ ?

## കോഴിക്കോട് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി

366 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ എത്ര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഉണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്താൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പേരാമ്പ്ര, പന്തലായനി, മേലടി ബ്ലോക്ക് പഞ്ചായത്തുകളിൽപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിൽ ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഗ്രേഡ് I, ഓവർസീയർ ഗ്രേഡ് II, ഓവർസീയർ ഗ്രേഡ് III തസ്തികകളിൽ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

## തെരുവ് നായ ശല്യം ഒഴിവാക്കാൻ ശാശ്വതനടപടി

367 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ എണ്ണം പെരുകി വരുന്നതും അവ ആക്രമണകാരികൾ ആകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ നിരവധി പേർ മരണപ്പെടാനിടയായ സാഹചര്യം ഗൗരവമായി കാണുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) പൊതുസ്ഥലങ്ങളിൽ തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന് ശാശ്വതമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## എൽ.എസ്.ജി.ഐ. സെക്രട്ടറി തസ്തികയിലെഒഴിവുകൾ

368 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതു സർവീസ് രൂപീകരിച്ച ശേഷം സെക്രട്ടറി എൽ.എസ്.ജി.ഐ. തസ്തികയിൽ ആകെ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ, ഏകീകരണം നിലവിൽ വരുന്നതിന് മുൻപുണ്ടായിരുന്ന പഞ്ചായത്ത് വകുപ്പിലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ഗ്രാമ വികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, നഗരകാര്യ വകുപ്പിലെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികകളിൽ നിന്ന് എത്ര വീതം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

## ഗ്രാമപഞ്ചായത്തുകളിലെ ഒഴിവുകൾ

369 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് വകുപ്പിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; തസ്തിക അടിസ്ഥാനത്തിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഒഴിവുകൾ വരുന്ന മുറയ്ക്ക് തന്നെ അവ നികത്തുന്നതിന് സാധിക്കുന്നുണ്ടോ; അതിനാവശ്യമായ എന്തെല്ലാം ക്രമീകരണങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2025 ജനുവരി 1 മുതൽ 2026 മേയ് 31 വരെ പഞ്ചായത്ത് വകുപ്പിൽ വിരമിക്കലിന്റെ ഭാഗമായി വരുന്ന ഒഴിവുകളുടെ എണ്ണം, തസ്തിക, ഒഴിവു വരുന്ന മാസം എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) പഞ്ചായത്തുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ ആർ.കെ.ഐ. പ്രകാരമുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ

370 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരമുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് വിശദമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ കുടുംബങ്ങളുടെ വിവരങ്ങൾ

371 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ കുടുംബങ്ങളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ 2023-24 സാമ്പത്തിക വർഷം ലഭിച്ച കെട്ടിട നികുതിയുടെ വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

## ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണം

372 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണത്തിന് കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) മാർക്കറ്റ് നവീകരണത്തിന് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെയാണെന്നും ഇവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

**കടുത്തുരുത്തി ഗവ:പോളിടെക്നിക്കിന്റെ പഞ്ചായത്ത് വക സ്ഥലം വിവിധ ആവശ്യങ്ങൾക്ക് കൈമാറൽ**

373 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ പഞ്ചായത്ത് വക സ്ഥലം സംബന്ധിച്ച് എൽ.എസ്.ജി.ഡി./ആർ.ഇ1/13/2024 നമ്പർ ഫയലിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ കത്തിന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിർദ്ദിഷ്ടഭൂമിയുടെ ബി.റ്റി.ആർ. ന്റെ പകർപ്പ് ലഭ്യമായിട്ടുണ്ടോയെന്നും കടുത്തുരുത്തി പോളിടെക്നിക്കിന് വിട്ടു നൽകിയിരുന്ന വസ്തുവിന്റെ സർവ്വേ നമ്പരും നിലവിൽ ലഭ്യമാക്കിയിട്ടുള്ള സർവ്വേ നമ്പരും വ്യത്യസ്തമായതിനാൽ ആയത് സംബന്ധിച്ച് കടുത്തുരുത്തി വില്ലേജ് ഓഫീസറിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ; ഇത് സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട വിവരങ്ങൾക്ക് ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ;

(സി) കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്കിന്റെ പഞ്ചായത്ത് വക സ്ഥലം വിവിധ ആവശ്യങ്ങൾക്ക് കൈമാറൽ സംബന്ധിച്ച ഫയലിൽ നാളിതുവരെ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ?

**പനങ്ങാട് വാതക ശ്മശാന**

374 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ച പനങ്ങാട് ഗ്രാമപഞ്ചായത്തിലെ വാതക ശ്മശാനത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ശ്മശാനത്തിന്റെപ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**എരുമേലി ഗ്രാമപഞ്ചായത്ത് വക സ്ഥലം ഫയർ സ്റ്റേഷനും എക്സൈസ് ഓഫീസിനും വിട്ടു നല്കുന്നതിനുള്ള നടപടി**

375 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ എരുമേലി തെക്ക് വില്ലേജിൽപ്പെട്ട ഓരുങ്കൽ കടവിലുള്ള 51.05 സെന്റ് വസ്തുവിൽനിന്നും 6.72 ആർ സ്ഥലം ഫയർ

സ്റ്റേഷൻ സ്ഥാപിക്കുന്നതിനായും 7.25 ആർ സ്ഥലം എക്സൈസ് ഓഫീസ് സ്ഥാപിക്കുന്നതിനായും സൗജന്യമായി വിട്ടുനൽകുന്നതിനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 23.04.2022 തീയതിയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ഉടുമ്പൻചോല മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഒഴിവുള്ള തസ്തികകൾ

376 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന പഞ്ചായത്തുകൾ ഏതൊക്കെയെന്ന് തസ്തിക, പഞ്ചായത്ത് എന്നിവ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതി നിർവഹണം ത്വരിതഗതിയിലാക്കേണ്ട ഘട്ടത്തിൽ പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## തിരുവമ്പാടി മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ നിർമ്മാണം

377 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി തിരുവമ്പാടി മണ്ഡലത്തിൽ നിന്നും സമർപ്പിക്കപ്പെട്ട പ്രവൃത്തികളും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

## ത്രിതല പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ

378 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോയെന്നും അവസാനമായി ഏതു വർഷമാണ് വർക്ക് സ്റ്റഡി നടത്തിയിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫുകളുടെ എണ്ണം ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ബി) വാർഡുകളുടെ എണ്ണം കുറഞ്ഞ പഞ്ചായത്തുകളിലും 23 വാർഡുകൾ വരെയുള്ള വലിയ ഗ്രാമപഞ്ചായത്തുകളിലും ഒരേ സ്റ്റാഫ് പാറ്റേൺ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഗ്രാമ പഞ്ചായത്തുകളിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

379 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം മുനിസിപ്പാലിറ്റിയിലെയും കോർപ്പറേഷനിലെയും പോലെ ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

## ഗ്രാമപഞ്ചായത്തുകളിലെ ജൂനിയർ സൂപ്രണ്ട് തസ്തിക

380 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ പ്രതിപാദിക്കും പ്രകാരം ആറിൽ കൂടുതൽ ക്ലർക്കുമാർ ഉണ്ടായിട്ടും സൂപ്പർവൈസറി തസ്തികയായ ജൂനിയർ സൂപ്രണ്ട് തസ്തികകൾ അനുവദിക്കാത്ത ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ഹെഡ്ക്ലർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടായി പരിവർത്തനം ചെയ്യുന്നതുമായി ബന്ധപ്പെട്ട തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതര വകുപ്പുകളിലെല്ലാം പ്രസ്തുത അനുപാതം കൃത്യമായി നടപ്പിലാക്കുമ്പോൾ വിവിധ വികസന/ക്ഷേമ പ്രവർത്തങ്ങൾ താഴെ തട്ടിൽ നടപ്പിലാക്കുന്നതും ജനങ്ങളുമായി ഏറ്റവുമധികം ഇടപെടുന്നതുമായ പഞ്ചായത്ത് വകുപ്പ് ആവശ്യപ്പെട്ട കാര്യം പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണം

381 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണം സംബന്ധിച്ച പ്രൊപ്പോസലിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## ഇടുക്കി ജില്ലയിലെ വട്ടവട-കാന്തല്ലൂർ റോഡ് നിർമ്മാണം

382 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ വട്ടവട-കാന്തല്ലൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത റോഡിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## ഉടുമ്പൻചോല മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ വികസനം

383 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ലെ സംസ്ഥാന ബഡ്ജറ്റിൽ ഗ്രാമീണ റോഡുകൾക്കായി മാറ്റിവച്ചിരുന്ന ആയിരം കോടി രൂപ പ്രയോജനപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിൽ എത്ര കോടി രൂപയുടെ ഗ്രാമീണ റോഡുകളുടെ വികസനത്തിനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഗ്രാമീണ റോഡുകളുടെ വികസനത്തിനായി ഫണ്ട് അനുവദിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) ആയിരം കോടി രൂപ മുതൽ മുടക്കുന്ന ഗ്രാമീണ റോഡുകളുടെ വികസന പദ്ധതി എത്ര നാളുകൾക്കുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

**<u>അങ്കമാലി നഗരസഭയിലെ റോഡ് നവീകരണം</u>**

384 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ 2023-24 ബജറ്റിൽ അങ്കമാലി നഗരസഭ പരിധിയിൽ കല്ലുപാലം-കിഴക്കേപള്ളി-വാപ്പാലശ്ശേരി-പറക്കുളം റോഡ് നവീകരണ പ്രവൃത്തിക്ക് 02.03.2024 തീയതിയിൽ സർക്കാർ ഭരണാനുമതി നൽകിയെങ്കിലും നാളിതുവരെയായി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച് 11 മാസം പിന്നിട്ടെങ്കിലും പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; മഴക്കാലം ആരംഭിക്കുന്നതിന് മുമ്പായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>തിരുനെൽവേലിയിൽ മെഡിക്കൽ മാലിന്യംതള്ളിയ സംഭവം</u>**

385 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ നിന്നുള്ള മെഡിക്കൽ മാലിന്യമടക്കമുള്ളവ തിരുനെൽവേലിയിൽ തള്ളിയ സംഭവത്തിൽ പ്രതിസ്ഥാനത്തായ സൺ ഏജ് എക്കോസിസ്റ്റം എന്ന കമ്പനിക്ക് മാലിന്യം ശേഖരിക്കുന്നതിനോ സംസ്കരിക്കുന്നതിനോ കോർപ്പറേഷൻ അംഗീകാരം നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അംഗീകാരം നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം അംഗീകാരത്തിനായി കോർപറേഷന് നൽകിയ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് അംഗീകാരം നൽകുന്നതിന് മുമ്പ് പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള പ്ലാന്റ്, ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ എന്നിവ സ്ഥാപനത്തിന് ഉണ്ടെന്ന് കോർപറേഷൻ ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള അടിസ്ഥാന സംവിധാനങ്ങൾ പ്രസ്തുത സ്ഥാപനത്തിനുണ്ടോയെന്ന് അംഗീകാരം നൽകുന്നതിന് മുൻപ് കോർപ്പറേഷൻ പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്ലാസ്റ്റിക് ഉൾപ്പെടയുള്ള അജൈവ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട് എന്ന് പ്രസ്തുത കമ്പനി കോർപ്പറേഷന് നൽകിയ അപേക്ഷയിൽ പറഞ്ഞിട്ടുണ്ടോ; കോർപ്പറേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത പ്ലാന്റ് സന്ദർശിച്ചതിന്റെ വിവരങ്ങളും രേഖകളും ലഭ്യമാക്കാമോ?

**<u>ആശുപത്രിമാലിന്യം തിരുനെൽവേലിയിൽ നിക്ഷേപിച്ച സംഭവം</u>**

386 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രിമാലിന്യം അടക്കമുള്ള മാലിന്യം തിരുനെൽവേലിയിൽ നിക്ഷേപിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ?

**<u>കഴക്കൂട്ടം വാർഡിലെ ശാന്തിതീരം, ഷീ ലോഡ്ജ് എന്നിവയുടെ പ്രവർത്തനം</u>**

387 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ കഴക്കൂട്ടം വാർഡിലെ പുല്ലാട്ടുകരയിൽ ഉദ്ഘാടനം ചെയ്ത ശാന്തിതീരം പൊതുശ്മശാനത്തിന്റെ പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ;

(ബി) നിലവിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കാത്ത സ്ഥിതി വിശേഷം സർക്കാരിന്റെ സൽപ്പേരിനെ ബാധിക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കഴക്കൂട്ടം ജംഗ്ഷനിലുള്ള, നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ഷീ ലോഡ്ജ് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

വിശദമാക്കുമോ;

(ഇ) പ്രസ്തുത ഷീ ലോഡ്ജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കയാണെന്നും എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്നും അറിയിക്കുമോ?

**<u>തിരുവനന്തപുരം നഗരത്തിൽ നിന്നുള്ള മാലിന്യം തിരുനൽവേലിയിൽ തള്ളിയ സംഭവം</u>**

388 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ നിന്നും മെഡിക്കൽ മാലിന്യം അടക്കം തിരുനെൽവേലിയിൽ തള്ളിയ സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ട സ്ഥാപനത്തിന് അംഗീകാരം നൽകിയിരുന്നോ എന്നു വ്യക്തമാക്കാമോ;

(സി) പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള പ്ലാന്റ്, ജി. പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ എന്നിവ പ്രസ്തുത സ്ഥാപനത്തിന് ഉണ്ടെന്ന് അംഗീകാരം നൽകുന്നതിന് മുൻപ് കോർപ്പറേഷൻ ഉറപ്പു വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>തിരുവനന്തപുരം നഗരസഭാ പരിധിയിൽ കക്കൂസ് മാലിന്യം ഒഴുക്കി വിടുന്നതിനെതിരെ സ്വീകരിച്ച നടപടികൾ</u>**

389 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള ഓടകളിലും, ജലസ്രോതസ്സുകളിലും കക്കൂസ് മാലിന്യം ഒഴുക്കി വിടുന്നതിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) നഗരസഭ പരിധിയിലെ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനും സ്വാഭാവിക ജല ലഭ്യത ഉറപ്പാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
17-01-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].